സൌരം

ശാരദാതിലകം

പടലം 14

ഡോ.സുവർണ്ണ നാലപ്പാട്ട്.

ശാരദാതിലകം ചതുർദ്ദശപടലം

ഡോ.സുവർണ്ണ നാലപ്പാട്ട്

ഉള്ളടക്കം

സൌരപ്രകരണം

സോമഷഡക്ഷരമന്ത്രം

ഋഷ്യാദി,ധ്യാനം പുരശ്ചരണാദി

പത്മപാദോക്തപീഠശക്തികൾ

ആദിത്യാദിഗ്രഹധ്യാനം

പ്രയോഗം

വിദ്യാമന്ത്രം

സോമയന്ത്രം

സൂര്യമന്ത്രം ഋഷ്യാദി

തൈത്തരീയശാഖോക്ത ഋക്ക്

ധ്യാനം

അബ്ജമുദ്ര,വിംബമുദ്ര

പീഠമന്ത്രം

മൂർത്തികല്പനമന്ത്രം

ഋഷ്യാദി

സൂര്യാർഘ്യദാനനിയമം

പ്രസ്ഥമാനം

പ്രയോജനതിലകമന്ത്രം

ഋഷ്യാദി,ധ്യാനം,പുരശ്ചരണാദി

അംഗധ്യാനം

ആചാര്യോക്തവിധി

പ്രയോഗസാരോക്തവിധി

മാർത്താണ്ഡഭൈരവബീജം

ബിംബബീജം

ഋഷ്യാദി,ധ്യാനം പുരശ്ചരണാദി

അജപാമന്ത്രം

ഋഷ്യാദി ധ്യാനം പുരശ്ചരണാദി

ഹംസവതീഋക്ക്

സാധനവിധി

തന്ത്രാന്തരോക്തവിശേഷവിധി

അഗ്നിമന്ത്രം ഋഷ്യാദി ധ്യാനം പുരശ്ചരണാദി

സപ്തജിഹ്വാമുദ്ര

ആസനമന്ത്രം

തുരഗാഗ്നിമന്ത്രം

ഋഷ്യാദി,ധ്യാനം പുരശ്ചരണാദി

മൃഗമുദ്രാ

1. അഥോച്യതേ ചന്ദ്രമസോമനുഃ സർവ്വസമൃദ്ധിദഃ

ഖഡ്ഗീശസ്ഥോ ഭൃഗുർബിന്ദുർമനുസ്വരസമന്വിതഃ

2. സോമായ ഹൃദയാന്തോയം മന്ത്രഃപ്രോക്തഃഷഡക്ഷരഃ
   ഋഷിരുക്തോഭൃഗുഃഛന്ദഃപംക്തിഃസോമോസ്യ ദേവതാ
3. ദീർഘഭാജാ സ്വബീജേന മനോരംഗക്രിയാമതാഃ

സംസ്കൃതഭാഷ്യം

അഥക്രമപ്രാപ്താൻ സൌരമന്ത്രാന് വക്തുകാമസ്തസ്യ തേജസ്തൃയാത്മകത്വാ ദാന്ത്യന്തയോഃ സോമാഗ്ന്യോർമ്മന്ത്രാന് വദന് തന്മന്ത്രാന് വക്തുമുപക്രമതേ അഥേതി. സർവ്വസമൃദ്ധിദ ഇതി വിനിയോഗോക്തിഃ മന്ത്രമുദ്ധരതി ഖഡ്ഗീശേ തി.ഖഡ്ഗീശോ വഃ തത്സ്ഥോ ഭൃഗുഃ സഃ മനുസ്വരഃചതുർദ്ദശാക്ഷര ഔ ബിന്ദുശ്ച തദ്യുക്തഃതേന സൌം. പ്രയോഗസാരേ തുഃ-
സവൌബിന്ദ്വാദിസോമായനമോമന്ത്രഃപ്രകീർത്തിതഃഇതി.
ക്വചിദ്ബിന്ദുമാനോസ്വര ഇതി പാഠഃ നാരായണീയേ ച ആചാര്യേശ്ച സൌമി ത്യുദ്ധൃതം .അന്യേതു ഇദം മൃത്യുഞ്ജയബീജം. ഏതദാദ്യോ ഗ്രന്ഥകൃതാനുദ്ധൃത ഇതി വദന്തി. സൌം ബീജം. ആയേതി ശക്തി. പത്മപാദാചാര്യൈർമ്മേതി ശക്തിരുദ്ധൃതാ.അന്യത്ര തു –ഋഷിരത്രിർവിരാട് ഛന്ദോബീജമാദ്യമുദാഹൃതം നമഋശക്തിഃഇതി.പ്രണവപ്രാസാദസംപുട ഇതി കേചന. ശ്രീകാമൈഃ ശ്രീപുടഃ കാര്യ ഇത്യപരേ. സ്വബീജേനേതി. മന്ത്രാദ്യബീജേന സ്വ ഇതി ബീജേന വാ.

മലയാളം ഭാഷ്യം

ക്രമപ്രകാരം സൌരമന്ത്രം പറയാനാരംഭിക്കുന്നു.സൂര്യന്റെ തേജസ്സ്രയാത്മക ത്വത്താൽ ആദ്യം സോമമന്ത്രം, അഗ്നിമന്ത്രം എന്നിവ പറഞ്ഞശേഷമേ സൌ രമന്ത്രം പറയുകയുള്ളൂ. അതിനാൽ അവ ആദ്യം പറയുന്നു. വിനിയോഗം സർവ്വസമൃദ്ധിദം. ഖഡ്ഗീശം വ. അതിലിരിക്കുന്ന ഭൃഗു സഃ ചതുർദ്ദശാക്ഷരം മനുസ്വരം. ഔ. ബിന്ദുവും ചേർന്ന് സൌം. പ്രയോഗസാരത്തിൽ സവൌ ബിന്ദ്വാദിസോമായ നമോ എന്ന് സോമമന്ത്രത്തെ പ്രകീർത്തിക്കുന്നു. നാരാ യണീയവും ആചാര്യരും സൌം എന്ന് തന്നെ ഉദ്ധരിക്കുന്നു.ഇത് മൃത്യുഞ്ജയ ബീജവുമാണ്.സൌം ബീജം,ആയ ശക്തി. സോമായ. ഷഡക്ഷരമന്ത്രമാണ് .

ഋഷി ഭൃഗു. ഛന്ദസ്സ് പംക്തി.ദേവത സോമൻ. ദീർഘസ്വരങ്ങളോടുകൂടി സ്വബീജം ഉച്ചരിച്ച് മനസ്സിൽ അംഗക്രിയ(അംഗന്യാസം) ചെയ്യണം. മറ്റൊരിടത്ത് ഋഷി അത്രി,ഛന്ദസ്സ് വിരാട്,ശക്തി നമഃ എന്നും കാണാം. അത്രിക്കും അനസൂയക്കും ഉണ്ടായ പുത്രനാണ് ചന്ദ്രൻ. സോമവംശമാണ് ഭൃഗുവംശവും.പ്രണവപ്രസാദത്താൽ സമ്പുടമായി എന്ന് പറയപ്പെടുന്നു. ശ്രീകാമികൾ ശ്രീപുടമായി എന്നും ഒരുലക്ഷം .സ്വബീജം മന്ത്രാദ്യബീജമായ സ്വ. (വയും സയും കൂടി സ്വ)

4. കർപ്പൂരസ്ഫടികാവദാതമനിശം പൂർണ്ണേന്ദുബിംബാനനം
   മുക്താദാമവിഭൂഷിതേന വപുഷാനിർമ്മൂലയന്തം തമഃ
   ഹസ്താഭ്യാം കുമുദം വരംചദധതം നാലാലകോദ്ഭാസിതം
   സ്വസ്യാംകസ്ഥമൃഗോദിതാശ്രയഗുണം സോമം സുധാബ്ധിം ഭജേ

സംസ്കൃതഭാഷ്യം

ധ്യാനമാഹ കർപ്പൂരേതി. ദക്ഷിണവാമാഭ്യാം കുമുദവരേ. ക്വചിദ്ധനമിതിപാഠഃ ധനം നിധിപാത്രം. അംഗസ്ഥമൃഗാദ് ഉദിതഉത്പന്നഃആശ്രയഗുണോ നീലിമാ യത്ര. തേനാങ്കോപി ധ്യേയഇത്യർത്ഥഃതദുക്തം-

ഭവതുഭവദഭീഷ്ടദ്യോതിതാംഗഃശശാങ്കഃഇതി. അഥവാ സ്വസ്യാംഗസ്ഥമൃഗേണോദിതആശ്രയഗുണഃസേവനീയഗുണോയേന കലംഗിത്വാപവാദേസത്യപ്യത്യാഗാത. സുധാബ്ധിം അമൃതസ്വരൂപം.

മലയാളം ഭാഷ്യം

കർപ്പൂരം,സ്ഫടികം,പോലെ പൂർണ്ണചന്ദ്രമുഖം മുത്തുമാലകള് അണിഞ്ഞശരീര ത്താൽ തമസ്സിനെ പൂർണ്ണമായി(നിർമ്മൂലം)അവസാനിപ്പിക്കുന്ന കാന്തി,കയ്യിൽ കുമുദം,വരദം,അഭയം. നീലാളകോദ്ഭാസിതമായ സുന്ദരമുഖം, സ്വന്തം മടിയി ലിരുത്തിയ മൃഗത്തിന് ആശ്രയം കൊടുക്കുക എന്ന ആശ്രയഗുണത്താലാണ് നീലിമ എന്ന് സൂചിതം. അപ്രകാരം അമൃതസാഗരമായ സുധാസിന്ധുവായ സോമനെ ഭജിക്കുന്നു. പൂർണ്ണകലയുള്ള ചന്ദ്രനിലെ നീലിമ (കളങ്കം)എന്ന

കലാപവാദം സേവിക്കുന്ന ഭക്തർക്ക് ആശ്രയം കൊടുക്കുകയാല് ആ സേവകഗുണഛരായ കൊണ്ട് ഉണ്ടായതാണ് .ചന്ദ്രൻ അമൃതസ്വരൂപമാണ്.

5. രസലക്ഷം ജപേന്മന്ത്രം സാധകോ വിജിതേന്ദ്രിയഃ
   ഷഡ്സഹസ്രം പ്രജുഹുയാത് പായസേന സസർപ്പിഷാ

സംസ്കൃതഭാഷ്യം-

രസലക്ഷം ഷഡ് ലക്ഷം.സാധകസത്തമഇത്യനേന വിദ്യാമന്ത്രസ്യ ദശാംശ ജപ ഉക്തഃ പ്രയോഗേപി തജ്ജപഃതത്ര ധനലാഭേ ശ്രീയോഗഃകവിത്വേ വാഗ്ഭ വയോഗഃ സുഖാദൌ പ്രണവയോഗ ഇതി പത്മപാദാചാര്യാഃ

മലയാളം ഭാഷ്യം

ആറുലക്ഷം വിജിതേന്ദ്രിയനായി ജപിച്ച് 6000 ആഹുതി പായസവും നെയ്യും സാധകൻ സമർപ്പിക്കുന്നു. സാധകസത്തമനെന്നതിനാലും വിദ്യാമന്ത്രത്തിന്റെ ജശാംശജപംപറഞ്ഞിരിക്കുന്നു. പ്രയോഗത്തിലും വിദ്യാജപം വേണം. ധനലാഭ ത്തിന് ശ്രീയോഗം, കവിത്വത്തിന് വാഗ്ഭവയോഗം,സുഖാദികൾക്ക് പ്രണവ യോഗം എന്ന് പത്മപാദർ.

6. സോമാന്തം പൂജിതേ പീഠേ പൂജയേദ്രോഹിമീപതിം
   അംഗാനികേസരേഷ്വസ്യസ്ത്വദ്ദേവ്യഃപത്രമദ്ധ്യഗാഃ
7. രോഹിണീകൃതികാഭ്രയോരേവതീഭരണീപുനഃ
   രാത്രിരാർദ്രാതതോജ്യോതിഃ കലാ ഹാരസമപ്രഭാഃ
8. സിതമാല്യാംബരധരാ മുക്താഹാരവിഭൂഷണാഃ
   പയോധരഭരാക്രാന്താ രചിതാജ്ജലയഃശുഭാഃ
9. വല്ലഭാസക്തമനസോമദവിഭ്രമമന്ഥരാഃ
   സമഭ്യർച്ച്യാഃസരോജാക്ഷ്യാശ്ചന്ദ്രബിംബനിഭാനനാ

സംസ്കൃതഭാഷ്യം

സോമാന്തമിതി. ചതുർത്തപടലേ തസ്മിൻസൂര്യേന്ദുപാവകാനിതി അനേന അഗ്നിമമ്ഡലാന്താ പൂജോക്താ.അത്ര തു സൂര്യാഗ്നിമണ്ഡലേ സംപൂജ്യഅന്തേ

സോമമണ്ഡലം പൂജനീയം. കശ്ചിത് സോമാന്തമിതി വഹ്നിമണ്ഡലേ പൂജാ നകർത്തവ്യേത്യാഹയതന്ന. അസാമ്പ്രദായികത്വാത്. മന്ത്രദേവപ്രകാശികാദി ബഹുഗ്രന്ഥവിരോധാച്ച. പീഠക്ലൃപ്തൌതു സോമാന്തമിതി. പ്രപഞ്ചസാരമന്ത്ര വ്യാഖ്യാനേ പത്മപാദാചാര്യൈഃപീഠാർച്ചനേ സൂര്യവഹ്നിമണ്ഡലാർച്ചനം കൃത്വാ തതഃ സോമമണ്ഡലമഭ്യർച്ച്യ തത്ര ഭഗവന്തമാവാഹയേദിത്യുക്തം. പൂജിതേ പീഠ ഇതി. പീഠനവശക്തിപൂജാപൂർവ്വകം പീഠമന്ത്രേണേതി പൂജിതേ പീഠ ഇതി. പീഠനവശക്തിപൂജാപൂർവ്വകം പീഠമന്ത്രേണേതി ശേഷഃ താശ്ച പീഠമന്ത്രാ അപി തന്ത്രാന്തരോക്താ ജ്ഞേയാഃ തദ്യഥാ-

അമൃതാതാരകാജ്യോത്സ്നാവിമലാവ്യാപിനീതഥാ
ചിത്രാചകൃത്തികാകാന്തിഃശ്രവണാനവശക്തയഃ
അമൃതാന്തേകലാത്മനേ സംവിത്പീഠായ തേ നമഃ ഇതി

പത്മപാദാചാര്യൈരന്യഃപീഠശക്തയ ഉക്താഃ

രാകാകുമുദ്വതീനന്ദാസുധാസഞ്ജീവനി ക്ഷമാ
ആപ്യായനീചന്ദ്രികാ ച ഹ്ലാദിനീ നവശക്തയഃ
പൂർവ്വാദിക്രമതോമന്ത്രീ നത്യന്താഃപൂജയേദികഃഇതി. കലേതി
ശക്തിനാമഃകലാമീശദലേഷു ഇത്യുക്തേ. ക്വചിദ് കരാലീതി ശക്തിനാമഃ
കരാലീച ക്രമാദിമാഃഇത്യുക്തേ. ഹാരസമപ്രഭാഃശ്വേതാ ഇത്യർത്ഥഃ

മലയാളം ഭാഷ്യം

നാലാംപടലത്തിൽ സൂര്യചന്ദ്രാഗ്നികളെ അഗ്നിമണ്ഡലത്തില് പൂജിക്കുന്നത് പറഞ്ഞു.സൂര്യാഗ്നിമണ്ഡലപൂജയിൽഅകത്ത് സോമമണ്ഡലപൂജ ചെയ്യണം. ഇവിടെ സോമാന്തം എന്ന ശ്ലോകം തുടങ്ങുന്നു.അതിനാൽ വഹ്നിമണ്ഡല ത്തിലെ പൂജ ചെയ്യേണ്ടതില്ല എന്നു വന്നാൽ അത് അസാമ്പ്രദായികമാവും. മന്ത്രദേവപ്രകാശിക മുതലായ ഗ്രന്ഥങ്ങൾക്കും വിരോധമാവും. പീഠനിശ്ചയ മാണ്,പീഠക്ലൃപ്തിയാണ് സോമാന്തപദം. പ്രപഞ്ചസാരതന്ത്രവ്യാഖ്യാനത്തിൽ പത്മപാദർ പീഠാർച്ചനയില് സൂര്യവഹ്നിമണ്ഡലാർച്ചനം ചെയ്ത് അതില് സോമമണ്ഡലം അർച്ചിച്ച് ഭഗവാനെ ആവാഹിക്കാന് പറയുന്നു.പീഠത്തിൽ

നവശക്തിപൂജാപൂർവ്വം പീഠമന്ത്രത്തോടെ ആവാഹനം . പീഠത്തിൽ രോഹിണീ പതിയായ ചന്ദ്രനെ കേസരത്തിൽ അഗങ്ങളോടും പത്രമദ്ധ്യത്തില് നവശക്തികളോടും കൂടി യജിക്കുന്നു. ഇവർ ക്രമത്തില് രോഹിണി,കൃതിക (കാർത്തിക) രേവതി,ഭരണി,രാത്രി,ആർദ്ര,ജ്യോതി,കല എന്ന് ഏഴാം ശ്ലോകത്തിൽ പറയുന്നു. തന്ത്രാന്തരത്തിൽ അമൃത,താരക,ജ്യോത്സ്ന,വിമല, വ്യാപിനി,ചിത്ര, കൃത്തിക,കാന്തി,ശ്രാവണം എന്നാണ് നവശക്തിനാമം.അമൃതാന്തേ കലാത്മനേ സംവിത് പീഠായ തേ നമഃ എന്നാണ് ധ്യാനം. പത്മപാദാചാര്യർ പറയുന്ന പീഠശക്തികൾഃ-രാകാ,കുമുദ്വതി,നന്ദ,സുധ,സഞ്ജീവനി, ക്ഷമ, ആപ്യായനി, ചന്ദ്രിക,ഹ്ലാദിനി. നവശക്തികളും കലാഹാരസമപ്രഭകൾ,വെളുത്തമാലയും വസ്ത്രവും മുത്തുമാലകളും ധരിച്ചവർ,ഉന്നതസ്തനങ്ങളാൽ കുനിഞ്ഞവർ,ജലം സൃഷ്ടിക്കുന്നവര്,ശുഭകൾ,വല്ലഭനായ ചന്ദ്രനിൽ ആസക്തമനസ്കർ, മദവിഭ്രമമന്ഥരകൾ,സരോജാക്ഷികൾ,ചന്ദ്രബിംബനിഭാനനകൾ ആയി അർച്ചിക്കപ്പെടുന്നു.പൂർവ്വാദിക്രമത്തിൽ, ഇവരെ പൂജിക്കണം. കല എന്നത് ശക്തിനാമമാണ്. ഈശാനദലത്തിൽ കല പൂജിക്കപ്പെടുന്നുണ്ട്.ഹാരസമപ്രഭാ എന്നാല് ശ്വേത എന്നർത്ഥം. (ഏഴാം ശ്ലോകത്തിൽ 8 ശക്തിനാമമേ പറഞ്ഞിട്ടുള്ളു).

10. ആദിത്യമണ്ഡലബുധമന്ദവാക്പതിരാഹവഃ
    ശുക്രകേതുയുതാഃപൂജ്യാ ദലാഗ്രേഷു ഗ്രഹാ ഇമേ
11. സ്വസ്വവർണ്ണാംബരോപേതാഃസ്വനാമാദ്യവർണ്ണബീജകാഃ
    രക്താരുണശ്വേതനീലപീതധൂമ്രസിതാസിതാഃ

സംസ്കൃതഭാഷ്യം

ആദിത്യേതി. മണ്ഡലഃഉദ്ധാരകഃമന്ദഃശനൈശ്ചരഃവാക്പതി ബൃഹസ്പതിഃതത്ര ചതുർദിക്ഷു ആദിത്യാദയഃഅഗ്നികോണാദിഷു ഭൌമാദയഃപൂജ്യാ ഇതി ജ്ഞേയം.യദാഹുഃ- പൂർവ്വദക്ഷിണപാശ്ചാത്യസൌമ്യപത്രാഗ്രകേ ക്രമാത് രവിശ്ചാന്ദ്രിർഗുരുഃശുക്രഃസംപൂജ്യാഃസാധകൈരമീ. ആഗ്നേയാദിഷു കോണേഷു ഭൌമമന്ദാഹികേതവഃ ഇതി. സ്വനാമ്നാം ആദ്യർണ്ണോഃആദ്യക്ഷരാണി സബിന്ദൂനി ബീജാനി യേഷാം തേ. ഏതേനേ ഗ്രഹാണാം മന്ത്രാഃസൂചിതാഃ ഗ്രഹയജ്ഞാംഗത്വേന തത്ര സൂര്യമന്ത്രം വക്ഷ്യതി. അന്യേഷാം സപ്താനാം അം

അംഗാരകായ നമഃഇത്യാദയോ ജ്ഞേയാഃ. അത്രാഗ്രേ ച പൂജായാമപി അയമേവ പ്രയോഗാനുസന്ധേയഃ

മലയാളം ഭാഷ്യം

ദലാഗ്രങ്ങളിൽ ആദിത്യമണ്ഡലം,ബുധൻ,ശനി,,ഗുരു,ചൊവ്വ,രാഹു,ശുക്രൻ , കേതു എന്നിവർ പൂജിക്കപ്പെടുന്നു.അവരവരുടെ വസ്ത്രം വർണ്ണം,നാമം, വർണ്ണ ബീജം –ചുവപ്പ്,അരുണം,ശ്വേതം,നീല,പീതം,ധൂമ്രം,സിതം,അസിതം ഇവ യോടെ പൂജ. ആദിത്യമണ്ഡലം ഉദ്ധരിച്ച് അതിലാണ് ഈ ഗ്രഹപൂജ ചെയ്യുന്നത്. അഗ്നികോൺമുതൽ, ഭൌമാദി(ചൊവ്വ മുതലാവ). നാലുദിക്കിൽ ആദിത്യാദി. കിഴക്ക്,തെക്ക്,പടിഞ്ഞാറ്,വടക്ക് പത്രാഗ്രങ്ങളിൽ സൂര്യൻ, ചന്ദ്രൻ,ഗുരു,ശുക്രൻ. ആഗ്നേയാദികോണുകളിൽ ചൊവ്വ,ശനി,രാഹു,കേതു . സ്വനാമത്തിന്റെ ആദ്യാക്ഷരം ബിന്ദുവോടും മന്ത്രബീജത്തോടും കൂടി ഓരോ ഗ്രഹത്തിനും ജപിക്കപ്പെടണം. ഗ്രഹയജ്ഞാംഗത്വമുള്ളതുകൊണ്ട് ഇതിൽ സൂര്യമന്ത്രം പറയപ്പെട്ടിരിക്കുന്നു. മറ്റുള്ള ഗ്രഹങ്ങൾക്ക് ക്രമത്തില് അം അംഗാരകായ നമഃ എന്ന രീതിയാലാണ് മന്ത്രം.

12. വാമോരുന്യസ്തതദ്വസ്താ ദക്ഷിണേന ധൃതാഭയാഃ
    അംബുജാഢ്യകരോ ഭാനുര് ദംഷ്ട്രാഭീമമുഖഃശനിഃ
13. രാഹുർവികൃതവക്ത്രഃസ്യാത് കേതുഃസ്യാദ്വിഹിതാഞ്ജലി
    ലോകപാലാസ്തതഃപൂജ്യാവജ്രാദ്യാസ്ത്യൈഃസഹക്രമാത്
14. ഏവം സിദ്ധമനുർമന്ത്രീസംപദാം വസതിർഭവേത്
    ഹൃത്പുണ്ഡരീകമദ്ധ്യസ്ഥം താരഹാരവിഭൂഷിതം
15. താരാപതിം സ്മരൻമന്ത്രീ ത്രിസഹസ്രാമനും ജപേത്
    രാജ്യൈസ്വർത്ഥ്യം ദരിദ്രോപി പ്രാപ്നുയാദ്വത്സരാന്തരേ

സംസ്കൃതഭാഷ്യം

വായോർവ്വേതി സൂര്യകേതുഹിത്വാ അന്യേഷാം ധ്യാനം. സൂര്യസ്തുഃപത്മകരഃ കേതുസ്തുവിഹിതാഞ്ജലിരിത്യുക്തേഃതദുക്തം മഹാകപിലപഞ്ചരാത്രേഃ-ആദിത്യോദ്വിഭുജഃപ്രോക്തോയുവാലക്ഷണലക്ഷിതഃ

ഹസ്തയോഃപങ്കജേതസ്യകാര്യേസ്കന്ധമിതേശ്ശുഭേ
കേതോസ്തുഃ-ഖഡ്ഗദീപധരംകൃഷ്ണാമഥവാവിഹിതാഞ്ജലിം ഇതി.
പ്രയോഗസാരേപിഃ-പൂർവ്വാർദ്ധകായഃപിംഗഭ്രൂരക്തനേത്രഃകൃതാഞ്ജലിഃഇതി.
താരഉജ്ജ്വലോഹാരോ മുക്താഹാരഃതാരാപതിമിതിനായികാസഹിതം

മലയാളം ഭാഷ്യം

സൂര്യൻ ഇരുകയ്യിലും താമരയോടുകൂടി ,ശനി ദംഷ്ട്രകളോടെ ഭീമമുഖത്തോടെ,രാഹു വികൃതവക്ത്രനായി,കേതുവും അപ്രകാരം അഞ്ജലി കൂപ്പിയ കരത്തോടെ. ലോക പാലകരും അസ്ത്രങ്ങളും പുറത്ത് ക്രമത്തിൽ.ഇപ്രകാരം സമ്പത്തും വസതിയും എല്ലാം ലഭിക്കുന്ന സിദ്ധർ ഹൃത്പുണ്ഡരീകമദ്ധ്യത്തില് താരഹാരവിഭൂഷിതരായ താരാപതിയെ ധ്യാനിച്ച് 3000 തവണ മന്ത്രജപത്താല് സത്സരാന്തരത്തില് രാജ്യവും അർത്ഥവും എല്ലാം സ്വന്തമാക്കുന്നു. ദരിദ്രർപോലും രാജാവാകുമെന്ന് അർത്ഥം.മഹാകപിലപഞ്ചരാത്രം- ആദിത്യന് രണ്ടുകരം ,രണ്ടുകയ്യിലും താമര. കേതു ഖഡ്ഗം,ദീപം ധരിച്ച് കൃഷ്ണനിറത്തിൽ,രണ്ടുകയ്യും കൂപ്പിയ മുദ്രയോടെ. പ്രയോഗസാരം-മുകളിലെ അർദ്ധകായം മാത്രമായി ചുവന്നകണ്ണും കൂപ്പിയ കര വുമായി കേതുരൂപം. ഉജ്ജ്വലമായ മുത്തുപോലെ താരഹാരമണിഞ്ഞ് താരാപതി യായി സ്വനായികമാരായ താരങ്ങളോടൊത്ത് നക്ഷത്രമണ്ഡലത്തിലാണ് ചന്ദ്രധ്യാനം.

16. പൂർവ്വോക്തസംഖ്യം പ്രജപേത് ശശിനം മൂർദ്ധ്നി ചിന്തയേത്
    രോഗാപമൃത്യുദുഃഖാനി ജിത്വാവർഷശതം വസേത്
17. ബ്രഹ്മചര്യരതഃശുദ്ധശ്ചതുർലക്ഷമിമം ജപേത്
    നിധാനം ഭൂഗതം സദ്യഃപ്രാപ്നുയാദ്ദ്രതവർജ്ജിതഃ
18. ജിതേന്ദ്രിയോ ജപേന്മന്ത്രം പൌർണ്ണമാസ്യാം വിശേഷതഃ
    ഭവേത് സൌഭാഗ്യനിലയഃസംപദാമപരോനിധിഃ
19. ഘോരാൻ ജ്വരാന് ശിരോരോഗാനഭിചാരാനുപദ്രവാന്
    വിഷാണമപി സംഘാതം നാശയേന്മനുനാമുനാ
20. പൌർണ്ണമാസ്യാം നിരാഹാരോ ദദ്യാർഘ്യം വിധൂദയേ
    പ്രാക് പ്രത്യഗായതം കുര്യാദ് ഭൂതലേ മണ്ഡലത്രയം

21. നിഷണ്ണഃപശ്ചിമേ മന്ത്രീമണ്ഡലേ വിഹിതാസനേ
മദ്ധ്യസ്ഥേസ്ഥാപയേത്പശ്ചാത് പൂജ്യാദ്രവ്യാശശേഷതഃ

സംസ്കൃതഭാഷ്യം

പൂർവ്വോക്തസംഖ്യമിതി ത്രിസഹസ്രം. ശുദ്ധ ഇത്യനേന ത്രിഷവണസ്നായീ പട ആഹാരശ്ചേത്യുക്തം. യത് പ്രയോഗസാരേഃ-
കൃത്വാത്രിഷവണം സ്നാനം ക്ഷീരാഹാരോ നിരന്തരം
ജപേശ്ചത്വാരിലക്ഷാണി വിധാനം ലഭതേ ധ്രുവം ഇതി
മണ്ഡലത്രയമിതി .ഗോമയാദിനാ.

മലയാളം ഭാഷ്യം

ജപിച്ച് മൂർദ്ധാവിൽചന്ദ്രനെ ധ്യാനിച്ചാല് രോഗം,അപമൃത്യു,ദുഃഖം എന്നിവ കൂടാതെ ഭൂമിയിൽ 100 വർഷം ജീവിക്കും. ബ്രഹ്മചര്യത്തോടെ ശുദ്ധമായി,4 ലക്ഷം ജപിച്ചാൽ ഭൂമിയില് സർവ്വനിധാനവും സിദ്ധികളും കിട്ടും. ജിതേന്ദ്രിയ നായി, പ്രത്യേകിച്ചും പൌർണ്ണമിനാൾ ജപിച്ചാൽ,സൌഭാഗ്യനിലയമായി ത്തീരും.പരമമായ നിധികളും ലഭിക്കും. ഘോരജ്വരം,ശിരോരോഗം,അഭിചാരാദി ഉപദ്രവങ്ങൾ ,കൊമ്പ് മുതലായവ കൊണ്ടുള്ള വ്രണം എല്ലാം നശിച്ചുപോകും. പൌർണ്ണിനാൾ ഉപവസിച്ച് ചന്ദ്രനുദിക്കുമ്പോൾ, അർഘ്യം നൽകി ഭൂമിയി ല് 3 മണ്ഡലപ്രദക്ഷിണം കിഴക്കുനിന്ന് ചെയ്ത് പടിഞ്ഞാറ് മന്ത്രിമണ്ഡലത്തി ൽവിഹിതമായ ആസനത്തില് മദ്ധ്യത്തില് സ്ഥാപിച്ചശേഷം സർവ്വപൂജാദ്രവ്യ ങ്ങളും കൊണ്ട് വിശേഷപൂജചെയ്യുക. ത്രിസഹസ്രം ജപം ശുദ്ധമായി ചെയ്യ ണം.3 വട്ടം കുളിച്ച് പാലുമാത്രം ആഹാരമായി എന്ന് ശുദ്ധപദത്തിന് അർത്ഥം.മൂന്നുകുളി,പാൽഭക്ഷണം,ലക്ഷം ജപം –വേഗത്തിൽ ഫലപ്രാപ്തി ഉണ്ടാക്കുന്നതാണ് ഇവ.മണ്ഡലത്രയം പീഠത്തിനുചുറ്റും ഗോമയാദികളാൽ മെഴുകി ഉണ്ടാക്കണം. മണ്ണ്,കരിങ്കല്ല്,ഇവ പാകി ക്ഷേത്രത്തിലെന്നപോലെയും ഉണ്ടാക്കാം.

22. അന്യസ്മിൻമണ്ഡലേസോമമർച്ചയിത്വാംബുജാന്വിതേ
രാജതംചഷകം തത്ര സ്ഥാപയേത് പുരതഃസുധീ

23. ഗോദുഗ്ദ്ധേന സമാപൂര്യ സ്പൃഷ്ട്വാ തം പ്രജരേന്മനും
അഷ്ടോത്തരശതം പശ്ചാദ്വിദ്യാമന്ത്രേണ ദേശികഃ
24. ദധ്യാർഘ്യം ശശാങ്കായ സർവ്വകാര്യാർത്ഥസിദ്ധയേ
അനേനവിധിനാ കുര്യാത് പ്രതിമാസമതന്ദ്രിതഃ
25. ഷണ്മാസാഭ്യന്തരേ സിദ്ധം സാധകേന്ദ്രഃസമശ്നുതേ
ശ്രിയമപ്യൂർജ്ജിതാൻപുത്രാൻസൌഭാഗ്യം പുഷ്കലം യശഃ
26. കന്യാമിഷ്ടാമവാപ്നോതി കന്യാപിവരമാപ്നുയാത്
ബഹുനാകിമിഹോക്തേന സർവ്വം ദധ്യാന്നിശാപതിഃ

സംസ്കൃതഭാഷ്യം

അന്യസ്മിൻ പൌരസ്ത്യേ .സോമമർച്ചയിത്വേതി പീഠാദിന്യാസം വിധായ ആത്മയാഗം കൃത്വാ ബഹിഃപീഠേ പങ്കജാന്വിതേ അർച്ചയിത്വേത്യർത്ഥഃ ഉക്തഞ്ച:-ആസീനഃപശ്ചിമേ മദ്ധ്യസംസ്ഥേദ്രവ്യാണി വിന്യസേത്
ആത്മാനംസകലീകൃത്യാഭ്യർച്ചാചാന്തഃസുരേശ്വരഃ
പൂർവ്വസ്മിൻപങ്കജോപേതേ മണ്ഡലേസോമമർച്ചയേത് ഇതി.
സുധീരിത്യനേനൈതദുക്തം ഭവതി. വിലോമമന്ത്രം ജപൻപൂരണം കർപ്പൂരാദിനാം. കുമുദാദീനാം ച പുഷ്പാമാം തത്ര നിക്ഷേപ ഇതി. യദാഹ-
സംസ്ഥാപ്യരാജതം തത്ര ചഷകം പരിപൂരയേത്
വിലോമം പ്രജപന്മന്ത്രം ഗവ്യേന പയസാ സുധീഃ
ക്ഷിപേച്ചതത്രകർപ്പൂരശീതകാശ്മീരകാക്ഷതാന്,
കുശവന്നിയവാംശ്ചേവ പുഷ്പാണ്യേതാനി ചാദരാത്
കുമുദേന്ദീവരസ്വർണ്ണകേതകീനവമല്ലികാഃ
ചമ്പകാനിയഥാലാഭംശതപത്രാണിചക്ഷിപേത്
ആവാഹയേച്ചന്ദ്രബിംബാന്നിജാദ്വാഹൃദയാദ്വിഭും
ഏവംസമാവാഹ്യ ഗന്ധപുഷ്പാദ്യൈരർച്ചയേത് വിധുഃ
ഇതി.നിരാഹാരോർഘ്യം ദധ്യാദിത്യുക്തത്വാദർഘ്യദാനാദനന്തരം രാത്രൌ ഭോജനമനിഷിദ്ധം. കന്യാപീത്യനേനൈവമാദിഷുസ്ത്രിയാ അപ്യധികാര ഇത്യുക്തം ഭവതി.

മലയാളം ഭാഷ്യം

മണ്ഡലത്തിൽ പത്മത്തോടുകൂടി സോമാർച്ചന ചെയ്ത് വെള്ളിച്ചഷകം സ്ഥാപിക്കുന്നു. പശുവിൻപാല് നിറച്ച് തൊട്ടിരുന്ന് ധ്യാനിച്ച് അഷ്ടോത്തരശതം ജപം. പിന്നെ വിദ്യാമന്ത്രജപം. ചന്ദ്രന് സർവ്വകാര്യാർത്ഥസിദ്ധിക്ക് അർഘ്യം നൽകുന്നു.ഇത് വിധിപോലെ പ്രതിമാസം അനുഷ്ഠിക്കണം. 6 മാസം കൊണ്ട് സിദ്ധി ലഭിക്കും. ശ്രീ,ഊർജ്ജിതമായ ശ്രീ, പുത്രന്മാർ,സൌഭാഗ്യം,പുഷ്കലമായ യശസ്സ്,ഇഷ്ടകന്യകാലബ്ധി ഇവ ഫലം. കന്യകമാർക്കും മേല്പറഞ്ഞ ഫലസിദ്ധി കിട്ടും. എന്തിനധികം പറയുന്നു. ചന്ദ്രൻ സർവ്വവും തരുന്നവനാണ്.മണ്ഡലത്തിൽ സോമനെ അർച്ചിക്കാനായി പീഠാദിന്യാസം വിധാനിച്ച് ആത്മയാഗമാണ് ആദ്യം ചെയ്യുന്നത്. പിന്നെയാണ് ബാഹ്യപൂജ പീഠത്തിൽ പങ്കജാന്വിതനായ സോമന് ചെയ്യുന്നത്.അകത്ത് ഹൃദയം തന്നെയാണ് പീഠം. സർവ്വാത്മനാ സകലവും ആന്തരികമായി ഈശ്വരന് അർപ്പിക്കുക. ഇതാണ് സോമവംശികളുടെ പ്രധാനആത്മയാഗം. ബഹിർയാഗം അഥവാ ബാഹ്യപൂജ അതിന്റെ ഒരു തുടർച്ച അഥവാ പ്രതീകം(സിംബൽ)മാത്രമാണ്. വിലോമമന്ത്രം ജപിച്ച് കർപ്പൂരം,കുമുദം മുതലായ പുഷ്പങ്ങൾ നിക്ഷേപിച്ച് ജലപൂരിതമായ അഥവാ പഞ്ചഗവ്യവും പാലും നിറച്ച വെള്ളിപ്പാത്രം(രജതചഷകം)ആണ് സ്ഥാപിക്കുന്നത്. കർപ്പൂരാദികൾ,കാശ്മീരം,അക്ഷതം,കുശഗ്രന്ഥിയവാദി, പുഷ്പാദി(കുമുദം, ഇന്ദീവരം,സ്വർണ്ണപുഷ്പം,കേതകി,നവമല്ലിക,ചെമ്പകം)ഇപ്രകാരം ശതപത്രങ്ങൾ ഇടണം. ചന്ദ്രബിംബത്തെ ആദ്യം സ്വഹൃദയത്തിലും പിന്നീട് ബാഹ്യപീഠത്തിലും ആവാഹിച്ച് ഗന്ധപുഷ്പാദികളാൽ അർച്ചിക്കണം.നിരാഹാരനായി അർഘ്യം കൊടുത്ത് അർഘ്യദാനാനന്തരം രാത്രി ഭോജനം കഴിക്കാമെന്ന് വരുന്നു. സ്ത്രീകൾക്കും ഇതിനെല്ലാം അധികാരമുണ്ട് എന്ന് എടുത്തുപറയുന്നത് ശ്രദ്ധേയമാണ്.

27. വിദ്യേവിദ്യാമാലിനീസ്യാച്ചന്ദ്രിണ്യന്തേ തതോഭവേത്
പുനശ്ചന്ദ്രമുഖി സ്വാഹാ വിദ്യാമന്ത്ര ഉദാഹൃതഃ

സംസ്കൃതംഭാഷ്യം

വിദ്യാമന്ത്ര ഉദാഹൃതഇത്യനേനൈതദുക്തം. നവാക്ഷരാദ്യഏഷഏവ കന്യാപ്രദാന സമർത്ഥ ഇതി. നവാക്ഷരാണി ഉ-രക്ഷയുഗ്മംഗജൌപ്രോക്താകർണ്ണിനി സ്യാന്നവാക്ഷരം ഇതി. നാരായണീയേ നവാക്ഷരാദിവിദ്യാമന്ത്രമുദ്ധൃതം.
വിലോമാന്തരിതംമന്ത്രംപത്രേലിഖ്യതദാസനഃജപേദ്ദ്വാദശസാഹസ്രമേതദേകദിനോനയഃജ്യേഷ്ഠാമാരാദ്യശുക്രർക്ഷേ കന്യാതസ്യാശ്ച ദീയതേ. ഇതി. അഥ തന്ത്രാന്തരോക്തം യന്ത്രമുച്യതേ-
ചന്ദ്രംചന്ദ്രകലാഭിരന്വിതേശശാങ്കേമാനതാരോദരേ
ഷഡ്പത്രേപരിതോ വിലിഖ്യ ചഭൃഗുർദതേനബിന്ദ്വഞ്ചിതഃ
സോമായേതിപദം നമഃപദയുതം ചാലിഖ്യതദ്വ്യാഹൃതഃ
കാദിക്ഷാന്തഗതം സമർച്ച്യവിധിനാ കട്യാം ഗലേ മസ്തകേ
ജപ്തംബദ്ധ്വമിദം ക്ഷണേന ഗരലപ്രദ്ധ്വംസി തത് പുഷ്ടിദം ഇതി

മലയാളം ഭാഷ്യം

വിദ്യാമന്ത്രത്തിൽ വിദ്യ,വിദ്യാമാലിനി,ചന്ദ്രിണി,ചന്ദ്രമുഖി സ്വാഹാ എന്ന് മന്ത്രിക്കുന്നു. നവാക്ഷരാദ്യവിദ്യാമന്ത്രമാണ് കന്യാപ്രദാനസമർത്ഥം. (കന്യാദാനത്തിനും ഇഷ്ടകന്യാലാഭത്തിനും)രക്ഷരക്ഷഗജൌ കർണ്ണിനി എന്ന് നവാക്ഷരം. നാരായണീയത്തിൽ നവാക്ഷരാദിവിദ്യാമന്ത്രം ഉദ്ധരിച്ചിട്ടുണ്ട്. വിലോമമായി മന്ത്രം പത്രത്തിലെഴുതി, 12000 തവണ ഒറ്റ ദിവസം കൊണ്ട് ജപിക്കണം. വെള്ളിയാഴ്ച ഇപ്രകാരം ചെയ്ത് ജ്യേഷ്ഠാഭഗവതിയെ ആരാധിച്ചാൽ കന്യാലബ്ധി ഉണ്ടാവും.

തന്ത്രാന്തരോക്തമായ യന്ത്രം-ചന്ദ്രകലകളോടുകൂടിയ ചന്ദ്രന്,ശശാങ്കം എന്ന പേരോടുകൂടിയ (ശശത്തെ അങ്കത്തിൽ ധരിച്ചവൻ ആരോ അവൻ, ശശശബ്ദാർത്ഥം ആദ്യപടലത്തില് കാണുക). താരോദരത്തിൽ(താരമണ്ഡലമദ്ധ്യഭാഗത്ത്)ആറ് ഇതൾ ചുറ്റുമായി എഴുതുക.(ഷഡ്പത്മം) ഭൃഗുർദന്തേന ബിന്ദ്വഞ്ചിതം –സൌം ബീജം എഴുതി സൌം സോമായ നമഃ എന്ന പദത്തോടെ അതിന്റെ വ്യാഹൃതികൾ, ക മുതൽ ക്ഷ വരെ വർണ്ണങ്ങള് വിധിപോലെ കടി,ഗലം, മസ്തകഭാഗങ്ങളിൽ ന്യസിച്ച് അർച്ചിക്കുക. ഇപ്രകാരം ജപിച്ചാൽ, ക്ഷണം

കൊണ്ട് വിഷനാശം, അമൃതം കൊണ്ട് പുഷ്ടിപ്രാപ്തി ഇവ ഫലം. ചന്ദ്രന്യാസ ശേഷമേ സൂര്യമന്ത്രം ജപിക്കാൻ പാടുള്ളൂ.

28. താരോഘൃണിർഭൃഗുഃപശ്ചാദ്വാമകർണ്ണവിഭൂഷിതഃ
വഹ്ന്യാസനോ മന്ദഛേഷഃസനേത്രോത്രിത്യപശ്ചിതഃ
29. അഷ്ടാക്ഷരോമനുഃപ്രോക്തോഭാനോരഭിമതപ്രദഃ
ദേവനാഗോ മുനിഃപ്രോക്തോ ഗായത്രീഛന്ദഈരിതം
30. ആദിത്യോദേവതാപ്രോക്തോ ദൃഷ്ടാദൃഷ്ടഫലപ്രദഃ
സത്യായഹൃദയം പ്രോക്തം ബ്രഹ്മണേ ദ്വിഠഈരിതം
31. വിഷ്ണവേ ധ്യാഛിഖാവർമ്മ രുദ്രായ പരികീർത്തിതം
അഗ്നയേനേത്രമാഖ്യാതം സാർവ്വായാസ്ത്രമുദീരിതം
32. തേജോജ്ജ്വലാമണിഹുംഫട് സ്വാഹാന്താഃ പൃഥഗീരിതാഃ
അംഗമന്ത്രാൻ പുനർന്യസേത് പഞ്ചമൂർത്തിര്യഥാ ക്രമം
33. ആദിത്യം വിന്യസേൻമൂർദ്ധ്നി രവിം മുഖഗതം ന്യസേത്
ഹൃദയേഭാനുനാമാനം ഭാസ്കരം ഗുഹ്യദേശതഃ
34. സൂര്യം ചരണയോന്യസ്യേത് ഹ്രൈൈഃസദ്യാദിപഞ്ചഭിഃ
പ്രധാനമൂർത്തിപ്രതിമാഃസര്വ്വാഭരണഭൂഷിതാഃ
35. മൂർദ്ധാസ്യകണ്ഠഹൃദയം കുക്ഷിനാഭിധ്വജാംഘ്രിഷു
മന്ത്രവർണ്ണാൻ ന്യസേദഷ്ടൌ പ്രത്യേകം പ്രണവാദികാൻ.
ഏവം ന്യസ്തശരീരോസൌ ചിന്തയേ തേജസാം നിധിം.

സംസ്കൃതഭാഷ്യം

സൂര്യമന്ത്രമാഹ താര ഇതി. ഘൃണിരിതി സ്വരൂപം.ഭൃഗുഃസഃവാമകർണ്ണം ഊ തേന വിഭൂഷിതസ്തേന സൂ. മരുദ് യകാരോ വഹ്നേഃരേഫസ്യാസനഃതേന ര്യഃ ശേഷഃഅനന്താ ആ അത്രിർദഃ അനേത്രഇകാരയുക്തസ്തേന ദി. ത്യ പശ്ചിമ ഇതി മന്ത്രവിശേഷണം ത്യ ഇത്യന്തമക്ഷരമിത്യർത്ഥഃ പശ്ചിമഇത്യനേന ശ്രീമ ന്തോപി. ഭവതീതി സൂചിതം .അഭിമതപ്രദഇത്യനേന വിനിയോഗോക്തിഃഅയം മന്ത്രഃസാക്ഷാത് ശ്രുതിപഠിത ഇതി ശൂദ്രാദേരത്ര നാധികാരഃ തദുക്തം തൈ ത്തരീയശാഖായാം. നാരായണീയോപനിഷദി- ഘൃണിരിതിദ്വേ അക്ഷരേ

സൂര്യ ഇതി ത്രീണി ആദിത്യ ഇതി.ത്രീണി ഏതദ്വൈ സാവിത്രസ്യാഷ്ടാക്ഷരം പദം ശ്രിയാഭിഷിക്തം യ ഏവം വേദ ശ്രിയാഹൈവാഭിഷിച്യത ഇതി. കേചന ശ്രീമന്തമാഹുഃ അന്യേശ്രീകാമഹൃല്ലേഖാപുടിതം മഹ്യം ലക്ഷ്മീം പ്രയഛേത്യനേന പല്ലവിതമാഹുഃ രം ബീജം യം ശക്തിഃ കേചന ശക്തിബീജാദ്യം ശ്രീമന്തമാഹുഃ തന്മതേ പ്രണവോ ബീജം മായാശക്തിഃ തദുക്തം-
ശ്രീബീജാന്തഃസമ്പ്രദായേമൂലമന്ത്രസ്തു യാജുഷഃ(മാനുഷാഃ)
അയംശ്രീകാമഹൃല്ലേഖാസംപുടോന്തേ പ്രയഛമേ
ലക്ഷ്മീമിത്യം പല്ലവിതഃ ശങ്കരാചാര്യസമ്മതഃ
ഹൃല്ലേഖാപൂർവ്വകോന്തശ്രീർവിശ്വരൂപമതേ സ്ഥിതഃഇതി.

ദ്വിഠഃസ്വാഹാ. ഈരിതാ ഉക്താ. സത്യായേത്യാദയോംഗമന്ത്രാഃപൃഥക് പ്രത്യേ കമേതദന്താ ജ്ഞേയാഃ തത്ര പ്രയോഗഃസത്യായ തേജോജ്വാലാമണി ഹും ഫട്സ്വാഹാ .ഹൃദയായ നമഃഇത്യാദി. അന്യേ തു സത്യായേത്യാദി ചതുർത്ഥീ അവിവക്ഷിതേത്യാഹുഃ തേന സത്യതേജോജ്വാലാമണി ഹും ഫട് സ്വാഹാ ഹൃദയായ നമ ഇത്യാദിപ്രയോഗഃ ഏഷ ഏവ സാമ്പ്രദായികാഃ അപേക്ഷിതാ ർത്ഥ ദ്യോതനികാകാരാദിഭിസ്തഥാലിഖിതത്വാത്. അത ഏവ പ്രപഞ്ചസാര ടീകാകാരൈഃ ബ്രഹ്മേത്യത്രാകാരശ്രുതിശ്ചതുർത്ഥീനിവാരണായേതി വ്യാ ഖ്യാതം.പുനരിത്യനേനാനാഷ്ടംഗേപി സൂചിതഃ സൂത്രമന്ത്രഷഡക്ഷരാണി ഷഡംഗസ്ഥാനേഷു ഷഡംഗവഹ്നിന്യസ്യഉദരപൃഷ്ഠയോർനമോന്തയോർവ ർണ്ണദ്വയം ന്യസേദിത്യഷ്ടാംഗം. സദ്യാദീതി. ഓകാരാദിവിപരീതനപുംസക വർജ്ജിതപാരിഭാഷികപഞ്ചഹ്രസ്വൈഃസഹ യഥാക്രമം പഞ്ചമൂർത്തീന്യസേ ദിതി സംബന്ധഃ

ഓം ആദിത്യായ നമഃ ഐം രവയേ നമഃഉം ഭാനവേ നമഃ ഈം ഭാസ്കരായ നമഃ അംഭസൂര്യായ നമ ഇതിപ്രയോഗഃ യഥാക്രമം ഇത്യനേന ഊർദ്ധ്വാഭിമുഖേഷ്വ പി ന്യസേദിത്യുക്തം. പ്രത്യേകമിതി. തേന ഓം ഓം നമോ മൂർദ്ധ്നീതി പ്രയോഗഃ ഏവം ന്യസ്തേന്യനേന നവഗ്രഹന്യാസോപി സൂചിതഃസ ഉക്തോ മയാപ്രാക്.

മലയാളം ഭാഷ്യം

സൂര്യമന്ത്രം- ഘൃണി സ്വരൂപം. ഭൃഗു സ വാമകർണ്ണം ഊ മരുത്ത് യ ര്യ. ശേഷ ൻ അനന്തൻആ. അത്രി ദനേത്രത്തോട്ടുകൂടി ഇകാരത്തോട്ടുകൂടി ദി.. ത്യ പശ്ചിമ .ഇപ്രകാരം സൂര്യആദിത്യ എന്നീഅക്ഷ രങ്ങള് , 8 വർണ്ണങ്ങൾ. സ,ഊ,ര,യ, ആ,ദ,ഇ,ത്യ കൊണ്ട് ഉണ്ടായി. അഷ്ടാകാരമായ ഈമന്ത്രം ഭാനുവിന് അഭി മതപ്രദമാണ്.

ഋഷി ദേവനാഗം. ഛന്ദസ്സ് ഗായത്രി. ദേവത ആദിത്യൻ. ദൃഷ്ടവും അദൃഷ്ടവുമാ യ സർവ്വഫലങ്ങളും ഭൂമിയിലെ ജനങ്ങൾക്ക് സൂര്യനാണ് തരുന്നത്. മോക്ഷ വും (മുക്തി) ഭുക്തിയും തരുന്നു. അഭിമതപ്രദമെന്നത് വിനിയോഗോക്തിയാണ്. പശ്ചിത എന്നതുകൊണ്ട് ശ്രീമന്തനായും ഭവിക്കുന്നു എന്ന് സൂചിപ്പിക്കുന്നു. സത്യമാണ് ആദിത്യഹൃദയം. സത്ത് അഥവാ ശ്രുതിവാക്യമാണ്. സ്വാനുഭവ ദർശനമാണ് .ശ്രുതി അനുഭവിച്ച് മന്ത്രദർശനം ലഭിച്ച ഋഷിയാണ് ദ്വിജന് അഥവാ രണ്ടാമതൊരു ജന്മം കിട്ടിയ വ്യക്തി.അപ്രകാരമുള്ള വ്യക്തിക്കേ സത്യമായ ആദിത്യഹൃദയം ഗ്രഹിക്കാനാവുകയുള്ളു. ഇത് തൈത്തിരീയശാ ഖയിൽ പറഞ്ഞിട്ടുള്ളതാണ്. നാരായണോപനിഷത്തിൽ ഘൃണി എന്ന രണ്ടക്ഷരത്തിൽ സൂര്യൻ, ആദിത്യനെന്ന മൂന്നക്ഷരത്തിലും സൂര്യനാണ്. സാവിത്രത്തിന്റെ അഷ്ടാക്ഷരപദം ശ്രീയാൽ അഭിഷിക്തമായത് എന്ന് അർത്ഥമെടുക്കാം. അപ്രകാരം ശ്രീമന്തം പറയപ്പെട്ടു. ശ്രീകാമഹൃല്ലേഖാ പുടിതമായി മഹി(ഭൂമി) ലക്ഷ്മി ഇവരോട്ടുകൂടി എന്ന് പല്ലവിതം(തളിരുകളോട്ടു കൂടി) പറയപ്പെടുന്നു. രം ബീജം യം ശക്തി. ശക്തിബീജാദ്യം ശ്രീമന്തം. അപ്പോൾ പ്രണവമാണ് ബീജം. മായ ശക്തി. (ഓം ഹ്രീം) ശ്രീബീജാന്തം സമ്പ്രദായത്തിൽ മൂലമന്ത്രം യാജുഷമാണ്. മാനുഷമാണ്. ശങ്കരാചാര്യനാൽ സമ്മതിക്കപ്പെട്ട പാഠം- അയം ശ്രീകാമഹൃല്ലേകാസംപുടം. അന്ത്യത്തിൽ പ്രയഛ മേ ലക്ഷ്മീം എന്ന് പല്ലവിതം ഹൃല്ലേഖാപൂർവ്വകം അന്തസ്ഥമായി ശ്രീയുടെ വിശ്വരൂപം ധ്യാനിക്കണം . ദ്വിഠ സ്വാഹ. ബ്രഹ്മണേ സ്വാഹ . സത്യായ എന്നാരംഭിക്കുന്നത് അംഗമന്ത്രമായി ഓരോ അംഗം പ്രത്യേകം ധ്യാനിക്കണം.

സത്യായ തേജോജ്വാലാമണി ഹും ഫട് സ്വാഹാ ഹൃദയായ നമഃ ഇപ്രകാരം പ്രയോഗം വരും. ഇതാണ് സാമ്പ്രദായികം. അപേക്ഷിതാർത്ഥദ്യോതനികാ കാരനും ഇപ്രകാരം എഴുതിയിട്ടുണ്ട്. പ്രപഞ്ചസാരടീകാകാരൻ ബ്രഹ്മ എന്ന ആകാരശ്രുതിഷ്ചതുർഥീനിവാരണത്തിനാണ് ഇതെന്ന് വ്യഖ്യാനിച്ചിട്ടുണ്ട്. അഷ്ടാംഗങ്ങളിലാണ് അഷ്ടവർണ്ണന്യാസം. ഇതനുസരിച്ച് സൂത്രമന്ത്രത്തിൽ 6 അക്ഷരം ഉള്ളത് 6 സ്ഥാനത്ത് ഷഡംഗമുള്ള അഗ്നിയായി (ഊർജ്ജം) ന്യസിച്ച് ഉദരപൃഷ്ഠയോർനമഃ എന്ന് വർണ്ണദ്വയം ന്യസിച്ച് അഷ്ടാംഗന്യാസം ചെയ്യണം. വിഷ്ണുവാണ് ശിഖ. രുദ്രൻ വർമ്മം,(കവചം). അഗ്നി നേത്രം. സർവ്വാംഗം അസ്ത്രം. എന്ന് 31ആം ശ്ലോകത്തിൽ കാണുക. ഓകാരം മുതലായ വിപരീത നപുംസകാക്ഷരങ്ങൾ ഒഴിവാക്കി പഞ്ചഹ്രസ്വങ്ങള് യഥാക്രമം പഞ്ചമൂർത്തികളായി പഞ്ചാംഗന്യാസം. ആദിത്യൻ മൂർദ്ധാവിൽ, രവി മുഖത്തിൽ,ഭാനു ഹൃദയത്തില്, ഭാസ്കരൻ ഗുഹ്യത്തിൽ,സൂര്യൻ ചരണങ്ങളിൽ, പഞ്ചഹ്രസ്വത്തോടെ ന്യസിക്കുന്നു.

പ്രയോഗം- ഓം ആദിത്യായ നമഃഐം രവയേ നമഃ ഉം ഭാനവേ നമഃ ഈം ഭാസ്കരായ നമഃ അം ഭ സൂര്യായ നമഃ ക്രമത്തിൽ ഊർദ്ധ്വാദിമുഖത്തിലും ന്യസിക്കണം. അതിന് ഓം ഓം നമോ മൂർദ്ധ്നി എന്ന് പ്രയോഗം. ഇപ്രകാരം ന്യസിക്കുന്നതാണ് നവഗ്രഹന്യാസം. പ്രധാനപഞ്ചമൂർത്തിപ്രതിമകള് സർവ്വാഭരണഭൂഷിതരായി മൂർദ്ധാവ് ,മുഖ,കണ്ഠ,ഹൃദയ,കുക്ഷി,നാഭി, ധ്വജ,പാദാദികളിൽ പ്രണവപൂർവ്വം ശരീരമാകെ തേജസാംനിധിയായി (തേജോജ്ജ്വലമണിയായി) ധ്യാനിക്കപ്പെടുന്നു.

36. രക്താബ്ജയുഗ്മാഭയദാനഹസ്തം
കേയൂരഹാരാംഗദഭൂഷണാഢ്യം(കുണ്ഡലാഢ്യം)
മാണിക്യമൌലിം ദിനനാഥമീഡേ
ബന്ധൂകകാന്തിംവിലസത്രിനേത്രം

സംസ്കൃതഭാഷ്യം

ദാനം വരം .ആയുധധ്യാനം വാമാദൂർദ്ധ്വയോ രക്താബ്ജേ തദധസ്തതയോ രന്യേ. അത്ര ധ്യാനാനന്തരം കമലബിംബമുദ്രേ പ്രദർശനീയേ. കമലാകൃതി മുദ്രാതു സൌരമുദ്രേയമീരിതാ. ഇത്യുക്തേ- പ്രയോഗസാരേപിഃ- ദർശയേദഗ്ര തസ്ത്വബ്ജബിംബമുദ്രേയഥോദിതേ ഇതി. തത്രാബ്ജമുദ്രാലക്ഷണംയഥാ-
കരൌ തു സംമുഖൌ കൃത്വാസംഹൃതാവുന്നതാംഗുലീ
തലാന്തമിലിതാം ഗുഷ്ഠൌ കുര്യാദേവാബ്ജമുദ്രികാ ഇതി. നാരായണീയേ ബിംബമുദ്രാലക്ഷണം- പത്മാകാരൌകരൌകൃത്വാഅവിശ്ലിഷ്ടേതു മദ്ധ്യമേ അംഗുല്യൌധാരയേത്തസ്മിൻ ബിംബമുദ്രേതിസോച്യതേ. ഇതി ഏതേസർവ്വേ സൌരമന്ത്രസാധാരണേ ഇതി ജ്ഞേയം.

മലയാളം ഭാഷ്യം

സൂര്യധ്യാനം-ചുവന്ന താമര രണ്ടുകൈകളിൽ, വരദാഭയമുദ്രകൾ രണ്ടുകൈക ളിൽ,കേയൂര,ഹാരാംഗദകുണ്ഡലാദിഭൂഷണങ്ങൾ,മാണിക്യകിരീടം, ചെമ്പരത്തി പ്പൂപോലെ ചുവന്ന ത്രിനേത്രം. ഇപ്രകാരമാണ് ദിനനാഥനെ ധ്യാനിക്കേണ്ടത്. ഇടത്ത് മുകളിലെ കരം മുതൽ (ചുവന്ന താമര) സവ്യമായി ആയുധധ്യാനം ധ്യാനശേഷം കമലാകൃതിമുദ്ര കാണിക്കണം. അബ്ജമുദ്ര അഥവാ കമലാകൃതി മുദ്രക്ക് സൌരമുദ്ര എന്ന് പറയുന്നു.പ്രയോഗസാരത്തിൽ, അബ്ജബിംബമുദ്ര എന്നാണ് പറയുന്നത്.

അബ്ജമുദ്രാലക്ഷണം-കരം സമ്മുഖമാക്കി,അംഗുലികൾ സംഹരിച്ച് താഴോട്ട് പിടിക്കുന്നു. അംഗുലീതലാന്തത്തില് തള്ളവിരൽ. ഇത് അബ്ജമുദ്ര. നാരായണീ യത്തിൽ ബിംബമുദ്രാലക്ഷണം കൈ താമരയുടെ ആകൃതിയാക്കുക, നടുവിര ലിൽ തള്ളവിരല് തൊടുക. എല്ലാ സൌരമന്ത്രങ്ങൾക്കും ഈ മുദ്ര കാണിക്ക ണം.

37. വസുലക്ഷം ജപേന്മന്ത്രം സമിദ്ഭിഃക്ഷീരശാഖിനാം
തത്സഹസ്രം പ്രജുഹുയാത് ക്ഷീരാക്താഭിർജിതേന്ദ്രിയഃ
38. പീഠസ്യ ക്ലൃപ്തേഃപ്രഥമം ദിക്ഷു മദ്ധ്യേ ച സംയജേത്
പ്രഭൂതം വിമലം സാരം സമാരാദ്ധ്യമനന്തരം.

സംസ്കൃതം ഭാഷ്യം

വസുലക്ഷമഷ്ടലക്ഷം.അത്രവിശേഷഃപ്രയോഗസാരേ-
രക്താംബരധരോ രക്തഗന്ധമാല്യവിഭൂഷിതഃ
ഘൃതക്ഷീരസമായുക്തഗുഡഭക്താശനോനിശി
ഭൈക്ഷാഹാരോഥവാവീതസംഗഃസന്തോഷവാൻസദാ
മന്ത്രമാവർത്തയേന്നിത്യമാരാധനാപാരായണഃഇതി.
അന്യപുരശ്ചരണേ സാമാന്യവിധിർവക്ഷ്യമാണ ഏവാനുസന്ധേയഃ തത് സഹസ്രമഷ്ടസഹസ്രം. പീഠസ്യ ക്ലൃപ്തേഃപ്രഥമമിതി. മണ്ഡൂകാദിവേദികാന്തം സംപൂജ്യധർമ്മോദേഃപ്രാക്പരമസപഖാന്താൻ, പഞ്ചസംപൂജ്യ പശ്ചാദ്ദർമ്മാദി പൂജേതി കേചന. അന്യേ തു ധർമ്മാദിസ്ഥാനേ പ്രഭൃതാദികാൻ, സംപൂജ്യമദ്ധ്യേ ഫലകരൂപേണ പരമസുഖം പൂജയേത്. ധർമ്മാധർമ്മാദി പൂജാ. നാസ്തീത്യാഹുഃ ഏതദേവസാമ്പ്രദായികം.ഉക്തഞ്ചനാരായമീയേ-
പീഠാംഹ്രീൻ കല്പയേദേതാൻഹൃദാമദ്ധ്യേ വിദിക്ഷുച ഇതി. ഏതത് സർവ്വ സൂര്യമന്ത്രസാധാരണം. ദിക്ഷിതി സാമാന്യത ഉക്തേരത്രാഗ്നേയാദികോണാ ഏവ ഗൃഹ്യതേ. വിദിക് മദ്ധ്യേഷ്വസംയജേദിതി പാഠഃ യദാഹുരാചാര്യഃ-
പ്രയജേദഥപ്രഭൃതാം വിമലാം സാരാഹ്വയാം സമാരാദ്ധ്യാം
പരമസുഖാമഗ്ന്യാദിഷ്വസ്ത്രിഷു മദ്ധ്യേ ച പീഠക്ലൃപ്തേഃ പ്രാക് ഇതി.
പ്രയോഗസാരേപിഃ- ഈശാനാന്തംച വിദിക്ഷ്വേതാൻപ്രപൂജയേത്. ഇതി.

മലയാളം ഭാഷ്യം

8 ലക്ഷം ജപിച്ച് ജപിച്ച് ക്ഷീരശാഖികൊണ്ടുള്ള അഗ്നിയില്, ക്ഷീരം 8 സഹസ്രം ഹോമം ചെയ്ത്(8000),ജിതേന്ദ്രിയനായി,പീഠത്തിൽ ആദ്യദിക്കിന്റെ മദ്ധ്യത്തിൽ യജിക്കണം. പ്രയോഗസാരത്തിൽ ചുവന്ന വസ്ത്രം ധരിച്ച് ചുവന്ന കുറിക്കൂട്ടും മാലയുമണിഞ്ഞ് നെയ്യും പാലും ശർക്കരയും (ത്രിമധുരം)മാത്രം രാത്രി ഭക്ഷിച്ച് ഭൈക്ഷാചര്യം കൊണ്ട് മാത്രം ആഹാരം കഴിക്കുന്നവനും വീതസംഗ നും സദാ സന്തോഷവാനുമായി മന്ത്രം ആവർത്തിച്ച് നിത്യം ആരാധനാപരാ യണനായി, നിഷ്ഠാപൂർവ്വം ജീവിക്കണം. ഇത് പുരശ്ചരണസാമാന്യവിധിയാണ്. പീഠത്തിൽ മണ്ഡൂകാദിവേദികാന്തം പൂജിച്ച് ധർമ്മം മുതല്,പരമസുഖം വരെ

(നിർവ്വാണം)പഞ്ചപൂജ ചെയ്യണം. ധര്മ്മാദിസ്ഥാനത്ത് 5 ഭൂതങ്ങളെ പൂജിച്ച് മദ്ധ്യത്തിൽഫലകരൂപത്തിൽ, (കണ്ണാടി)പരമസുഖം പൂജിക്കുന്ന ഒരു വിധിയും ഉണ്ട്. അതിൽ ധർമ്മാധർമ്മാദിപൂജ ഇല്ല. ഇതാണ് സാമ്പ്രദായികവിധി. നാരായണീയത്തിൽ പീഠത്തിന്റെ കാലുകള്, ഹൃദയമദ്ധ്യത്തിൽ വിദിക്കുകളിൽ വരുമാറ് സങ്കല്പിക്കണം. ആഗ്നേയാദികോണുകളിൽ എന്നർത്ഥം. ആചാര്യവാക്യം- പ്രഭൂതങ്ങളെ യജിച്ച് വിമലവും സാരമെന്ന പേരുള്ളതുമായതിനെ ആരാധിക്കുക. ആ പരമസുഖപദത്തെ അഗ്ന്യാദികോണുകളിൽ നിർണ്ണയിച്ച പീഠമദ്ധ്യത്തില് യജിക്കണം. 3ആം ശ്ലോകം പ്രഭൂതം വിമലം സാരം എന്ന് ആചാര്യൻ ഉപയോഗിച്ച വാക്കുകൾതന്നെ ഉപയോഗിക്കുന്നു.പ്രയോഗസാരത്തിൽ ഈശാനാന്തം വിദിക്കുകളിൽ, പൂജിക്കാനായി പറയുന്നതും ഇതുതന്നെ.

39. പരമാദിമുഖം പീഠം സ്വബിംബാന്തം പ്രകല്പയേത്
ദീപ്താസൂക്ഷ്മാ ജയാ ഭദ്രാ വിഭൂതിര്

40. അമോഘാ വിദ്യുത്ഥസർവ്വതോമുഖീ പീഠശക്തയഃ
ദീപ്തദീപശികാകാരാ ബീജാന്യാസാം വിദുഃക്രമാത്

സംസ്കൃതഭാഷ്യം

സ്വബിംബാന്തമിതി. സോമാഗ്നിമണ്ഡലേ സംപൂജ്യസൂര്യമണ്ഡലം പൂജനീയമിത്യർത്ഥഃ ദീപ്തേത്യാസാം ധ്യാനം. തദുക്തം പ്രയോഗസാരേ-
ദീപ്തദീപശിഖാകാരാധ്യേയാഃസ്യുർനവശക്തയഃഇതി

മലയാളം ഭാഷ്യം

പരമാദിമുഖമായ പീഠം സ്വബിംബാന്തം സങ്കല്പിക്കുക.സോമാഗ്നിമണ്ഡലത്തിൽ ആദ്യം പൂജിച്ച് അതിനകത്ത് കേന്ദ്രത്തിൽ സൂര്യമണ്ഡലം പൂജിക്കുന്നു. പീഠത്തിലെ നവശക്തികൾ ദീപ്ത,സൂക്ഷ്മ,ജയ,ഭദ്ര,വിഭൂതി, അമോഘ,വിദ്യുത്, സർവ്വതോമുഖി,ദീപശിഖ.ദീപ്ത മുതൽ ദീപശിഖ വരെ എന്ന് പ്രയോഗസാരം.

41. അക്ലീബഹ്രസ്വത്രിതയസ്വരാൻബിന്ദ്വഗ്നിസംയുതാൻ,
വദേത് പദം ചതുർത്ഥ്യന്തം ബ്രഹ്മവിഷ്ണുശിവാത്മകം

42. സൌരായ യോഗപീഠായ നമഃപരമനന്തരം

പീഠമന്ത്രോയമാഖ്യാതോ ദിനേശസ്യ ജഗത്പതേ

സംസ്കൃതഭാഷ്യം

അക്ലീബേതി.ഹ്രസ്വത്രിതയം അഇഉ. അത്ര ക്ലീബഹ്രസ്വത്രിതയപദാഭ്യാം നഞാ സഹസംബന്ധഃ അഗ്നീരേഫഃ രാം രീം രൂം രൈം ഇത്യാദി നവബീ ജാനി. അന്യേതു ഹ്രസ്വത്രയം അഇഅം ഇത്യാഹുഃ തദുക്തം മഹാകപിലപഞ്ച രാത്രേ –ആദ്യോപാന്ത്യംതൃതീയം ച ത്യക്ത്വാ ചൈവം നപുംസകം ഭേദയേന്നവധാ യാന്തം സ്വരൈരേഭിര്യഥാക്രമം.

ബിന്ദുയുക്താനി ബീജാനി ശക്തീനാമുദ്ധൃതാനി വൈ ഇതി.

അന്യത്രാകാരേകാരവിസർഗ്ഗാൻഹിത്വാ നവബീജാനീതി. തദുക്തം പ്രയോഗസാര നാരായണീയയോഃ .

ആദ്യമന്തം തൃതീയം ച ത്യക്ത്വാപി ച നപുംസകാൻഇതി. പീഠമന്ത്ര ഇതി സർവ്വസൂര്യമന്ത്രസാധാരണ. ഇതി ജ്ഞേയം.

മലയാളം ഭാഷ്യം

ഹ്രസ്വത്രിതയം അഇഉ. ക്ലീബഹ്രസ്വത്രിതയസ്വരം ന ഞ ചേർന്നത്. അഗ്നി രേഫം. ബിന്ദു ചേർന്ന് രം,രാം,രീം,രൂം,രൈം ഇത്യാദി നവബീജങ്ങൾ. മഹാകപിലപഞ്ചരാത്രം ആകാരം ഏകാരം വിസർഗ്ഗം ചേർന്നത് നവബീജം . പ്രയോഗസാര,നാരായണീയങ്ങളിൽ ആദ്യം.അന്തം.ത്രിതീയം ,നപുംസകം ത്യജിച്ചത് നവബീജമെന്നാമ് പറയുന്നത്. സൂര്യമന്ത്രത്തിൽ നാലാംവർണ്ണ മായ ഈ അതിന്നവസാനമായ ഊ ഇവ ബിന്ദു ചേർത്ത് ബ്രഹ്മവിഷ്ണുശിവാ ത്മകങ്ങളായ പദങ്ങളുണ്ടാവുന്നു. രാം (രാമ)ബീജം ബ്രഹ്മബീജമാണ്. രീം (ഹരീം)ഹരിബീജം വിഷ്ണുബീജമാണ്. രൂം (ഉമാബീജം)ശിവബീജമാണ്. സൌരായ യോഗപീഠായ നമഃഎന്ന് ചേർത്ത് ഉച്ചരിച്ചാല് ജഗത്പതിയായ സൂര്യന്റെ മന്ത്രം.

43. താരാദി സ്വംസ്വസ്വോൽക്കായ മന്ദനാമൂർത്തികല്പനാ

സാക്ഷിണാം സർവ്വലോകാനാം തസ്യാമാവാഹ്യ പൂജയേത്

സംസ്കൃതഭാഷ്യം

താരാദീതി.സ്വസ്യോൽക്കായേതി സ്വരൂപം. തദുക്തംമഹാകപിലപഞ്ചരാത്രേഃ-

യാഷ്ടമം ബിന്ദുനായുക്തം ക ദ്വിതീയം തഥൈവ ച

തദേവകേവലം ഭൂയ ദാഭിന്നം സവിലോമകം

സവിലോമാച്ചതുർത്ഥം തു യതൃതീയോപരിസ്ഥിതം

അക്ഷരം തദ് ദ്വിതീയേന സ്വരേണൈവ പ്രഭേദിതം

വാനുലോമാച്ചതുർത്ഥം തു കേവലം തദനന്തരം

സമാപാദുദ്ധൃതോവത്സമൂർത്തിമന്ത്രഃഷഡക്ഷരഃഇതി

അയമന്യേഷാമപി സൂര്യമന്ത്രാണാം മൂർത്തിമന്ത്രഃഷഡക്ഷരഃഇതി.

തത്രാകാശബീജാദിരുദ്ധൃത ഇതി വിശേഷഃ അഥവാത്രൈവം വ്യാഖ്യേയം.

താരശ്ച ആദിശബ്ദേന പ്രഥമോത്പന്നത്വാത്

ആകാശസ്തസ്യബിന്ദുഃസമ്പ്രദായാദിതി. അഥവാ സ്വമിതി തന്ത്രേണാദ്വയ

മുപാത്തം ഏകേനാകേശമന്യേന സ്വരൂപം. പ്രയോഗസാരേപിഃ-

സൂര്യകാന്താക്ഷരേ പ്രോക്താ ബിന്ദുഭൂഷിതമസ്തകേ ഇതി. നാരായണീയേച-

സ്വകാന്തൌ ദണ്ഡിനൌചണ്ഡോ മജ്ജാദശനസംയുതാ

മാംസംദീർഘാജയദ്വായുരന്തേ തസ്യാപി കൃദ്വിദുഃ

ഏതശ്ച സാധയേത് കാമാനഭിഷേകജപാദിനാ ഇതി.

നിർബീജോപിതത്രൈവോദ്ധൃതഃ അത്ര ലകൈരതകൈരൌ

വേദികാപീഠഭേദേനേതി ഉഭാവപി സാമ്പ്രദായികൌ.

നിർബ്ബീജോമൂർത്തികല്പനായാം സബീജോ ജപാദാവിതി ജ്ഞേയം. അയം

സ്വതന്ത്രോപി മന്ത്രഃ അസ്യർഘ്യാദി യഥാ-

ഋഷിഃസൂക്ഷ്മകആഖ്യാതോജഗതീഛന്ദഈരിതം

ദേവഃസൂര്യോബീജശക്തികാന്തമജ്ജാസ്ഥഹൃത്സ്മൃതേ

സൂക്ഷ്മരൂപായാഗ്നിവധുഃസ്വാഹാന്തസൂക്ഷ്മതേജസേ

സൂക്ഷ്മകരാ(രൂപാ)യാഗ്നിവധൂഃസൂക്ഷ്മബലായ ഠദ്വയം

സൂക്ഷ്മകായായ സ ഹം ഫട് ജാതിയുക്താഃസമീരിതാഃ

പഞ്ചാംഗമന്ത്രാമന്ത്രാർണ്ണൈഃഷഡംഗം വാ പ്രകല്പയേത്

രക്തപത്മദ്വയം ഹസ്തേ ബിഭ്രാണം വരദാഭയേ

ബന്ധൂകാബം ത്രിനേത്രം ച രവിം ധ്യായേത് സുഭൂഷിതം
ലക്ഷമേകം ജപേന്മന്ത്രം ക്ഷീരാഹാരോ ജിതേന്ദ്രിയഃ
ജുഹുയാത്തദ്ദശാംസേന ബില്വാശ്വത്ഥസമിദ്ധ്വരൈഃ
സൂര്യപീഠേഷ്ടാക്ഷരവത് പൂജാ.വക്ഷ്യമാണാർഘ്യദാനം ച. ഖേചരിസിദ്ധിഫലം ജ്ഞേയം. ഉക്തഞ്ച നാരായണീയേ- അനേന ബഹുഭിഃപ്രാപ്താഃ ഖേചരത്വാദി സിദ്ധയഃ ഇതി. മൂർത്തികല്പനേതി. മൂലമന്ത്രമുച്ചാര്യ പശ്ചാദിമമുച്ചാര്യ മൂർത്തികല്പനേതി പത്മപാദാചാര്യാഃ

മലയാളം ഭാഷ്യം

സ്വന്തം സ്വന്തം ഉൽക്കയാണ് ഈ സൂര്യമന്ത്രങ്ങൾക്ക് മൂർത്തികല്പന.പ്രണവം ചേർത്ത് സ്വന്തം ഉൽക്ക മൂർത്തി. അതിലേക്ക് സർവ്വലോകസാക്ഷിയെ ആ വാഹിച്ച് പൂജിക്കുന്നു. മഹാകപിലപഞ്ചരാത്രം – യാഷ്ടമം ഹ, ബിന്ദു ചേർന്ന് ഹം. കദ്വിതീയം ബിന്ദുയുക്തം ഖം. ഇത് അനുലോമം ഹംഖം. വിലോമം ഖംഹം. ഇവ അഭിന്നമാണ്. ആകാശശബ്ദമാണ്. വിലോമമാവുമ്പോൾ യകാരം ലകാ രത്തിന് മൂന്നാമതാണ്. ലകാരത്തിന്റെ ദ്വിതീയാക്ഷരം വം (ഖഡ്ഗീശം). അതിനാൽ പ്രഭേദിതം. വകാരത്തിന് അനുലോമമായ ചതുർത്ഥം ഹ. തൃതീയം സ. ഇപ്രകാരം 6 അക്ഷരമുള്ള വത്സമൂർത്തി ഉത്ഭവിക്കുന്നു. ആകാശബീജത്തി ൽനിന്നാണ് മൂർത്തികളുണ്ടാവുന്നത്. (ഉദ്ധരിക്കപ്പെടുന്നത്) പ്രഥമോല്പന്നത്വ ത്താൽ താരത്തിന്റെ (പ്രണവം) ആദ്യബിന്ദു ആകാശം. ഈ ആകാശത്തി ൽനിന്ന് സ്വം എന്ന് ദ്വയാത്മകമായി മൂർത്തികൾസംഭവിക്കുന്നുവെങ്കിലും എല്ലാം മൂലരൂപമായ ആകാശം ,പ്രണവസ്വരൂപം തന്നെയാണ്. പ്രയോഗ സാരത്തിൽ സൂര്യകാന്താക്ഷരത്തിൽബിന്ദുവാല് അലങ്കരിക്കപ്പെട്ട മസ്തക ത്തിൽ എന്നർത്ഥം പറഞ്ഞിരിക്കുന്നു. (നാദബ്രഹ്മമായ പ്രണവം 0. അതിനു മദ്ധ്യത്തിൽ ബിന്ദു,ആകാശം. അതിൽ സൂര്യകാന്തമായി ജ്വലിക്കുന്ന സൂര്യമൂ ർത്തി (ബിംബം).മറ്റെല്ലാ മൂർത്തികളും ഈ മൂന്നില് അന്തർഗ്ഗതമായി ഇരി ക്കുന്നു.(താരമണ്ഡലം,ചന്ദ്രമണ്ഡലം,അഗ്നിമണ്ഡലം,ഗ്രഹമണ്ഡലം മുതലാ യവ) നാരായണീയത്തിൽ ചണ്ഡമായ ദണ്ഡികളാകുന്ന സ്വകാന്തങ്ങളാ ൽ(സ്വകാന്തകൾ) മജ്ജ,ദശ,മാംസം,ദീർഘം,ഹ്രസ്വം,ജന്മം,മരണം ഇവയുള്ള

സർവ്വമൂർത്തികളേയും സൂര്യോർജ്ജമാണ് സൃഷ്ടിക്കുന്നത് എന്നറിയുന്നവർ, അഭിഷേകജപാദികളാൽ സർവ്വകാമപ്രാപ്തി നേടുന്നു.നിർബീജവും അതിൽനിന്നുതന്നെയാണ് ഉദ്ധൃതമാവുന്നത്. അതിൽ ലകാരം,തകാരം (ലത, വിലോമം തല)ആണ് വേദികാപീഠങ്ങൾ. സർവ്വലതകളിലും, സർവ്വ തലകളിലും നിർബീജമായും സബീജമായും ഉള്ള സൂര്യോർജ്ജജപവിധി അറിയണം.ഋഷി സൂക്ഷ്മകൻ. ഛന്ദസ്സ് ജഗതി. ദേവത സൂര്യന്. ബീജശക്തി കാന്തശക്തി. (മാഗ്നറ്റിക്ക് പവർ). മജ്ജയിൽ സ്ഥിതി ചെയ്യുന്നതായി ഹൃദയത്തില് സ്മരിക്കുക. അഗ്നിവധു(സ്വാഹ)സൂക്ഷ്മരൂപമാണ്. സ്വാഹാന്തം സൂക്ഷ്മതേജസ്സിൽ സൂക്ഷ്മകര(രുഹ) അഗ്നിവധു. സൂക്ഷ്മബലായ ഠദ്വയം സൂക്ഷ്മകരായ ഹും ഫട്. ഓം സൂക്ഷ്മരൂപായ സ്വാഹാ. സൂക്ഷ്മതേജസേ സ്വാഹാ. സൂക്ഷ്മകരായ(സൂക്ഷ്മരുഹായ)സ്വാഹാ. സൂക്ഷ്മബലായ സ്വാഹാ. സൂക്ഷ്മകായായ ഹും ഫട് സ്വാഹാ.

പഞ്ചാംഗമന്ത്രം അകാരങ്ങളാൽ.ഷഡംഗന്യാസം ഇവ പറയുന്നു. രൂപം- ഇരുകയ്യിലും രത്നപത്മം,ഇരുകൈയിൽഅഭയവരദമുദ്ര. ചുവപ്പുനിറമായ മൂന്നുകണ്ണ്. ആഭരണങ്ങളാലലങ്കരിച്ച രവിയെ ധ്യാനിക്കുന്നു. പാലുമാത്രം കുടിച്ച് ജിതേന്ദ്രിയനായി ഒരുലക്ഷം ജപിച്ച് ദശാംശബിലം അശ്വത്ഥസമിത്തിൽ ഹോമിക്കുന്നു. സൂര്യപീഠത്തിൽ അഷ്ടാക്ഷരപൂജ,അർഘ്യദാനം,ഇവകൊണ്ട് ഫലം ഖേചരീസിദ്ധിയാണ്. നാരായണീയത്തിൽ ഖേചരീസിദ്ധി മുതലായി അനേകസിദ്ധികൾ പറയുന്നുണ്ട്. പത്മപാദര് മൂലമന്ത്രമുച്ചരിച്ചശേഷം ആദിമമുച്ചരിച്ച്(പ്രണവം)മൂർത്തികല്പന എന്നഭിപ്രായപ്പെടുന്നു.

44. അംഗാനിപൂജയേദാദൌ ദിക്പത്രേഷ്വർക്കമൂർത്തയഃ
ആദിത്യാദ്യാശ്ചതസ്രോച്ച്യാഃശക്തയഃകോണപത്രഗാഃ
45. സ്വസ്വനാമാദിവർണ്ണാഃസ്യുസ്താസാം ബീജാത്യനുക്രമാത്
ഉഷാപ്രജ്ഞാപ്രഭാസന്ധ്യാശക്തയഃ പരികീർത്തിതാഃ
46. പത്രാഗ്രസംസ്ഥാ ബാഹ്യാധ്യാഃപുരതോരുണാമർച്ചയേത്
ചന്ദ്രാദീനർച്ചയേത് പശ്ചാദ് ഗ്രഹാനഷ്ടൌ തതോ ബഹിഃ

സംസ്കൃതഭാഷ്യം

അംഗാനിപൂജയേദിതി കർണ്ണികായാം. തദുക്തേ നാരായണീയേ-
വഹ്നിരക്ഷോമാരുതേശദിക്ഷുപൂജ്യാഹൃദാദയഃ സ്വമന്ത്രൈഃകർണ്ണികാന്തസ്ഥാ
ദിക്ഷ്വസ്ത്രം പുരതശ്ച ദിക് ഇതി. ആദാവിത്യനേന കേസരേഷ്വഷ്ടാംഗപൂജാ
സൂചിതം. ആദിത്വാദ്വാ ഇതി
ന്യാസോക്തബീജസഹിതാഃഅത്രകേചനാദിത്യാദിമൂർത്തയശ്ചതസ്ര ഇതി
സമാനാധികരണ്യം കൃത്വാ സൂര്യം ന പൂജയന്തി. തദസത്. ഉദ്ദിഷ്ടപഞ്ചകമ
ദ്ധ്യേ ഏകത്യാഗേ കാരാണാഭാവാത്. മുഖ്യതയാ കർണ്ണികായാം സ പൂജിത
ഇതി ചേത്. പഞ്ചസുകഃപൂജിതഃകോനേതിനിയാമകാഭാവാത്. പൂർവ്വത്ര പരത്ര
ച യ്ത്ര .ത്ര പഞ്ചകമുക്തം തത്ര ത്യാഗസ്യാദൃഷ്ടചരത്വാച്ച. തേന പത്മപാദാചാ
ര്യോക്തരീത്യാ ആദിത്യം മദ്ദ്യേ സംപൂജ്യ രവ്യാദയോ ദിക്ചതുഷ്കേ പൂജ്യാഃചത
സ്ര ഇതി ശക്തിവിശേഷണത്വേന യോജ്യം. പുരതോരുണമർച്ചയേദിത്യുക്തേ.
കല്പിതദിഗപേക്ഷയാ തദീശദലമപിസംമുഖദലമിതി. തേന മഹാലക്ഷ്മിസ്ഥാനേ
അരുണഃപൂജ്യഃ മാതൃഭിരരുണാന്താമിഃഇത്യാചാര്യോക്തൈഃ പത്മപാദാചാര്യ
സ്തു മാതൃഃസംപൂജ്യപുരതോരുണമർച്ചയേദിത്യൂചുഃഅത ഏവ നാരായണീയേ
പൂർവ്വപത്രേ അരുണാസ്ഥമേത്യുക്തം.

മലയാളം ഭാഷ്യം

അംഗപൂജ. ദിക്പത്രങ്ങളിൽ,അർക്കമൂർത്തികൾ,കോണപത്രത്തിൽ ശക്തിക
ൾ,അവരവരുടെ നാമം,വർണ്ണം,ബീജം,ഇവയോടെ അനുക്രമമായി ന്യസിക്ക
പ്പെടുന്നു.ഉഷ,പ്രജ്ഞ,പ്രഭ,സന്ധ്യ ഈ ശക്തികൾ പത്രാഗ്രങ്ങളിൽ. പുറത്ത്
മുമ്പിൽ അരുണൻ, ചന്ദ്രാദികൾ,അഷ്ടഗ്രഹങ്ങള് ന്യസിക്കപ്പെടുന്നു. അംഗപൂജ
കർണ്ണികയിലാണ്.നാരായണീയം വഹ്നി,രാക്ഷസ,വായു ഈശാനകോണുക
ളിൽ ഹൃദാദയരായി കർണ്ണികാന്തസ്ഥമായി ദിക്കുകളില് അസ്ത്രത്തോടെ ധ്യാ
നം.ആദാവെന്നതിനാൽ കേസരങ്ങളില് അഷ്ടാംഗപൂജ.ആദിത്യാദികൾ ബീജ
സഹിതം ന്യസിക്കപ്പെടുന്നു. ആദിത്യാദികൾ നുറുകണക്കാകയാൽ,സമാനാധി
കരണം വെച്ച് സൂര്യൻ പൂജിക്കപ്പെടുന്നില്ല എന്ന വാദം അസത്യമാണ്. ഉദ്ദിഷ്ട
പഞ്ചകമദ്ധ്യത്തിൽ ഒന്നിനെ ത്യാഗം ചെയ്യാൻകാരണമൊന്നുമില്ല. മുഖ്യതയാ
ൽ കർണ്ണികയില് പൂജിതനാണ്. പത്മപാദർ:- ആദിത്യന് മദ്ധ്യത്തിലും രവ്യാ

ദികൾ ദിക്ചതുഷ്കത്തിലും പൂജിതരെന്ന് പറയുന്നുണ്ട്. ചതസ്രം (4) എന്നത് ശക്തിവിശേഷണത്തോട് (ഉഷ,പ്രജ്ഞ,പ്രഭ,സന്ധ്യ) യോജിച്ചാണ്.മുമ്പിൽ അരുണൻ.അതാണ് ദളമുഖം അഥവാ ആദിത്യദിക്ക്. മഹാലക്ഷ്മീസ്ഥാന ത്താണ് അതിനാൽ അരുണപൂജ.ആചാര്യൻ മാതൃഭിര് അരുണാന്താഭി . പത്മപാദർ മുമ്പിൽ മാതൃക്കൾ,സംപൂജിതരാകണമെന്ന് വ്യാഖ്യാനിക്കുന്നു. അതാണ് അരുണാർച്ചന. നാരായണീയത്തിൽ കിഴക്കുള്ള ദലത്തിലാണ് അരുണപൂജ.

47. ഇന്ദ്രാദീംശ്ചതദസ്ത്രാണി യഥാപൂർവ്വം സമർച്ചയേത്(ചന്ദ്രാ)
ഏവം സംപൂജ്യവിധിവദ് ഭാസ്കരം ഭക്തവത്സലം

സംസ്കൃതഭാഷ്യം

ചന്ദ്രാദീനീതി സ്വബീജാദ്യാൻ. ചന്ദ്രഃസോമഃ തത്ര പൂർവ്വാദിഷു ചന്ദ്രബുധഗുരുശുക്രാൻ. ആഗ്നേയാദിഷു ഭൌമമന്ദരാഹുകേതൂനിതി ജ്ഞേയം. പ്രയോഗസ്തു പൂർവ്വോക്തോനുസന്ധേയഃ അത ഏവ നാരായണീയേഃ-
പൂർവ്വാദിദിക്ഷു സംപൂജ്യാ ചാന്ദ്രജ്ഞഗുരുഭാർഗ്ഗവാഃ
ആഗ്നേയാദിഷു കോണേഷു കുജമന്ദാഹികേതവഃഇതി വിധിവദിത്യനേന സൂര്യപരിഷദ്ഭ്യോ നമഃഇതി ബഹിഃപരിഷദാൻ പൂജയേദിത്യുക്തം. ഗ്രഹൈഃസുരൈശ്ചാപി സൂര്യപരിഷദ്ഭിഃ ഇത്യുക്തേ.

മലയാളം ഭാഷ്യം

ചന്ദ്രൻ സോമന്. കിഴക്കുമുതൽ ക്രമത്തില് സോമൻ,ബുധൻ,ഗുരു,ശുക്രൻ. ആഗ്നേയാദിവിദിക്കുകളിൽ ഭൌമൻ,മന്ദൻ,രാഹു,കേതു. പ്രയോഗം പൂർവ്വോ ക്തമായത് അനുസന്ധാനം ചെയ്യുക. നാരായണീയതന്ത്രവും ഈ ക്രമം പറയുന്നു.ഇപ്രകാരം സൂര്യപരിഷത്തോട്ടുകൂടി ഭക്തവത്സലനായ സൂര്യനം വിധിപ്രകാരം പൂജിക്കുന്നു. സൂര്യപരിഷദ്ഭ്യോ നമഃ ഇപ്രകാരം പുറത്തെ പരിഷത്തുകളെ പൂജിക്കുന്നു. ഗ്രഹങ്ങൾ,ദേവന്മാർ ഇവര് സൂര്യന്റെ പരിഷ ത്തിലെ അംഗങ്ങളാണ്.

48. ദധ്യാദർഘ്യം പ്രതിദിനം വാരേ വാ തസ്യ ചോദിതേ
പ്രഭാതേ മമ്ഡലം കൃത്വാ പൂർവ്വവത് പീഠമർച്ചയേത്
49. പാത്രം താമ്രമയം പ്രസ്ഥതോയഗ്രാഹി മനോഹരം
നിധായ തത്ര മന്ത്രനാ പൂരയേത്തച്ഛുഭോദകൈഃ

സംസ്കൃതഭാഷ്യം

പ്രഭാതേ അർച്ചയേദിതി സംബന്ധഃ മണ്ഡലമിതി വൃത്തം.കൃത്വേതി രക്തചന്ദനേന.തദുക്തം പ്രയോഗസാരേഃ- രക്തചന്ദനഗന്ധേന കൃത്വാ വൃത്തം സുശോഭനം. മണ്ഡലം ഇതി. പ്രസ്ഥതോയഗ്രാഹീതി. പ്രസ്ഥപ്രമാണമുക്തം ശ്രീധരാചാര്യൈഃ-കുഡവശ്ചതുഃപലഃസ്യാത് പ്രസ്ഥഃകുഡവൈശ്ചതുർഭിഃസ്യാത്. ഇതി. മന്ത്രനാ വിലോമപഠിതേനേതി വിശേഷഃയദാഹുഃ-പ്രജപന്മനും പ്രതിഗതക്രമതഃ പരിപൂയേത് സുവിമലൈഃസലിലൈഃഇതി. ശുഭോദകൈരിതി. ആദിത്യമണ്ഡലാന്നിസരദമൃതധാരാരൂപത്വേന ധ്യാതൈരിത്യർത്ഥഃ

മലയാളം ഭാഷ്യം

നിത്യവും അർഘ്യം നൽകി ,പ്രതിവാരം ,പ്രഭാതത്തിൽ മണ്ഡലം വരച്ച് മുൻപോലെ പീഠം അർച്ചിക്കണം.സൂര്യമണ്ഡലം വൃത്താകൃതിയിൽ രക്തചന്ദനത്താൽ ഉണ്ടാക്കുന്നു. പ്രയോഗസാരത്തിൽ, സുഗന്ധമുള്ള രക്തചന്ദനത്താൽ സുശോഭനമായ വൃത്തം മണ്ഡലം എന്ന് കാണാം. ഒരു പ്രസ്ഥം വെള്ളം കൊള്ളുന്ന മനോഹരമായ താമ്രപാത്രം സ്ഥാപിച്ച് ശുഭോദകം നിറക്കുക. ശ്രീധരാചാര്യർ,പ്രസ്ഥപ്രമാണം പറയുന്നത് ഇങ്ങനെഃ-നാലു കുടവം ഒരു പലം അഥവാ ഒരു പ്രസ്ഥം. ആദിത്യമണ്ഡലത്തിൽനിന്ന് ഒഴുകുന്ന അമൃതധാരാരൂപത്തിൽ സൂര്യോർജ്ജത്തെ ധ്യാനിക്കുന്നു.(മഴയെ സൂര്യോർജ്ജമായി ധ്യാനിക്കയും പ്രസ്ഥപ്രമാണം കൊണ്ട് അളക്കുകയും ചെയ്യുന്നു)

50. കുങ്കുമംരോചനാരാജീരക്തചന്ദനവൈണവാൻ
കരവീരജവാശാലീകുശശ്യാമാകതണ്ഡുലാൻ
51. നിക്ഷിപേത് സലിലേതസ്മിന്നൈക്യം സഞ്ചിന്ത്യ ഭാനുനാ
സാംഗമഭ്യർച്ചയേത്തസ്മിൻഭാസ്കരം പ്രോക്തലക്ഷണം

സംസ്കൃതംഭാഷ്യം

രാജീ ആസൂരീ. രക്തം രക്തചന്ദനം. ചന്ദനം ശ്വേതചന്ദനം. വൈണവം വേണുബീജാനി. കരവീരം രക്തകരവീരപുഷ്പമിതി. പരമഗുരവഃ ജവാ രക്തജവാ. കുശം കുശാഗ്രം തണ്ഡുലാ അക്ഷതാഃ നിക്ഷിപേദിതി. യഥാലാഭം ക്വചിത്തിലാ അപി. തദുക്തമാചാര്യൈഃ-

ഗോരോചനാസ്തിലവൈണവരാജിരക്ത-

ശീതാഖ്യശാലികരവീരജപാകുശാഗ്രാൻ,

ശ്യാമാകതണ്ഡുലയുതാംശ്ച യഥാപ്രലാഭാൻ

സംയോജ്യഭക്തിഭരതോർദ്ധവിധിർവിധേയഃഇതി.

ഐക്യംസങ്കല്പ്യേതി. സ്വാത്മന ഇതിശേഷഃ സൈ്വക്യം സംഭാവയൻ സമാഹിതധീഃഇഷ്ടാദിനേശം ഇത്യുക്തേഃ തസ്മിൻപാത്രേ. സാംഗമിതി ഷഡംഗാഷ്ടാംഗസഹിതം.അഷ്ടാംഗേനാഭി സംപൂജ്യേതി പ്രയോഗസാരേ ഉക്തേഃ തത്ര മന്ത്രഷഡക്ഷരാണി. ഷഡംഗസ്ഥാനേഷു ഷഡംഗവദ്വിന്യസ്യ ഉദരപൃഷ്ഠയോർവർണ്ണദ്വയം വിന്യസേദിതി. പ്രോക്തലക്ഷണം പൂർവ്വോക്തധ്യാനം.

മലയാളം ഭാഷ്യം

കുങ്കുമം,ഗോരോചനം,ആസുരി(രാജി) രക്തചന്ദനം,ശ്വേതചന്ദനം,വേണുബീജം(മുളയരി) ചുവന്ന കരവീരപുഷ്പം, ചുവന്ന ജപാപുഷ്പം(ചെമ്പരത്തി) കുശാഗ്രം, ശ്യാമാകം(എള്ള്),തണ്ഡൂലം(അക്ഷതം) എന്നിവ ജലത്തിലിട്ട് ആ ജലത്താൽ സൂര്യബിംബത്തെ അഭിഷേകം ചെയ്യുക. അംഗോപാംഗം പറയപ്പെട്ട ലക്ഷണമുള്ള ഭാസ്കരനെ അഭ്യർച്ചനം ചെയ്യുക.ആചാര്യർ ഗോരോചനം,തിലം, വൈണവം, രാജി,ചുവന്നതും വെളുത്തതും ശീതളവുമായ രണ്ടുതരം ചന്ദനം, ശാലി, കരവീരം,ജപാപുഷ്പം,കുശാഗ്രം,ശ്യാമാകം,തണ്ഡൂലം ഇവയോട്ടുകൂടിയ ജലം ഭക്തിപൂർവ്വം മേൽപ്പറഞ്ഞ വിധിക്ക് വിധേയനായി, ശിരസ്സിലർപ്പിച്ചാൽ, സർവ്വലാഭവും അചിരേണ ലഭിക്കുമെന്ന് പറയുന്നു.   സ്വാത്മാവും സൂര്യനിലെ കാലാത്മാവുമായി ഐക്യം സങ്കല്പിക്കണം. സമാഹിതബുദ്ധിയോടെ എന്നിലെ ഊർജ്ജവും സൂര്യനിലെ ഊർജ്ജവും ഒന്നാണെന്ന ഭാവനയോടെയാണ് ധ്യാനം . സാംഗം എന്നാൽ ഷഡംഗം,അഷ്ടാംഗസഹിതം. പ്രയോഗസാര

ത്തിൽ അഷ്ടാംഗപൂജയാണ്. മന്ത്രത്തിലെ 6 അക്ഷരം ഷഡംഗസ്ഥാനത്ത് ഷഡംഗമായി വിന്യസിച്ച് ഉദരപൃഷ്ഠങ്ങളിൽ ബാക്കി രണ്ടുവർണ്ണം വിന്യസിച്ചാണ് അഷ്ടാംഗധ്യാനം.

52. ഗന്ധപുഷ്പാദിനൈവേദ്യൈര്യഥാവിധി വിധാനവിത്
തത് വിധായ ജപേന്മന്ത്രം സമ്യഗഷ്ടോത്തരം ശതം

53. പുനഃസംപൂജ്യഗന്ധാദ്യൈർജാനുഭ്യാമവനിം ഗതഃ
ആമസ്തകം തദുദ്ധൃത്യ വ്യോമ്നി സംവരണേ രവൌ

54. ദൃഷ്ടിം നിദായ സൈ്വക്യേന മൂലമന്ത്രം ധിയാജപൻ
ദധ്യാദർഘ്യം ദിനേശായ പ്രസന്നേനാന്തരാത്മനാ

55. കൃത്വാ പുഷ്പാഞ്ജലിം ഭൂയോജപേദഷ്ടോത്തരം ശതം
യാവദർഘ്യാമൃതം ഭാനുഃസമാദത്തേ നിജൈഃകരൈഃ

56. തേനതൃപ്തോദിനമണിർദ്ദധ്യാദസ്മൈ മനോരഥാന്
അർഘ്യദാനമിദം പുംസാമായുരാരോഗ്യവർദ്ധനം

57. ധനധാന്യപശുക്ഷേത്രപുത്രമിത്രകലത്രദം
തേജോവീര്യയശഃകാന്തിവിദ്യാവിഭവഭാതൃദം

സംസ്കൃതം ഭാഷ്യം

ആദിശബ്ദാത് ധൂപദീപൌ. യഥാവിദീത്യനൈനതദുക്തം ഭവതി. സാവരണമിതി. വ്യോമ്നി സൂര്യമണ്ഡലേപി സ്ഥിതമാവരണസഹിതം വിലോക്യമനസാ സംപൂജ്യേതി ച. ഉക്തഞ്ചഃ- ഇഷ്ട്വാദിനേശമഥപീഠഗതം തഥൈവ വ്യോമസ്ഥിതം പരിവൃതാവരണം വിലോക്യഃഇതി. വിധാനവിത് വിധാനേതി സംബന്ധഃ വിധാനവിദിത്യനേനൈ തദുക്തം ഭവതി. സോമാത്മനാഭാവിതാ മൃതബീജയുക്തേന വാമോഷ്ടബ്ധേന സ്വദക്ഷിണഹസ്തേനേതി. സമ്യഗിതി പ്രാണായാമത്രയം ഷഡംഗന്യാസം വിധായേതൃക്തം. പുനഃസംപൂജ്യഃജലമിതി ശേഷാഃഅർഘ്യം ദധ്യാദിതി. തത്ര പ്രകാരഃ മൂലാന്തേ ഭഗവതേ രവയേ അർഘ്യം കല്പയാമി നമഃ ഇത്യുച്ചാര്യേതി. പ്രസന്നേനാന്തരാത്മനേതി ഭക്ത്യാ ദധ്യാദിതൃക്തം.

മലയാളം ഭാഷ്യം

ഗന്ധപുഷ്പം,നിവേദ്യം ഇവകളാൽ,യഥാവിധി മന്ത്രജപം അഷ്ടോത്തരശതം ചെയ്ത് ഗന്ധാദിപൂജനം ചെയ്ത് ഭൂമിയില് മുട്ടുകുത്തി,ആമസ്തകം അതിൽനിന്ന് ഉദ്ധൃതമാക്കി വ്യോമത്തിൽ സംവരണത്തില് രവിയില് ദൃഷ്ടി ഊന്നി, സൈ്വക്യഭാവനയോടെ മൂലമന്ത്രം ധീകൊണ്ട് (ബുദ്ധികൊണ്ട്)ആന്തരജപം ചെയ്ത് പ്രസന്നമായി അന്തരാത്മാവോടെ പ്രഭാതത്തിൽ സൂര്യന് അർഘ്യം നൽകുന്നു.പുഷ്പാഞ്ജലി ചെയ്ത് അഷ്ടോത്തരശതം ജപിച്ച് അർഘ്യാമൃതം കരത്താല് ഭാനുവിന് സമർപ്പിക്കുന്നു. തൃപ്തനായ ദിനമണി നമ്മുടെ മനോരഥമെല്ലാം സാധിപ്പിക്കുന്നു. സൂര്യന് അർഘ്യദാനം കൊണ്ട് ആയുരാരോഗ്യവർദ്ധനവും ധനധാന്യപശുക്ഷേത്രപുത്രമിത്രകളത്രവും തേജസ്സ്,വീര്യം,യശസ്സ്,കാന്തി, വിദ്യ, വിഭവം,ഭാഗ്യം എന്നിവയും ഉണ്ടാവുന്നു.

ആകാശത്തിൽ,സൂര്യമണ്ഡലത്തിൽ,സ്ഥിതി ചെയ്യുന്നതും ആവരണദേവതാസഹിതവുമായ ദേവനെ മനസ്സിൽ ദർശിച്ച് ആന്തരപൂജ ചെയ്യണം. പീഠത്തിലിരിക്കുന്ന ഇഷ്ടദേവതാവിഗ്രഹം,ഹൃദയപീഠത്തിൽ ആത്മാഭിന്നമായിരിക്കുന്ന സൂര്യതേജസ്സ്,വ്യോമത്തിൽ ആവരണമൂർത്തികളോടൊപ്പമിരിക്കുന്ന ദേവതേജസ്സ് ഇവ മാനസധ്യാനത്തിൽ ഒന്നായിത്തീരുന്നു. സോമാത്മാവെന്ന് ആത്മഭാവന ചെയ്ത് അമൃതബീജത്തോടുകൂടി ഇടത്തുവശത്തെ ദളമുള്ള പത്മദളത്തിൽ, സ്വദക്ഷിണഹസ്തത്താൽ പൂജനം. സമ്യക്കായി പ്രാണായാമത്രയം. ഷഡംഗന്യാസം. പിന്നീട് പൂജനം.മൂലാന്തേ ഭഗവതേ രവയേ അർഘ്യം കല്പയാമി നമഃ എന്നുച്ചരിച്ച് അർഘ്യദാനം. ഭക്തിയാൽ പ്രസന്നമായ അന്തരാത്മാവോടുകൂടിയാണ് ദാനം.

58. ആകാശമഗ്നിദീർഘേന്ദുസംയുക്തം ഭുവനേശ്വരീ
സർഗ്ഗാന്വിതോ ഭൃഗുർഭാനോസ്ത്ര്യക്ഷരോ മനുരീരിതം
59. ആധാരാദിപദാഗ്രാന്തം കണ്ഠാദാധാരകാവധിഃ
മൂർദ്ധ്വാദികണ്ഠപര്യന്തം ക്രമാദ് ബീജത്രയം ന്യസേദ്

സംസ്കൃതം ഭാഷ്യം

പ്രയോജനതിലകമന്ത്രമാഹ ആകാശേതി. ആകാശോ ഹഃഅഗ്നീരേഫഃ ദീർഘം ആ ഇന്ദുർബിന്ദുഃഏതദ്യുതഃതേന ഹ്രാം ഇതി. ഭുവനേശ്രീ ഹ്രീം. വിസർഗ്ഗാന്വിതോ വിസർഗ്ഗയുക്തഃഭൃഗുഃസഃഹ്രാം ഹ്രീം സഃ ഋഷ്യാദിയഥാ- മനോരസ്യഭവേദ്ബ്രഹ്മാ മുനിരുക്തോഥവാഭൃഗുഃഛന്ദോപിഖല്വഗായത്രീ ദേവതാതീക്ഷ്ണാദീധിതിഃ ഇതി. ആദ്യം ബീജം ദ്വിതീയം ശക്തിഃപ്രണവാദിരിതി കേചിത് .പ്രയോഗ വിശേഷേ പരമാത്മാദിരജപാദിർവ്വേതി പത്മപാദാചാര്യാഃ

മലയാളം ഭാഷ്യം

പ്രയോജനതിലകമന്ത്രം. ആകാശം ഹ. അഗ്നി രേഫം .ദീർഘം ആ. ഇന്ദു ബിന്ദു. ഹ്രാം. അതിനോട് ഭുവനേശ്വരീബീജം ചേർക്കുക. (ഹ്രീം) വിസർഗ്ഗത്തോടു കൂടിയ ഭൃഗു. സഃ. ഇതാണ് ഭാനുവിന്റെ ത്ര്യക്ഷരമന്ത്രം. ഹ്രാം ഹ്രീം സഃ മൂലാധാരം മുതൽ പദാഗ്രം വരെ,കണ്ഠം മുതൽ മൂലാധാരം വരെ, മൂർദ്ധാവു മുതൽ കണ്ഠം വരെ ക്രമത്തില് ഈ ബീജത്രയം ന്യസിക്കുക. ഋഷി ബ്രഹ്മാവ്, ഭൃഗു. ഛന്ദസ്സ് ഗായത്രി. ദേവത തീക്ഷ്ണാദികൾ. ആദ്യം ബീജം,ദ്വിതീയം ശക്തി. പ്രണവാദികം മന്ത്രം. പ്രയോഗവിശേഷത്തിൽ പരമാത്മാദി അജപയായിട്ടാണ് പ്രണവമെന്ന് പത്മപാദാചാര്യർ.

60. ഷഡ്ദീർഘസ്വരയുക്തേന മദ്ധ്യേനാംഗാനി കല്പയേത്
അംഗാനീതി നേത്രാന്താനീതി ജ്ഞേയം.

സംസ്കൃതംഭാഷ്യം

അഗ്രേവക്ഷ്യമാണത്വാദത്രനോക്തം.തദുക്തം പ്രയോഗസാരേ-
അംഗുഷ്ഠാദികനിഷ്ഠാന്തമംഗുലീഷ്വയഥാക്രമാത്
ന്യസ്ത്വാവിനേത്രമംഗാനി നേത്രം ഹസ്തതലേ ന്യസേത് ഇതി.
നാരായണീയേപി- ന്യസ്യാംഗുലീഷു പഞ്ചാംഗം ലോചനം തലയോർന്യസേത്
ഇതി. തഥാ- ന്യസ്ത്വാനേത്രാന്തമംഗാനി തഥൈവാത്മനി സംയതഃ ഇതി.
പ്രയോഗസാരേ നാരായണീയേ ചാന്യാന്യംഗായുക്താനി-
കർത്തുതീയം വിലോമേന ബീജം ഹൃദയമുച്യതേ
അർക്കഃശിരശ്ചതുർത്ഥ്യന്തഃകഥ്യതേ ഭൂർഭുവഃസ്വരോം

ജ്വാലിനീതി ശിഖാ ഗീതാ ഹം വർമ്മസമുദാഹൃതം
ദ്വിതീയസ്വരസംഭിന്നം സ ചതുർത്ഥം സബിന്ദുകം
നേത്രം സ്വരാന്തമാരൂഢം യാന്തമസ്ത്രമിതി ക്രമാത് ഇതി.
നാരായണീയേ തു പ്രയോജനാദിതിലകഃസാക്ഷ്യം ഗാന്തഃസ്മൃതോമന്ത്രഃഇതി
ന്യാസേ ക്രമസംഗ്രഹേ വിശേഷഃ
ഹസ്തയോസ്തലപൃഷ്ഠേച ന്യസ്യ മന്ത്രാക്ഷരത്രയം
പദാന്തരാധിവക്ത്രേഷു തഥാ സപ്തഗ്രഹാനപി
മുഖേബാഹ്വൌ ച പദയോരുദരേ വക്ഷസിക്രമാദ്
മൂർദ്ധ്വാദിപഞ്ചസ്ഥാനേഷു ഹൃല്ലേഖാധ്യാശ്ചവിന്യസേത് ഇതി.
മൂർത്തിപഞ്ചകമിതി നവഗ്രഹന്യാസേ ഇതി പത്മപാദാചാര്യാശ്ചഃ

മലയാളം ഭാഷ്യം

ഷഡ്ദീർഘസ്വരത്തോടെ അജപയായിട്ടാണ് പ്രണവമെന്ന് പത്മപാദാചാര്യ ർ.ഷഡ്ദീർഘസ്വരത്തോടെ മദ്ധ്യത്തില് അംഗകല്പന നേത്രാന്തം. പ്രയോഗ സാരത്തിൽ,തള്ളവിരൽ,മുതൽ ചെറുവിരൽ വരെ ക്രമത്തിൽ നേത്രമൊഴികെ യുള്ള അംഗങ്ങൾ,നേത്രം ഹസ്തതലത്തിൽഎന്ന് ഷഡംഗന്യാസം. പ്രയോഗ സാരത്തിലും നാരായണീയത്തിലും മറ്റൊരു വിധത്തിലും അംഗകല്പനയുണ്ട്. വിലോമമായി ബീജത്രയം ഹൃദയം മുതല് മൂന്നു തലത്തിൽ.അർക്കന് തുരീയ മായി ശിരസ്സിൽ.മൂന്നുതലത്തിൽ ക്രമത്തിൽ ഭൂർ,ഭുവ,സ്വ. നാലാമത്തെ തുരീയപദം ശിരസ്സിൽ ഓം. ശിവ ജ്വാലിനി, ഗീത ഹം വർമ്മം (കവചം). ദ്വിതീയസ്വരം ആ.അതിന്റെ ചതുർത്ഥം ഊ. സബിന്ദുകം ആം.ഊം.ഇപ്രകാരം സ്വരാന്തത്തിൽ ആരൂഢമായി നേത്രം .അംഅഃയാന്തം ഹ (യകാരാദി ഹകാ രാന്തം)അസ്ത്രം. നാരായണീയത്തിൽ പ്രയോജനാദിതിലകം ഗാന്തം(ഘ) സാക്ഷ്യം (ക്ഷയോട്ടുകൂടി)എന്ന് സാക്ഷിത്വം (സർവ്വസാക്ഷിത്വം) പറയുന്നു. ക്രമസംഗ്രഹത്തിൽ ന്യാസവിശേഷം. കൈകളിൽ ഹസ്തതലം,ഗസ്തപൃഷ്ഠം ഇവയിൽ മന്ത്രാക്ഷരത്രയം. പദംമുതൽ മുഖം വരെ 7 ഗ്രഹം. മുഖം ,ബാഹു ക്കൾ,പാദങ്ങൾ,ഉദരം,വക്ഷസ്സ് എന്നിവിടങ്ങളിൽ- മൂർദ്ധാവുമുതൽപഞ്ച

സ്ഥാനങ്ങളിൽ ഹൃല്ലേഖാവിന്യാസം. ഇപ്രകാരം നവഗ്രഹന്യാസത്തിൽ മൂർത്തിപഞ്ചകമെന്ന് പത്മപാദാചാര്യർ.

61. രക്താംബുജാസനമശേഷഗുണൈകസിന്ധും
ഭാനുംസമസ്തജഗതാമധിപം ഭജാമി
പത്മദ്വയാഭയവരാന്,ദധതംകരാബ്ജൈർ-
മാണിക്യമൌലിമരുണാംഗരുചിം ത്രിനേത്രം.
62. ഭാനുലക്ഷം ജപേന്മന്ത്രമന്നാജ്യേന ദശാംശതഃ
തിലൈർവാ മധുരാസിക്തൈർജ്ജുഹുയാദ്വിജിതേന്ദ്രിയഃ
63. പൂർവ്വോക്തേ പൂജയേത് പീഠേ വിധാനേനാമുനാരവിം
പ്രഥമാവൃത്തിരംഗൈഃസ്യാത് പരാചന്ദ്രാദിഭിർഗ്രഹൈഃ
64. തൃതീയാലോകപാലൈഃസ്യാച്ചതുർത്ഥീസ്യാത്തദായുധൈഃ
ഇതിസംപൂജ്യനിർമ്മാല്യം തേജശ്ചണ്ഡായ ദീയതാം
65. അർഘ്യം പ്രാഗീരിതം ദധ്യാത് ഭാനവേസംയതേന്ദ്രിയഃ
സോപിരത്നം ധനം ധാന്യം പുത്രപൌത്രാൻപശൂംയശഃ

സംസ്കൃതഭാഷ്യം

ആയുധധ്യാനം പൂർവ്വവത്. ഭാനുലക്ഷം ദ്വാദശലക്ഷം. വസ്ത്രാണി ഭൂഷണാദീനി ദധ്യാദസ്മൈ ന സംശയഃ അംഗൈരിതി. തത്രാംഗധ്യാനം .യഥാ-
ഭാസ്വത് സരോജഹസ്താനി ശാന്താനി വരദാന്യപി
അംഗാനിദിവ്യരൂപാണി ധ്യേയാനി വലവന്തി ച
ദംഷ്ട്രാകരാളമസ്ത്രം തു വിദ്യുത് പുഞ്ജസമപ്രഭം ഇതി.
പ്രയോഗസാരേ,നാരായണീയേപി-
രക്താഃഹൃദാദയഃസൌമ്യാവരദാഃപത്മധാരിണാഃ
വിദ്യുത്പുഞ്ജനിഭം ത്വസ്ത്രമുഗ്രദംഷ്ട്രം ഭയാവഹം ഇതി.
പരാചന്ദ്രാദിഭിർഗ്രഹൈരിതി. അത്ര സ്വസ്വ നാമാദിവർണ്ണാദിത്വമനുസന്ധേയം. സ്വനാമാദ്യക്ഷരൈർബ്ബിന്ദുഭൂഷിതൈരന്വിതം യജേത് ഇതി പ്രയോഗസാരേ ഉക്തേഃ തത്രായം വിശേഷഃ പ്രാഗാദിസ്ഥിതൈഃ ചന്ദ്രഗുരുബുധ ശുക്രൈഃആഗ്നേയാദിസ്ഥിതൈർഭൌമമന്ദരാഹുകേതുഭിഃതദുക്തമാചാര്യൈഃ

പ്രാഗാദിദിശാസംഖ്യാഃശശിബുധഗുരുഭാർഗ്ഗവാ ക്രമേണസ്യു
ആഗ്നേയാദിഷ്വസ്ത്രിഷു ധരണിജമന്ദാഹികേതവഃപൂജ്യാഃഇതി.
പ്രയോഗസാരേപി സോമമൈന്ദ്ര്യേബുധംയാമ്യേ പശ്ചിമേതു ബൃഹസ്പതിം
സൌമ്യേ ശുക്രം തഥാഗ്നേയാമംഗാരകമഥാസുരേ
ശനൈശ്ചരംതതോ രാഹും വായവ്യാം കേതുമീശ്വരേ ഇതി.
തേജശ്ചണ്ഡോർക്കഗണഃ പ്രയോഗസാരപ്രയോഗവിശേഷ ഉക്തഃ-
സ്വജന്മദിനനക്ഷത്രേ ഗ്രഹണേ വാ സ്വജന്മഭേ
ഗ്രഹണാമപി വൈഷമ്യേ ഭയേവാ പ്രത്യപസ്ഥിതേ
ഇഷ്ട്വാ ദിവാകരം ദേവം ഗ്രഹൈഃസാർദ്ധം യഥോദിതം
മൂലേനസവിതുർബീജൈരന്യേഷാം ച പുരോദിതൈഃ
പ്രത്യേകംജുഹുയാത്തേഷാം ഗ്രഹാണാം തദ്ദിശിക്രമാത്
ഏകത്രവാഥവാ വഹ്നികാര്യം കൃത്വാ വിധാനതഃ
സമിത് സർപ്പിശ്ചരുദ്ധ്യൈതഃ ക്രമാദഷ്ടോത്തരം ശതം
പ്രതിവ്യാഹൃതിസംയുക്തം പ്രത്യേകം സ്മരണാന്വിതം
അർക്കഛപലാശാപാമാർഗ്ഗാവശ്വത്ഥോദുംബരൌ തഥാ
ഖദിരശ്ചശമീദൂർവ്വാദർഭാശ്ചസമിധഃക്രമാത്
പൂർണ്ണാഹുതിംതതോദധ്യാത്തേഷാം പ്രത്യേകമർണ്ണതഃ
കൃതേനാനേനയജ്ഞേന ഗ്രഹാസ്തു വ്യന്തിഭാവിതാഃ
സർവ്വേരോഗാഃപ്രണശ്യന്തി സംഗ്രമേഷു ജയം ലഭേത്
അഭിചാരാദയോദോഷാഃശാന്തിം യാന്തി ന സംശയാഃഇതി

മലയാളം ഭാഷ്യം

ധ്യാനം

ചുവന്നതാമരയിൽ,അശേഷഗുണങ്ങൾക്കും ഏകസിന്ധുവായി(ഏകസമുദ്രം), സർവ്വജഗത്തിനും അധിപനായിരിക്കുന്ന ഭാനുവിനെ ഭജിക്കുന്നു. രണ്ട് താമരകളും അഭയവരദമുദ്രകളും കരപങ്കജങ്ങളില് ധരിച്ച്,മാണിക്യമൌലിയോടും അരുണാംഗരുചിയോടും ത്രിനേത്രങ്ങളോടും കൂടി ഭാനുവിനെ ഭജിക്കുന്നു. 12 ലക്ഷം ജപിച്ച് അന്നം,ആജ്യം,ദശാംശം വീതം ഹോമിക്കുക. അല്ലെങ്കിൽ

തിലഹോമം ത്രിമധുരം എന്നിവ. ജിതേന്ദ്രിയനായി ഹോമിക്കണം.പീഠത്തിൽ രവിയെ വിധാനിക്കുന്നു. അംഗന്യാസം,ചന്ദ്രാദിഗ്രഹന്യാസം, ലോകപാല ന്യാസം,ആയുധന്യാസം,ഇവ ചെയ്ത് പൂജിച്ച് നിർമ്മാല്യം തേജശ്ചണ്ഡനു നൽകുക. മുമ്പുപറഞ്ഞതിന്റെ പകുതി (6 ലക്ഷം) സംയതേന്ദ്രിയനായി ചെയ്താൽ,രത്നം,ധനം,ധാന്യം,പുത്രപൌത്രന്മാർ,പശുക്കൾ,യശസ്സ്,വസ്ത്രങ്ങൾ,ആഭരണങ്ങൾ ഇവ ലഭിക്കുന്നു.

അംഗധ്യാനം

വലയം(വള) മുതലായവ ചാർത്തിയ പ്രകാശിക്കുന്ന സരോജഹസ്തങ്ങളില് അഭയവരദമുദ്ര,ദിവ്യരൂപങ്ങളായ അംഗങ്ങൾ, കരാളമായ ദംഷ്ട്രകൾ അസ്ത്രങ്ങ ളായി,(സൂര്യകിരണങ്ങൾ) വിദ്യുത്പുഞ്ജസമപ്രഭമായി ധ്യാനം. പ്രയോഗസാര ത്തിലും നാരായണീയത്തിലും ഹൃദാദികളാൽ രക്തവർണ്ണമായി സൌമ്യവും വരദവും പത്മധരവുമായി വിദ്യുത്പുഞ്ജസമാനം ,ഉഗ്രദംഷ്ട്രകൾ ഭയാവഹങ്ങ ളായ അസ്ത്രരൂപത്തിൽ അയച്ചുകൊണ്ട് ധ്യാനം.മുമ്പുപറഞ്ഞ പോലെ കിഴക്കു മുതൽ ദിക്കുകളിലും ആഗ്നേയം മുതല് വിദിക്കുകളിലും ചന്ദ്രാദികളും ഭൌമാദി കളും സ്വനാമാദ്യാക്ഷരരായി ബിന്ദുഭൂഷിതരായി യജിക്കപ്പെടുന്നു. ആചാര്യർഃ-കിഴക്കുമുതൽദിശകളില് ശശി,ബുധ,ഗുരു, ഭാർഗ്ഗവന്മാരും ആഗ്നേയാദി മുതല് ചൊവ്വ,ശനി,രാഹു,കേതു എന്നിവരും. പ്രയോഗസാരവും ഇത് പറയുന്നു. തേജ ശ്ചണ്ഡന്മാർ അർക്കഗണങ്ങളാണ്. നിർമ്മാല്യം ഇവർക്കാണ്. പ്രയോഗസാരത്തിലെ പ്രയോഗവിശേഷം

സ്വജന്മദിനം,സ്വജന്മരാശിയിൽ ഗ്രഹണം,വൈഷമ്യം,ഭയം, എന്നിവയിൽ സൂര്യനെ നവഗ്രഹസമേതം മൂലമന്ത്രത്തോടെ ഉദയസമയത്ത് യജിച്ച് പ്രത്യേകമായി അതാത് ദിശകളിലെ ഗ്രഹങ്ങൾക്ക് ഹോമം നടത്തി അഗ്നിയിൽ സമിത്തില് വെണ്ണ,ചരു,നെയ്യ് ഹോമിച്ച് അഷ്ടോത്തരശതം പ്രതിവ്യാഹൃതിയോടെ പ്രത്യേകം സ്മരിച്ച് അർക്കം,പലാശം,അപാമാർഗ്ഗ, അശ്വത്ഥം,ഉദുംബരം ,ഖദിരം,ശമി,ദൂർവ്വ,ദർഭ,സമിത്തുകളിൽ ക്രമത്തില് പൂർണ്ണാഹുതി ചെയ്യണം.ഇപ്രകാരം ചെയ്താൽ സർവ്വഗ്രഹങ്ങളും സന്തുഷ്ട

രാവും.സർവ്വരോഗവും ശമിക്കും. സംഗ്രാമങ്ങളിൽ ജയം ലഭിക്കും. അഭിചാരാദി ദോഷശാന്തി ഉണ്ടാവും.ഇതിൽ സംശയമില്ല.

66. ആകാശമഗ്നിപവനസദ്യാന്താര്ദ്ധീശബിന്ദുമത്
മാർത്താണ്ഡഭൈരവം നാമബീജമേദദ്ദദാഹൃതം
67. പുടിതം ബിംബബീജേന സർവ്വകാമഫലപ്രദം
ടാന്തംദഹനനേത്രേന്ദുസഹിതം തദ്ദീരിതം

സംസ്കൃതഭാഷ്യം

മാർത്താണ്ഡഭൈരവബീജമാഹ ആകാശമിതി.ആകാശോ ഹഃ അഗ്നി രേഫഃ പവനോ യഃസദ്യാന്ത ഔ.അർദ്ധീശ ഊ.ബിന്ദു ഏതദ്യുക്തഃ അത്രസ്വരദ്വയ മപി. ഗുരൂപദേശതോ യഥാ സമ്പ്രദായമുച്ചാരണീയം.ബ്രഹ്മാഋഷിർനിവൃഛന്ദഃ ഹം ബീജം ബിന്ദുശക്തിഃ ബിംബബീജമാഹ ടാന്തമിതി.ടാന്തം ഠഃദഹനോ രേഫഃ നേത്ര ഇഃ ഇന്ദുർബിന്ദുഃഏതദ്യ്തേന ഠ്റിം ഇതി. സർവ്വകാമഫലപ്രദമിത്യനേ നൈ തത് സംഗൃഹീതം. യദുക്തം നാരായണീയേ-
ആരോഗ്യമായുർശ്രീർവിദ്യാകാന്തിപുഷ്ടിർധനം യശഃ
സൌഭാഗ്യംശക്തിരൈശ്വര്യം രക്ഷാമേധാ വചോ ദ്യുതിഃ
സിദ്ധ്യന്തേവം വിധാഃകാമാ മന്ത്രസ്യാസ്യപ്രഭാവതഃഇതി

മലയാളം ഭാഷ്യം

ആകാശം ഹ. അഗ്നി ര. പവനൻ യ സദ്യാന്ത ഔ. അർദ്ധീശ ഊ. ബിന്ദുവോ ട്ടു കൂടി ഊം. ഗുരൂപദേശപ്രകാരം സ്വരദ്വയങ്ങള് യഥാസമ്പ്രദായം ഉച്ചരിക്ക പ്പെടണം. ഋഷി ബ്രഹ്മാവ്. ഛന്ദസ്സ് നിചൃത്. ഹം ബീജം. ബിന്ദു ശക്തി. ബിംബ ബീജം ടാന്തം ഠ. ദഹനൻ രേഫം ര. നേത്രം ഇ. ഇന്ദു ബിന്ദു. ഠ്റിം എന്ന് ഉച്ചാര ണം. സർവ്വകാമപ്രദമെന്ന് പ്രയോജനം. നാരായണീയതന്ത്രപ്രകാരം പ്രയോ ജനം- ആരോഗ്യം,ആയുസ്സ്,ശ്രീ,വിദ്യ,കാന്തി, പുഷ്ടി,ധനം,യശസ്സ്, സൌഭാ ഗ്യം, ശക്തി,ഐശ്വര്യം,രക്ഷ,മേധ,വച(വാക്ക്),ദ്യുതി(ശോഭ). മന്ത്രപ്രഭാവം കൊണ്ട് സർവ്വകാമവും ലഭിക്കുന്നു.

68. പഞ്ചഹ്രസ്വാദ്യബീജേന പഞ്ചമൂർത്തിഃപ്രവിന്യസേത്
മദ്ധ്യമാദികനിഷ്ഠാന്തമംഗുലീഷു ക്രമാദിമാഃ

69. സൂര്യാഖ്യോ ഭാസ്കരോ ഭാനുസ്തതോ രവിദിവാകരൌ
ശിരോവദനഹൃദ്ഗുഹ്യപാദദേശേഷു താഃപുനഃ

70. ദീർഘയുക്തേന ബീജേന നേത്രാന്താംഗാനി വിന്യസേത്
വ്യാപകം മൂലബീജേന കുർവ്വീതതദനന്തരം

സംസ്കൃതഭാഷ്യം

പഞ്ചേതി.സദ്യാന്തപഞ്ചഹ്രസ്വാദ്യമിത്യർത്ഥഃ മൂർത്തിഃസദ്യാവസാനികാഃഇതി നാരായണീയ ഉക്തേഃ മദ്ധ്യമാദീതി. മദ്ധ്യമാ തർജ്ജന്യാഗുഷ്ഠാനാമികനിഷ്ഠാ സ്വിത്യർത്ഥഃമദ്ധ്യമാദിബുജാന്തതഃഇതി നാരായണീയ ഉക്തേഃ ബീജേനേതി മാർത്താണ്ഡഭൈരവേന. പൂർവ്വത്രാപി ദീർഘയുക്തേ ഷഡ്ദീർഘയുക്തേ ന. നേത്രാന്താംഗാനീതി ഹൃദയശിരഃശിഖാകവചാനിവിന്യസ്യാസ്ത്രമപി വിന്യ സ്യ പശ്ചാന്നേത്രം വിന്യസനീയമിതി സമ്പ്രദായവിദഃകേചിത്തേഷു നേത്രാന്താ നീതി പഞ്ചാംഗാന്യേവ നേത്രാന്താനി ന്യസനീയാനി പഞ്ചാംഗാനി മനോരസ്യ നേത്രം തസ്യ ന വിദ്യതേ ഇതി അസ്യാപവാദമാഹുഃ തദസമ്പ്രദായികം- അംഗാനികുര്യാദ്ദീർഘാഢ്യരമാബീജേന മന്ത്രവിത് ഇതി ശ്രീപടലേ.
മദ്ധ്യേനദീർഘയുക്തേന പ്രാക്പുടേന പ്രകല്പയേത്
അംഗാനിജാതിയുക്താനി ക്രമേണമനുവിത്തമഃ
ഇതിഭുവനേശീപടലേ. ഏവമന്യത്രാപി യത്രയത്ര ദീര്ഘവചനം തത്ര തത്ര ഷണ്മാംദീർഘാണാം ഗ്രഹണാത് അത്ര സങ്കോചേകാരണാഭവാത് നേത്രാന്താംഗാനീതി വചനേന സങ്കോച ഇതി ചേത് വതദപി ന, സാമ്പ്രദാ യികവ്യാഖ്യാനാനുസാരേണാപ്യുപപത്തേഃകിഞ്ച നേത്രം തസ്യ വിവർജ്ജയേ ദിതി സാക്ഷാന്നിഷിദ്ധസ്യ നേത്രാംഗസ്യ സാമാന്യഭൃതേനാന്യഥാപ്യുപപ ദ്ധ്യമാനേന നേത്രാന്താംഗനീതി വചനേന ബാധോപി ന കർത്തും ശക്യതേ. അന്യച്ചാഗ്രേ അംഗപൂജാ യഥാപൂർവ്വമിതി വചനാത് ദിക്ഷ്വസ്ത്രപൂജോക്തൈവ .നേത്രമാത്രേ വിശേഷ ഉക്തഃഅഗ്രേ പുരുഷോത്തമമന്ത്രേപി നേത്രാന്താംഗാ ന്യുക്താനി. തത്ര ച ഷഡംഗമന്ത്രാ നേത്രാന്താ ഏവോദ്ധൃതാഃ

ഷഡംഗമന്ത്രാഃസന്ദിഷ്ടാ നേത്രാന്താസ്തന്ത്രവേദിഭിഃ ഇത്യനേന. പൂർവ്വോക്തമ ന്ത്രേ ലിഖിതപ്രയോഗസാരവചനാച്ച. അസ്മിൻമന്ത്രേ നാരായമീയേ ച പ്രാംശ വോംഗാനി ഷഡിതി തേന സാമ്പ്രദായികവ്യാഖ്യൈവ ഗരീയസീത്യലം. അത്ര നേത്രാംഗോത്കർഷതന്മന്ത്രോത്കർഷോപി ജ്ഞേയഃ ന്യായസിദ്ധത്വാത്.

മലയാളം ഭാഷ്യം

പഞ്ചഹ്രസ്വാദ്യബീജത്താൽ പഞ്ചമൂർത്തിവിന്യാസം. മദ്ധ്യമ,തർജ്ജനി, അംഗുഷ്ഠം, അനാമിക,കനിഷ്ഠിക എന്നാണ് അഞ്ചുവിരലിൽ പഞ്ചമൂർത്തിവിന്യാസം. സൂര്യൻ,ഭാസ്കരൻ,ഭാനു,രവി,ദിവാകരൻ എന്നിവര് ശിരസ്സ്,വദനം,ഹൃദയം, ഗുഹ്യം,പാദമെന്നിവിടങ്ങളിൽ.ദീർഘയുക്തമായ ബീജങ്ങളാല് നേത്രാംഗം അംഗവിന്യാസം. മൂലബീജത്താൽ വ്യാപകം. ഹൃദയം.ശിരസ്സ്,ശിഖ,കവചം, രണ്ടുനേത്രങ്ങൾ,എന്ന് ഷഡംഗം സമ്പ്രദായവിത്തുകൾ പറഞ്ഞിരിക്കുന്നു. നേത്രാന്തമെന്നാൽ പഞ്ചാംഗമേ ആവുകയുള്ളു. എന്ന അപവാദമുണ്ട്. ദീർഘാഢ്യരമാബീജത്താൽ എന്ന് ശ്രീപടലത്തിലും ഭുവനേശീപടലത്തിലും കണ്ടു. എവിടെയെവിടെ ദീർഘവചനം ,അവിടെയവിടെ ആറ് ദീർഘസ്വരപ്രയോഗം ഗ്രഹിക്കണം. അതിനാൽ നേത്രാന്തത്തെ നേത്രാന്താംഗമെന്ന് സങ്കോചിപ്പിക്കുന്നത് ശരിയല്ല. സാമ്പ്രദായികവ്യാഖ്യാനം തന്നെയാണ് ശരി എന്ന് ഭാഷ്യകാരൻ തെളിവാ.യി പറഞ്ഞിരിക്കുന്നു

പുരുഷോത്തമമന്ത്രം പറയുമ്പോഴും നേത്രാന്താംഗം പറയുന്നുണ്ട്. അവിടെയും ഷഡംഗമന്ത്രമാണ് നേത്രാന്താ എന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നത്. തന്ത്രവിത്തുകൾ ഷഡംഗമന്ത്രം നേത്രാന്തമെന്ന് അംഗീകരിക്കുന്നു.നേത്രാംഗത്തിന്റെ ഉത്കർഷം ആ മന്ത്രത്തിന്റെ ഉത്കർഷം തന്നെയാണ്. നേത്രം സാക്ഷിത്വമുള്ളതാണ്.ആ ദർശനക്ഷമത സൂര്യന്റെ പ്രാംശുക്കള് (രശ്മികൾ)കൊണ്ട് ലഭിക്കുന്നതാണ്.

71. ഹേമാംബോജപ്രവാലപ്രതിമനിജരുചിം ചാരുഖട്വാംഗപത്മൌ
    ചക്രംശക്തിംസപാശം സൃണിമതിരുചിരാമക്ഷമാലാം കപാലം

ഹസ്താംഭോജൈർദധാനം ത്രിനയനവിലസദ്വേദവക്ത്രാഭിരാമം
മാർത്താണ്ഡം വല്ലഭാർദ്ധ്വം മണിമയമുകുടം ഹാരദീപ്തം ഭജാമഃ

72. ലക്ഷത്രയം ജപേന്മന്ത്രീ ബീജംബിംബപുടീകൃതം
ദശാംശംകമലൈഃഫുല്ലൈർജ്ജുഹയാന് മധുരോക്ഷിതൈഃ

സംസ്കൃതഭാഷ്യം

ധ്യാനമാഹ ഹോമേതി.പ്രവാലഞ്ച തേനരക്തം .തദുക്തം നാരായണീയേ-
സിന്ദൂരാരുണമീശാനം വാമാർദ്ധദയിതം രവിം ഇതി. സൃണിരങ്കുശഃവേദവക്ത്ര
ശ്ചതുർവക്ത്രം. തദുക്തം നാരാണീയേ-
പാശാങ്കുശധരംദേവംസാക്ഷമാലംകപാലിനം
ഖട്വാംഗാബ്ജാരിശക്തീശ്ച ദധാത ചതുരാനനം ഇതി.
ദക്ഷാദൂർദ്ധ്വയോരാദ്യേ വാമാന്തമായുധാനി ധ്യേയാനി. ത്രിനയനേത്യനേന
ദ്വാദശനേത്രത്വമുക്തം. അഷ്ടബാഹും ദ്വിഷഡ്കാക്ഷമിതി നാരായണീയ
ഉക്തേഃ വല്ലബാർദ്ധമിതി വാമേ.

മലയാളം ഭാഷ്യം

ധ്യാനം

സ്വർണ്ണപത്മത്തില് പ്രവാളതുല്യമായ ശോഭയോടെ,ഖട്വാംഗം,പത്മം,ചക്രം, ശക്തി,പാശം,സൃണി,അതിരുചിരമായ അക്ഷമാല,കപാലം,ഇവ കൈകളിലേന്തി, ത്രിനയനങ്ങളോടെ, മണിമയമുകുടഹാരദീപ്തമായി ഏകമുഖത്തോടെ, അഭിരാമമായി, വല്ലഭയെ അർദ്ധാംഗിനിയാക്കി, മാർത്താണ്ഡനെ ഭജിക്കുന്നു. 3 ലക്ഷം ജപിച്ച് ബീജം ബിംബപുടീകൃതമാക്കി ദശാംശം താമരപ്പൂ(വിടർന്നത്) ത്രിമധുരത്തോടെ അർപ്പിക്കുക. നാരായണീയത്തിൽ,സിന്ദൂരാരുണമീശാനം വാമാർദ്ധദയിതം രവിം എന്നാണ് ധ്യാനം.സൃണി അങ്കുശമാണ്. ഏകവക്ത്രമെന്നതിന് വേദവക്ത്രമെന്നും പാഠഭേദം ഉണ്ട്.4 മുഖത്തിനാണ് 8 കൈ അനുപാതം. നാരായണീയത്തിൽ പാശം,അങ്കുശം,അക്ഷമാല,കപാലം, ഖട്വാംഗം, താമര,ചക്രം.ശക്തിധരിച്ച് നാന്മുഖരൂപമാണ്. വലത്ത് മുകളിൽനിന്ന് ഇടത്ത്

വരെ ആയുധധ്യാനം. 3 നയനം നാലുമുഖത്ത് 12 കണ്ണ്. 8 കയ്യും 12 കണ്ണും നാരായണീയം.

73. പീഠേ ദീപ്താദിഭിരുക്തേ കർണ്ണികായാമുഷാദികാഃ
പൂർവ്വാദിദിക്ഷു സംപൂജ്യ മൂർത്തിം മൂലേന കല്പയേത്
74. ആവാഹ്യ പൂജയേദ്ദേവം വക്ഷ്യമാണവിധാനതഃ
സൂര്യാദീംശ്ചതുരോദിക്ഷു വിദിക്ഷ്വന്യം സമർച്ചയേത്
75. അംഗപൂജായഥാപൂർവ്വം നേത്രമീശാനദിഗ്ഗതം
ഗ്രഹാനഷ്ടൌ തതോ ബാഹ്യേ ലോകപാലാംസ്തതഃപരം
76. അർഘ്യപ്രദാനം പ്രയജേൻമന്ത്രീ മാർത്താണ്ഡഭൈരവം
ഇതിസിദ്ധമനുർമന്ത്രീ സാധയേരിഷ്ടമാത്മനഃ

സംസ്കൃതഭാഷ്യം

ദീപ്താദിഭിരുക്തേ പീഠേ സൌര ഇത്യർത്ഥഃ ഉഷാദികാഃസംപൂജ്യേതി പീഠമന്ത്രാത് പൂർവ്വഗതകർണ്ണികായാമിതി ജ്ഞേയം. ആസാം ബീജേപി വിശേഷോ നാരായണീയേ ഉക്തഃ യദാഹുഃ-
ന്യസേദുഷാംപ്രഭാംസന്ധ്യാംപ്രജ്ഞാംദിക്ഷ്വബ്ജകർണ്ണികേ
ദണ്ഡിദീർഘസ്വനാനാദിവർണ്ണൈരാവാഹയേത്തതഃഇതി.
ന്യസേദിത്യനേന പീഠന്യാസേപ്യയം ക്രമ ഇത്യുക്തം.പൂജയേദ്ദേവമിതി. ബിംബബീജപുടീകൃതേന നമോന്തേന ബീജേന. യജേദ്യഥോപചാരാന്തേ ബിംബേനഹൃദയേന ച. ഇത്യുക്തേഃ സൂര്യാദീനിതി ആദ്യപദേന ഭാസ്കരഭാനുരവയഃസംഗൃഹീതാഃ വിദിക്ഷ്വന്യമിതി പഞ്ചമം ദിവാകരം. യഥാപൂർവ്വമിതി. ചതുർത്ഥോക്തരീതി.. നേത്രമിതി. തേന ഈശാനദിശി അംഗദ്വയപൂജനം. ഗ്രഹാനിതി പൂർവ്വമന്ത്രോക്തക്രമേണ.തതഃപരമിതി വജ്രാദിഭിഃ അർഘ്യപ്രദാനമിതി. പൂർവ്വോക്തമർഘ്യവിധാനമത്രാപി കുര്യാദിത്യർത്ഥഃ

മലയാളം ഭാഷ്യം

പീഠത്തിൽ ദീപ്താദികൾ,കർണ്ണികയിൽ ഉഷാദികൾ. കിഴക്കുദിക്കുമുതൽ മൂർത്തികളെ മൂലമന്ത്രത്താൽ സങ്കല്പിക്കുക. ആവാഹിച്ച് പറയപ്പെട്ട വിധാനത്തോടെ പൂജിക്കുക. സൂര്യാദികൾ നാലുദിക്കിൽ മുമ്പുപറഞ്ഞ പോലെ അർച്ചിക്കപ്പെടണം. അംഗപൂജ,ഈശാനദിക്കുമുതൽ നേത്രാദി,അഷ്ടഗ്രഹങ്ങൾ,പുറത്ത് ലോകപാലർ,ഇപ്രകാരം. അർഘ്യം നൽകി മാർത്താണ്ഡഭൈരവനെ ഇപ്രകാരം യജിക്കുന്നതുകൊണ്ട് ഇഷ്ടസിദ്ധി ലഭിക്കുന്നു.നാരായണീയത്തിൽ, ഉഷ, പ്രഭ, സന്ധ്യ,പ്രജ്ഞ,ഇവരെ പത്മകർണ്ണികകളില് ദിക്കുകളില് ന്യസിക്കപ്പെടുന്നു. ദണ്ഡിദീർഘസ്വനാമാദിവർണ്ണങ്ങളോടെ, അവരെ ആവാഹിക്കുന്നു. പീഠന്യാസക്രമം,പൂജാക്രമം ഇവ വിധിപോലെ. ബിംബബീജപുടീകൃതമെന്നാൽ നമോ എന്നവസാനിക്കുന്ന ബീജമന്ത്രത്താൽ എന്ന് അർത്ഥം.ഉപചാരശേഷം ബിംബത്തിലും ഹൃദയത്തിലും യജിക്കണം. സൂര്യാദി എന്ന ആദിപദത്താൽ, ഭാസ്കരഭാനുരവിമൂർത്തികള് ഉൾപ്പെടുന്നു. വിദിക്ഷ്വന്യം എന്നാൽ അഞ്ചാമത്തെ നാമം ദിവാകരൻ. ഈശാനദിക്കിൽ നേത്രങ്ങള് (അംഗത്രയം)പൂജിതം.

77.ശാല്യാജ്യതിലബില്വാനാം ലക്ഷഹോമാദ്ഭവേന്നിധിഃ
രാജവൃക്ഷസമുദ്ഭൂതൈഃപുഷ്പൈർഹോമോരമാകരഃ
78.ജപാകുസുമഹോമേന വശയത്യചിരാന്നൃപാന്
മാതുലിംഗഫലൈർഹുത്വാ ധനമിഷ്ടം ലഭേത സഃ
79.ഇമം മന്ത്രം ജപകർത്ത്യഃകീർത്തിം പുത്രാന് വലം ദ്യുതിം
വാക്സിദ്ധിമമിതാം ലക്ഷ്മീം സൌഭാഗ്യമപി സാധയേത്

സംസ്കൃതഭാഷ്യം

സാധയേദിഷ്ടമിത്യുക്താ തദേവാഹ ശാലീതി.ബില്വേതി ബില്വഫലാനി. തദുക്തം-സർപ്പിർവ്രീഹിതിലൈർബില്വൈഃഫലൈർലക്ഷംഹുനേന്നിധിഃ ഇതി. പഞ്ചവിംശതിസഹസ്രമിത്യാ പ്രത്യേകം.ഭവേന്നിധിരിതി. മന്ത്രിണാ ഇതി ശേഷഃ മാതുലിംഗോ ബീജാപൂരഃലഭേന്നിധിമിതി വാ പാഠഃ

മലയാളം ഭാഷ്യം

ശാലി,ആജ്യം,തിലം,ബില്വം ഇവകളാൽ ലക്ഷം ഹോമം ചെയ്താല് നിധി ലഭിക്കും. രാജവൃക്ഷപുഷ്പം കൊണ്ട് ശ്രീകരം. ജപാകുസുമം കൊണ്ട് രാജാക്കന്മാരുംകൂടി വശംവദരാവും. മാതുലിംഗത്താൽ ഇഷ്ടധനലാഭം, കീർത്തി,

പുത്രന്മാർ,ബലം,ദ്യുതി,അമിതമായ വാക്സിദ്ധി,ലക്ഷ്മി,സൌഭാഗ്യം, സർവ്വ സ്വവും സാധിക്കുന്നതാണ്. ശാലികൊണ്ട് ഇഷ്ടഫലപ്രാപ്തി. നെയ്യ്,എള്ള്, ബില്വം ഇവകൊണ്ട് ലക്ഷം ഹോമം നിധിലാഭം. ഓരോന്നുകൊണ്ടും 25000 വീതം ആകെ ലക്ഷഹോമം ചെയ്യണം.

80.വിയദർദ്ധേന്ദുസഹിതം തദാദിഃസർഗ്ഗസംയുതഃ
അജപാഖ്യോമനുഃപ്രോക്തോദ്വക്ഷരഃസുരപാദപഃ
81.ഋഷിർബ്രഹ്മാസ്മൃതോദേവീഗായത്രീഛന്ദഈരിതം
ദേവതാജഗതാമാദിഃസംപ്രോക്തോ ഗിരിജാപതിഃ

സംസ്കൃതഭാഷ്യം

അജപാമന്ത്രമാഹ വിയദിതി.അഗ്നീഷോമാത്മകത്വാദസ്യാത്രപടലേ ഉക്തിഃ തയോരാദ്യന്തയോരുക്തേഃവിയത് ഹഃഅർദ്ധേന്ദുഃബിന്ദുഃ തദാദിഃസഃ സർഗ്ഗോ വിസർഗ്ഗഃദ്വക്ഷരഃസുരപാദപ ഇത്യനേനൈതദുക്തം ഭവതി. ജപകാലേ ഏവം ധ്യായേദിതി. തദുച്യതേ-മന്ത്രോച്ചാരണകാലേ മന്ത്രം സുഷുമ്നാരന്ധ്രേംപൂർണ്ണവിശ്വരൂപം സദാനന്ദാത്മകം സപ്തവിംശകം ബ്രഹ്മ ധ്യക്ത്വാ തത്പ്രഭയാവിദ്വസർവ്വാംഗമാത്മാനം അർദ്ധനാരീശ്വര രൂപം ഷഡ്വിംശകമീശ്വരം ചിന്തയേത്. പിംഗലാരന്ധ്രമാദിബീജപഞ്ചവിംശകം പുരുഷബീജരൂപം പ്രാണാത്മനാ ധ്യാത്വാ ദ്വിതീയബീജമിഡാരന്ധ്രമദ്ധ്യ സ്ഥ ചതുർവ്വിംശകപ്രകൃതിരൂപം അപാനാത്മനാ ചിന്തയേത്. വിശ്വരൂപാ ൻ മന്ത്രാന് ദീപാദ്ദീപാന്തപ്രഭേവനിർഗ്ഗഛന്തോ വാമദക്ഷിണഭാഗൌ ഇഡാപിംഗലേ പരിപൂർണ്ണസുഷുമ്ണായാഃസ്ത്രീപുരുഷചിഹ്നിതൌ കൃതൌ ധ്യായേത്. ഹം ബീജം സഃശക്തിഃ

മലയാളം ഭാഷ്യം

അജപാമന്ത്രം.-വിയത് ഹഃ അർദ്ധേന്ദുഃ ബിന്ദു. തദാദി സ. സർഗ്ഗസംയുതം വിസർഗ്ഗത്തോടുകൂടി. ഹംസഃ അജപ എന്ന ഈ ദ്വക്ഷരമന്ത്രം (രണ്ടക്ഷരമു ള്ളത്)കല്പതരു അഥവാ സുരപാദപമെന്ന മന്ത്രമാണ്. ഋഷി ബ്രഹ്മാവ്. ഛന്ദസ്സ് ഗായത്രി. ദേവത ജഗത്തിന്റെ ആദിമൂലം. ഇപ്രകാരം പറഞ്ഞത് മറ്റാരുമല്ല,സാക്ഷാത് ഗിരിജാപതി തന്നെയാണ്.

മന്ത്രോച്ചാരണകാലത്ത് മന്ത്രം സുഷുമ്ണാബ്രഹ്മരന്ധ്രപര്യന്തം പൂർണ്ണ വിശ്വരൂപം ,സദാനന്ദാത്മകം 27 (സപ്തവിംശതി) ബ്രഹ്മരൂപമായി ധ്യാനിച്ച് അതിന്റെ പ്രഭയാൽ,വിദ്യുത്പ്രഭയാൽ,സർവ്വാംഗം ആത്മാവില് അർദ്ധനാരീശ്വരരൂപം 26(ഷഡ്വിംശകം) ചിന്തിക്കുക. പിംഗലാരന്ധ്രം ആദിബീജപഞ്ചവിംശകം(25) പുരുഷബീജസ്വരൂപം പ്രാണാത്മനാ ധ്യാനിക്കുക.ദ്വിതീയബീജം ഇഡാരന്ധ്രമദ്ധ്യസ്ഥമായി 24 (ചതുർവ്വിംശക) പ്രകൃതിരൂപമായി അപാനാത്മനാ ധ്യാനിക്കുക.വിശ്വരൂപമന്ത്രം ദീപാദ്ദീപാന്തപ്രഭ പോലെ പരന്ന് വാമദക്ഷിണഭാഗങ്ങളിൽ ഇഡപിംഗലകളിൽ,പരിപൂർണ്ണസുഷുമ്ണയായി സ്ത്രീപുരുഷചിഹ്നിതമായി ധ്യാനിക്കുന്നു. ഹം ബീജം. സഃ ശക്തി.

82. ഹസാഷഡ്ദീർഘയുക്തേന കുര്യാദംഗക്രിയാം മനോഃ
ഹസേതി സംയുക്തേന സാമ്പ്രദായികാ അന്യഥാ ഷഡംഗമാഹുഃ

സംസ്കൃതഭാഷ്യം

സൂര്യാത്മനേ ഹൃത്. സോമാത്മനേ ശിരഃ നിരഞ്ജനാത്മനേ ശിഖാ.നിരാഭാസാത്മനേ കവചം. അവ്യക്താത്മനേ നേത്രം. അതനുസൂക്ഷ്മപ്രചോദനാത്മനേ അസ്ത്രം .ഹസാ(ഹാ) മിത്യാദ്യൈരേഭിരിതി കേചിത്.

മലയാളം ഭാഷ്യം

ഹസാ ഷഡ്ദീർഘയുക്തമായി അംഗക്രിയ.സാമ്പ്രദായികമായി ഷഡംഗം.
സൂര്യാത്മനേ ഹൃത്
സോമാത്മനേ ശിരഃ
നിരഞ്ജനാത്മനേ ശിഖാ
നിരാഭാസാത്മനേ കവചം
അവ്യക്താത്മനേ നേത്രം
അതനുസൂക്ഷ്മഃപ്രചോദനാത്മനേ അസ്ത്രം
ഹസ എന്ന് ദീർഘാക്ഷരയുതമായി ന്യസിക്കണം.

83.ഉദ്യദ്ഭാനുസ്ഫുരിതതഡിദാകാരമർദ്ധാംബികേശം
പാശാഭീതിവരദപരശുസംദധാനം കരാഗ്രൈഃ

ദിവ്യാകല്പൈർനവമണിമയൈഃശോഭിതം വിശ്വമൂലം
സൌമ്യാഗ്നേയം വപുരവതു വശ്ചന്ദ്രചൂഡം ത്രിനേത്രം
84.ഭാനുലക്ഷം ജപേന്മന്ത്രം പായസേന സസർപ്പിഷാ
ദശാംശംജ്ജുഹയാത് സമ്യക് തതഃസിദ്ധോഭവേന്മനുഃ
85.ദീപ്താദിപൂജിതേ പീഠേ പ്രാഗുക്തേ പ്രയജേദ്വിഭും
മൂർത്തിം മൂലേന സങ്കല്പ്യാ യജേദംശാദിഭിഃസഹ
86.ഋതംവസും നരവരൌ ദിഗ്ദലേഷു വിദിക്ഷ്വഥ
അർച്ചയേദ്ദൃതജാംഗോജാമബ്ജാഖ്യാമദ്രിജാം പുനഃ
87.ലോകേശ്വരാംസ്തദസ്ത്രാണി പൂജയേത് ദേവമന്വഹം
അർഘ്യംച വിധിവദ്ദധ്യാത് പ്രാക്പ്രോക്തൈനൈവ വത്മനാ

സംസ്കൃതഭാഷ്യം

ഭാനുലക്ഷം ദ്വാദശലക്ഷം. പ്രാഗുക്തേ പീഠേ മൂർത്തിം മൂലേന സങ്കല്പ്യ വിഭും അംഗാദിഭിഃസഹപ്രയോജേദിതി അന്വയഃആദിശബ്ദാർത്ഥമാഹ ഋതമിത്യാദി.യജേദംഗൈഃസഹ ക്രമാദിത്യപി പാഠഃ അംഗൈ സഹഃഋതാദീൻദിഗ്ദലേഷ്യ അർച്ചയേദിത്യന്വയഃ

മലയാളം ഭാഷ്യം

ധ്യാനം

ഉദിക്കുന്ന സൂര്യനെപ്പോലെ സ്ഫുരിക്കുന്ന വൈദ്യുതി(മിന്നൽ)ശോഭയുള്ള ത്രൂപം, അർദ്ധാംബികേശന്റെ സ്വരൂപം. പാശം,അഭയവരദമുദ്ര,പരശു ധരിച്ച കൈകൾ,ദിവ്യാകല്പമണിമയശോഭിതവും വിശ്വമൂലവും സൌമ്യവും ആഗ്നേയവുമായി, ചന്ദ്രചൂഡന്റെ ത്രിനയനത്തോടുകൂടിയ ശരീരത്തെ ധ്യാനിക്കുന്നു.വാമോർദ്ധ്വം മുതല് ദക്ഷിണോർദ്ധ്വം വരെ ആയുധധ്യാനം. 12 ലക്ഷം പായസം,നെയ്യ് ദശാംശം ഹോമിച്ച് സമ്യക്കായി ജപിച്ചാൽ സിദ്ധനായിത്തീരും. പീഠത്തിൽ മുൻപറഞ്ഞപോലെ ദീപ്താദികള് പൂജിക്കപ്പെടുന്നു. മൂലമന്ത്രത്താൽ മൂർത്തി സങ്കല്പിച്ച് അംഗന്യാസം. ഋതം, വസു, നരവരാദികള്,ദിഗ്ദലങ്ങളിലും വിദിക്കുകളിലും ഋതജം,ഗോജം,അബ്ജം, അദ്രിജം എന്നിവർ പിന്നീട് ലോകേശ്വരന്മാർ,അവരുടെ അസ്ത്രങ്ങൾ.

അർഘ്യം വിധിപോലെ മുമ്പുപറഞ്ഞ കവചത്തോടെ വിധിപൂർവ്വം ദാനം ചെയ്ത് ഭക്തിപൂർവ്വം ധ്യാനിച്ച് അർച്ചനം.

88.മന്ത്രാഢ്യമാതൃകാംബോജേ പൂർണ്ണകുംഭം നിധായതം
പിധായവാമഹസ്തേന ന്യസ്തമന്ത്രേണ സംയതഃ

89.അഷ്ടോത്തരശതംമന്ത്രം ജപേത്തോയം സുധാമയം
സ്മൃത്വാതേനാഭിഷിഞ്ചേദ് യം സ ഭവേദ്വിഗതാമയഃ

90. ആയുരാരോഗ്യവിഭവാനമിതാൻ ലഭതേനരഃ
അനേനൈവവിധാനേനവിഷാർത്തോ നിർവ്വിഷോ ഭവേത്

സംസ്കൃതംഭാഷ്യം

മന്ത്രേതി അജപാഢ്യകർണ്ണികേ മാതൃകോക്താർച്ചാ പത്മേ. സംയത ഇത്യനേനതദുക്തം ഭവതി. വാമഹസ്തതലേ ചന്ദ്രമണ്ഡലം ധ്യാത്വാ തന്മദ്ധ്യേ മന്ത്രം സഞ്ചിന്ത്യ തേന ഹസ്തേന തന്മുഖം പിധായേതി. സ്മൃത്വേതിപൂർവ്വണാ സംബദ്ധ്യതേ. യമിതി ലിംഗമവിവക്ഷിതം. നാരീനരോവാ വിധിനാഭിഷിക്താഃഇത്യുക്തേ.

മലയാളം ഭാഷ്യം

മന്ത്രാഢ്യമായ മാതൃപത്മത്തിൽ പൂർണ്ണകുംഭം സ്ഥാപിക്കുന്നു. സംയതചിത്തനായി മന്ത്രം ജപിക്കുന്നു. (ഇടത്തുകയ്യിലെടുത്ത്)അഷ്ടോത്തരശതം മന്ത്രം ജപിച്ച് സുധാമയമായ ജലം അഭിഷേകം ചെയ്താൽ സർവ്വ ആമയങ്ങളും തീർന്ന് നിരാമയനാവുന്നതാണ്. ആയുരാരോഗ്യം ,അമിതവിഭവലാഭം ഇവ ഉണ്ടാവും. വിഷപീഢകൾനീങ്ങും. അജപ കർണ്ണികയിലും മാതൃകകൾ പത്മത്തിലും അർച്ചിക്കപ്പെടുന്നു.എല്ലാം സംയതചിത്തനായി അനുഷ്ഠിക്കണം. ഇടത്തെ കരതലത്തിൽ ചന്ദ്രമണ്ഡലം ധ്യാനിക്കുക. അതിന്റെ മദ്ധ്യത്തിലായി മന്ത്രം ധ്യാനിച്ച് ആ കയ്യുകൊണ്ട് മുഖം തൊടുക. ധ്യാനം നേരത്തേ പറഞ്ഞു. യം എന്ന് ലിംഗം അവിവക്ഷിതം.സ്ത്രീകൾക്കും പുരുഷന്മാർക്കും വിധിപോലെ അഭിഷിക്തരാവാനുള്ള അധികാരമുണ്ട്.

91.ഇന്ദുഭ്യാം വിഗലത് സുധാപരിവൃതം മന്ത്രാദ്യബീജം തതഃ
പ്രാച്യോതത്പരമാമൃതാർദ്രശശിനാസംസിക്തമാദ്യം സ്മരന്

മന്ത്രീമന്ത്രമിമം ജപേദ്വിഷഗദോന്മാദാപമൃത്യുജ്വരാൻ
ജിത്വാവർഷശതംവിശിഷ്ടവിഭവോ ജീവേത് സുഖം ബന്ധുഭിഃ

സംസ്കൃതഭാഷ്യം

ഇന്ദുഭ്യാമിത്യന്ത്യബീജഗാഭ്യാം വിസർഗ്ഗാവയവബിന്ദുഭ്യാം.തത ഇത്യന്ത്യ ബീജാത്. തത്രപ്രകാരഃ മനോരമപ്രദേശേ പത്മാസനേ ഉപവിശ്യ സുഷു മ്ണാഗ്രന്ഥിതാധോമുഖസഹസ്രദലപത്മകർണ്ണികാമദ്ധ്യേ വിസർഗ്ഗം ചന്ദ്രമണ്ഡലദ്വയരൂപേണ ധ്യാത്വാ തസ്മാത് ചന്ദ്രമണ്ഡലദ്വയാത് വിഗലിതബഹുലസുധാധാരയാ സഞ്ചിന്ത്യമാനമനാഹതകലേ കർണ്ണികാഗതം സകാരം സഞ്ചിന്ത്യ സുഷുമ്ണാരന്ധ്രേണ സകാരനിർഗ്ഗതസുധാരസേനാഭിഷിച്യമാനം പരിപൂർണ്ണസുധാമയം മണിപൂരസ്ഥം ബിന്ദും ധ്യാത്വാ തതഃസ്രവമമൃതധാരാപരിപൂർണ്ണം മൂലാധാരസ്ഥിതം ഹകാരം ചിന്തയിത്വാ തതോമൃതരസപരിപൂർണ്ണാം മന്ത്രാക്ഷരാമൃതസംസിക്തമാത്മാനം പരമാനന്ദസന്ദോഹനിമഗ്നമിവ ധ്യായേദിതി. അസ്യ ജീവസ്യ മന്ത്രസ്യ തന്ത്രാന്തരോക്തോ വിശേഷ ഉച്യതേ- ഈശ്വര ഉവാചഃ-

അജപാരാധനാ ദേവി കഥയാമിതവാനഘേ
യസ്യവിജ്ഞാനമാത്രേണപരംബ്രഹ്മാധിഗഛതി
ഹംസപദംപരേശാന്തിപ്രത്യഹം ജപതേ നരഃ
മോഹാന്ധേ യോ ന ജാനാതിമോക്ഷസ്തസ്യ ന വിദ്യതേ
ശ്രീഗുരോഃകൃപയാദേവി ജ്ഞായതേ ജപ്യതേ തതഃ
തഛ്വോശ്വാസൈസ്തു നിശ്വാസൈസ്തദാ ബന്ധക്ഷയോമുഖേത്
ഉഛ്വാസേ ചൈവ നിശ്വാസേ ഹംസ ഇത്യക്ഷരദ്വയം
തസ്മാത് പ്രാണാസ്തു ഹംസാഖ്യ ആത്മാകാരേണ സംസ്ഥിതഃ
നാഭേരുഛ്വാസനിശ്വാസാഹൃദയാഗ്രേ വ്യവസ്ഥിതഃ
ഷഷ്ഠിശ്വാസൈർഭവേത് പ്രാണഃഷഡ്പ്രാണാ ഘടികാമതാഃ
ഷഷ്ഠിർനാഡ്യാ അഹോരാത്രം ജപസംഖ്യാജപാമനോഃ
ഏകവിംശതിസഹസ്രം ഷഡ്ശതാദികമീശ്വരീ
പ്രത്യഹംജപതേപ്രാണഃസ്പന്ദാ(സദാ)നന്ദമയീം പരാം

ഉത്പത്തിർജപആരംഭോ മൃതിരസ്യ നിവേദനം.
വിനാജപേനദേവേശീ ജപോ ഭവതി മന്ത്രിണഃ
അജപേയം തതഃപ്രോക്തം ഭവപാശനികൃന്തനീ
ഏവം ജപം മഹേശാനി പ്രത്യഹം വിനിവേദയേത്
ഗണേശബ്രഹ്മവിഷ്ണുഭ്യോ ഹരായ പരമേശ്വരീ
ജീവാത്മനേക്രമേണൈവ തഥാ ച പരമാത്മനേ
ഷഡ്ശതാനിസഹസ്രാനി ഷഡേവ ച തഥാ പുനഃ
ഷഡ്സഹസ്രാണി ച പുനഃസഹസ്രം ച സഹസ്രകം
പുനഃസഹസ്രം ഗുരവേക്രമേണതു നിവേദയേത്
ആധാരേ സ്വർണ്ണവർണ്ണാഭേ വാദിസാന്താനി സംസ്മരേത്
ദ്രുതസൌവർണ്ണവർണ്ണാനി ദലാനി പരമേശ്വരീ
സ്വാധിഷ്ഠാനേ വിദ്രുമാഭേ ബാദിലാന്താനി ച സ്മരേത്
വിദ്യുത്പുഞ്ജപ്രഭാഭാനി സുനീലമണിപൂരകേ
ഡഫാന്താനി മഹാനീലപ്രഭാണി ച വിചിന്തയേത്
പിംഗവർണ്ണേ മഹാവഹ്നി കർണ്ണികാഭാനി ചിന്തയേത്
കാദിഠാന്താനി പത്രാണി ചതുർത്ഥേനാഹതേ പ്രിയേ
വിശുദ്ധൌ ധൂമ്രവർണ്ണൌതു രക്തവർണ്ണാന് സ്വരാന് സ്മരേത്
ആജ്ഞായാം വിദ്യുതാഭായാം ശുഭ്രൌ ഹക്ഷൌ വിചിന്തയേത്
കർപ്പൂരദ്യുതിസംരാജത് സഹസ്രദലനീരജേ
നാദാത്മകം ബ്രഹ്മരന്ധ്രം ജാനീഹി പരമേശ്വരീ
ഏതേഷു സപ്തചക്രേഷു സ്ഥിതേഭ്യഃപരമേശ്വരീ
ജപം നിവേദയേദേനമഹോരാത്രഭവം പ്രിയേ
അജപാനാമഗായത്രീ ത്രിഷുലോമേഷു ദുർല്ലഭാ
അജപാം ജപതോ നിത്യം പുനർജ്ജന്മ ന വിദ്യതേ
അജപാനാമഗായത്രീ യോഗിനാം മോക്ഷദായിനീ
അസ്യാഃസങ്കല്പമാത്രേണ നരഃ പാപൈഃപ്രമുച്യതേ
അനയാസദൃശീ വിദ്യാ അനയാ സദൃശോ ജപഃ
അനയാ സദൃശം പുണ്യം ന ഭൂതം ന ഭവിഷ്യതി ഇതി.

മലയാളം ഭാഷ്യം

ഇന്ദു അന്ത്യബീജമായ വിസർഗ്ഗാവയവബിന്ദു.മനോരമമായ പ്രദേശത്ത് പത്മാസനത്തിലിരുന്ന്, സുഷുമ്നാഗ്രന്ഥിയുടെ അധോമുഖത്തെ സഹസ്രദല പത്മകർണ്ണികാമദ്ധ്യത്തില് വിസർഗ്ഗം ചന്ദ്രമണ്ഡലദ്വയരൂപത്തില്



ധ്യാനിക്കണം.

ആ ചന്ദ്രമണ്ഡലദ്വയത്തിൽനിന്ന് ഒഴുകുന്ന ബാഹുലസുധാധാര (പരമാമൃ താർദ്ര ധാര) അനാഹതപത്മകർണ്ണികയില് സകാരമായി ചിന്തിക്കുക. സുഷുമ്നാരന്ധ്രത്തിലൂടെ സകാരത്തിൽ നിന്ന് നിർഗ്ഗളിക്കുന്ന സുധാരസ ത്താൽ അഭിഷേകം ചെയ്യപ്പെട്ട് ,പരിപൂർണ്ണസുധാമയമായി, മണിപൂര സ്ഥമായി ബിന്ദു ധ്യാനിക്കുക. അതിൽനിന്ന് സ്രവിക്കുന്ന അമൃതധാര പരിപൂ ർണ്ണമായി മൂലാധാരസ്ഥിതമായ ഹകാരത്തില് ധ്യാനിക്കുക. അതി ൽനിന്ന് അമൃതരസപരിപൂർണ്ണമായ മന്ത്രാക്ഷരങ്ങള് ആത്മാവിനെ പരമാനന്ദസന്ദോഹനിമഗ്നമാക്കുന്നതായി ധ്യാനിക്കുക. ഇതാണ് ജീവ മന്ത്രം. ഈ ജീവമന്ത്രത്തിന് തന്ത്രാന്തരോക്തമായ വിശേഷം-

ഈശ്വരൻ പറഞ്ഞു:- ദേവീ, അജപാരാധനം പറഞ്ഞുതരാം. ഏതൊന്നി ന്റെ വിജ്ഞാനമാത്രയിൽ പരബ്രഹ്മം പ്രാപിക്കുന്നുവോ, ആ ഹംസപദം നിത്യം ജപിക്കുന്ന മനുഷ്യൻ മോഹാന്ധകാരം എന്നതുതന്നെ അറിയുന്നില്ല. അതിനാൽ, മോഹാന്ധകാരത്തിൽനിന്ന് മോചനം (മോക്ഷം) എന്ന പ്രക്രി യ തന്നെ അവർക്കില്ല.(സദാ ജീവന്മുക്തരാണ്). ശ്വാസോച്ഛ്വാസാദി കളി ൽ അവർക്ക് ബന്ധക്ഷയം സംഭവിക്കുന്നു. ഉച്ഛ്വാസം ,നിശ്വാസം ഇവയി

ലാണ് ഹംസമെന്ന പേരിൽ ആത്മരൂപമായി സ്ഥിതി ചെയ്യുന്നത്. നാഭിയിൽനിന്ന് ഉച്ഛ്വാസനിശ്വാസങ്ങള് ഹൃദയാഗ്രത്തില് വ്യവസ്ഥിതമാണ്.60 ശ്വാസമാണ് ഒരു പ്രാണൻ. 6 പ്രാണമാണ് ഒരു ഘടിക. 60 നാഡി ഒരു അഹോരാത്രം. ഇതാണ് അജപാജപസംഖ്യ. 21000 നോട് 600 കൂട്ടിയ 21600 ആണ് ആ സംഖ്യ. ദിനംതോറും ഇത്രയും ജപം പ്രാണന് അനുഷ്ഠിക്കുന്നുണ്ട്. പ്രാണസ്പന്ദനം സദാനന്ദമയിയായ പരാശക്തിയാണ്. ഉല്പത്തി ജപാരംഭം. മൃതി അതിന്റെ നിവേദനം. ജപം കൂടാതെ ജപം ഭവിക്കുന്നതിനാലാണ് അജപ എന്ന് പേർ. സർവ്വസംസാരപാശവും അജപ നശിപ്പിക്കുന്നു.ദിനംപ്രതി ഈ അജപാജപം നിവേദിച്ചുകൊണ്ടിരിക്കുന്നു.ഗണേശ, ബ്രഹ്മ, വിഷ്ണു,ഹരാദികൾക്ക് ജീവാത്മാവിന്റെ ഈ പ്രത്യഹം നിവേദ്യം പരമാത്മാവിലാണ്. (ജീവാത്മപരമാത്മാഭേദത്താല് തന്നിൽത്തന്നെ)

600000, 6, 6000, 1000, 1000 – ഇങ്ങനെ സഹസ്രക്കണക്കില് ഗുരുവില് ക്രമേണ ജീവജാലങ്ങൾ നിവേദിച്ചുകൊണ്ടേ ഇരിക്കുന്നു.

മൂലാധാരം – സ്വർണ്ണവർണ്ണം . വശഷസ. എല്ലാ ദലങ്ങളും സൌവർണ്ണം.
സ്വാധിഷ്ഠാനം-പവിഴവർണ്ണം ബ തൊട്ട് ല വരെ.
മണിപൂരം-വിദ്യുത്പുഞ്ജപ്രഭയുള്ള നീല. ഡ തൊട്ട് ഫ വരെ
അനാഹതം-പിംഗലനിറം.അഗ്നിവർണ്ണം. ക മുതല് ഠ വരെ
വിശുദ്ധി-ധൂമ്രനിറം. രക്തവർണ്ണസ്വരം. 16 സ്വരവും
ആജ്ഞ-വൈദ്യുതശോഭ . ശുഭ്രമായി 2 വർണ്ണം . ഹ,ക്ഷ

സഹസ്രദലപത്മം –കർപ്പൂരശോഭ, നാദാത്മകമായ ബ്രഹ്മരന്ധ്രം. അതിൽ എല്ലാ വർണ്ണാക്ഷരങ്ങളും. ഈ ഏഴു ചക്രങ്ങളിൽ, ജപം,നിവേദനം,അഹോരാത്രങ്ങളിൽ സദാ സംഭവിക്കുന്നു.അജപാഗായത്രി മൂന്നുലോകത്തിലും വെച്ച് സുദുർല്ലഭയാണ്. യോഗികൾക്ക് മോക്ഷദായിനിയാണ്. അതിനെ സങ്കൽപ്പിച്ച മാത്രയില് മനുഷ്യന് സർവ്വപാപമുക്തി നേടുന്നു. ഇപ്രകാരമൊരു വിദ്യയോ ഇതിനു സദൃശമായി ഒരു ജപമോ പുണ്യമോ ഭൂതകാലത്തോ ഇപ്പോഴോ ഉണ്ടായിട്ടില്ല, ഇനി ഭാവിയിലൊട്ട് ഉണ്ടാവുകയുമില്ല.

92. വ്യാഹൃതീത്രയമഗ്നിഃസ്യാജ്ജാതവേദ ഇഹാവഹ
സർവ്വകർമ്മാണി സംഭാഷ്യസാധയാഗ്നിപ്രിയാ തതഃ
93.താരാധ്യോയം മന്ത്രഃപ്രോക്തഃപഞ്ചവിംശതിവർണ്ണവാന്
ഋഷിർഭൃഗുർവ്വേഛന്ദോ ഗായത്രം ദേവതാനലഃ
94.വിഭക്തൈഃപഞ്ചഭിഃഷഡ്ഭിശ്ചതുർഭിഃപഞ്ചഭിസ്ത്രിഭിഃ
ദ്വാഭ്യാമംഗക്രിയാപ്രോക്താ വർണ്ണോർമൂലമനോഃക്രമാത്

സംസ്കൃതഭാഷ്യം

അഗ്നിമന്ത്രമാഹ വ്യാഹൃതീതി. അഗ്നിരിതി സ്വരൂപം.വിസർഗ്ഗസ്യ സന്ധൌ രേഫഃ അഗ്നിപ്രിയാ സ്വാഹാ. പ്രണവശക്തിപുടിത ഇതി കേചിത്. ശ്രീകാമൈഃശ്രീബീജാദിർജപ്തവ്യഃപ്രണവോ ബീജം സ്വാഹാ ശക്തിഃവ്യാഹൃതിത്രയം തതോഗ്നിപ്രിയാ താരാദ്യോയം മന്ത്രരിത്യനേന സപ്താക്ഷരഃസമൃദ്ധ്യഗ്നിമന്ത്രോപി സൂചിതഃതദുക്തമാചാര്യൈഃ-വിയതോദശമോർദ്ധ്വിസർഗ്ഗയുക്തോ ഭുവസർഗ്ഗൌ ഭൃഗുലാന്ത ഷോഡശാചഃ ഹുതഭുക് ദയിതാധ്രുവാദികോയം മന്ത്രുക്തഃസുസമൃദ്ധിദഃ കൃശാനോ ഇതി. അസ്യ പ്രണവോ ബീജം സ്വാഹാ ശക്തിഃ ഏവന്മന്ത്രോക്തമേർവഷ്യാദി. ദ്വിരുക്താഭിർവ്യാഹൃതിഭിഃഷഡംഗം. ധ്യാനം തു-ശക്തിസ്വസ്തികപാശാൻസാങ്കുശവരദാഭയാൻദധ്യത് ത്രിമുഖ മുകുടാദിവിവിധഭൂഷോവതാർച്ചിരം പാവകഃപ്രസന്നോ വഃ ജപേദിമം മന്ത്രമുതലക്ഷമാദരാദ്ദശാംശതഃപ്രതിജുഹുയാത് പയോന്ധസാ സസർപ്പിഷാ സുസിതതരൈശ്ച ഷാഷ്ടികൈഃഇതി. പൂജാ തു വക്ഷ്യമാണക്രമണൈവേതി. അഗ്നിരിത്യാദി സ്വാഹാന്തോപി പൃഥക് മന്ത്രഇത്യപി സൂചിതം. തദുക്തം പ്രയോഗസാരേ-മന്ത്രോപ്യഗ്നിർജാതവേദഇഹാവഹസമന്വിതഃ സർവ്വകർമ്മാണ്യതഃസാധയസ്വാഹേതി ക്രമോദിതി. ഇതി. അപേക്ഷിതാർത്ഥദ്യോതനികായാമപ്യേതാദൃശ ഉക്തഃ ദ്വിവേദവേദേഷു വഹ്നിദ്വിവർണ്ണൈരംഗകല്പനാ ഇതി. ഋഷ്യാദി ധ്യാനപൂജാദികം സമാനമേവ.

മലയാളം ഭാഷ്യം

അഗ്നിമന്ത്രം-വ്യാഹൃതിത്രയം അഗ്നി. ജാതവേദസ്സായി അതിനെ ആവാഹിക്കുന്നു. സർവ്വകർമ്മങ്ങളും ആ അഗ്നിപ്രിയയാല് സാധിക്കുന്നു. ഭാഷിക്കപ്പെടുന്നു.ആദ്യം താരം, പ്രണവം. പിന്നീട് 25 വർണ്ണം .ഋഷി ഭൃഗു. ഛന്ദസ്സ് ഗായത്രി. ദേവത അഗ്നി. വിഭക്തമായി 5,6, 4,5,3,2 എന്ന് വർണ്ണങ്ങളുടെ മൂലത്താൽ ക്രമത്തില് അംഗക്രിയ. സ്വരൂപം അഗ്നി. വിസർഗ്ഗത്തിന്റെ സന്ധിയിൽ രേഫം. അഗ്നിപ്രിയ സ്വാഹാ. പ്രണവശക്തിപുടിതമായി മന്ത്രം. ശ്രീകാമമുള്ളവർ ശ്രീബീജാദിയായി ജപിക്കണം. പ്രണവം ബീജം സ്വാഹാ ശക്തി. മൂന്ന് വ്യാഹൃതി,സ്വാഹാ,പ്രണവം ചേർന്ന് സപ്താക്ഷരം. ആചാര്യൻഃഇത് സുസമൃദ്ധിദമെന്ന് പറഞ്ഞിരിക്കുന്നു.വ്യാഹൃതികൾ രണ്ടുപ്രാവശ്യം ഉച്ചരിച്ച് ഷഡംഗന്യാസം.

ധ്യാനം- ശക്തി,സ്വസ്തികം,പാശം,അങ്കുശം,വരദം,അഭയം ഇവ ധരിച്ച് 6 കൈ, മൂന്ന് മുഖം, മുകുടാദിവിവിധഭൂഷണങ്ങളോടുകൂടി പ്രസന്നമായി പാവകനെധ്യാനിക്കുന്നു. 6 ലക്ഷം ജപം,ദശാംശം പാൽ,നെയ്യ് ഹോമിക്കുക.സ്വാഹാന്തമായി മന്ത്രജപം. പ്രയോഗസാരത്തിൽ അഗ്നിയെ , ജാതവേദസ്സിനെ,ഇഹാവഹ എന്ന് മന്ത്രസമന്വിതം സ്വാഹാ എന്ന് സർവ്വകർമ്മസാദ്ധ്യത്തിനും ആവാഹിക്കുന്നു. അപേക്ഷിതാർത്ഥദ്യോതനികയിലും ഇത് പറയുന്നു. ദ്വിവേദവേദങ്ങളിൽ വഹ്നിക്ക് ദ്വിവർണ്ണമായിട്ടാണ് അംഗകല്പന. ഋഷ്യാദിധ്യാനപൂജാദികൾ മുമ്പു പറഞ്ഞതുതന്നെ.

95. അംസാസക്തസുവർണ്ണമാല്യമരുണാസ്യക്ചന്ദനാലംകൃതം
ജ്വാലാപുഞ്ജജടാകലാപവിലസന്മൌലിം സുശുക്ലാംശുകം
ശക്തിസ്വസ്തികദർഭമുഷ്ടികജപസ്രുക്സ്രുക്സ്രുവാഭീവരാന്
ദോർഭിർവിഭ്രതമഞ്ചിതത്രിനയനം രക്താഭമഗ്നിം ഭജേ.

സംസ്കൃതഭാഷ്യം

ആയുധധ്യാനം വാമാദ്യൂർദ്ധ്വയോരാദ്യേ തദധസ്ഥയോരന്യേ. ഏവമാന്തം.ധ്യാനാനന്തരം സപ്തജിഹ്വാഖ്യമുദ്രാം പ്രദർശയേത്. തല്ലക്ഷണം യഥാ- മണിബന്ധസ്ഥിതൌ കൃത്വാ പ്രസൃതാംഗുലികോ കരൌ കനിഷ്ഠാംഗുഷ്ഠയുഗലേ മിലിത്വാന്യാഃപ്രസാരയേത്

സപ്തജിഹ്വാഖ്യമുദ്രേയം വൈശ്വാനരവശങ്കരീ ഇതി. ഇയം സർവ്വാഗ്നിമന്ത്ര സാധാരണീതി ജ്ഞേയം.

മലയാളം ഭാഷ്യം

അഗ്നിധ്യാനം-തോളുകളിൽ സുവർണ്ണമാല്യം, ചുവന്നകുറിക്കൂട്ടുകളും ചന്ദന വും(രക്തചന്ദനം)പൂശി അരുണമായ ശരീരം,ജ്വാലാപുഞ്ജജടാകലാപം വിലസുന്ന മൌലി, വെളുത്ത വസ്ത്രം, ശക്തി,സ്വസ്തികം,ദർഭ,ജപമാല,സ്രുക്, സ്രുവം,അഭയവരദമുദ്ര ധരിച്ച എട്ട് കൈകൾ,ത്രിനയനം,രക്തവർണ്ണമായ അഗ്നിയെ ഭജിക്കുന്നു. ആയുധധ്യാനം ഇടത്ത് മുകളിൽനിന്നാണ്. ധ്യാന ത്തിനുശേഷം സപ്തജിഹ്വാമുദ്ര കാണിക്കുന്നു.

സപ്തജിഹ്വാമുദ്രാലക്ഷണം- വിരലുകള് മണിബന്ധത്തില് സ്ഥിതിചെയ്യും വിധം മടക്കുക. ചെറുവിരലും തള്ളവിരലും യോജിപ്പിച്ച് നിവർത്തുക. ഈ സപ്തജിഹ്വാമുദ്ര വൈശ്വാനരവശങ്കരിയാണ്. എല്ലാ അഗ്നിമന്ത്രങ്ങൾക്കും സാധാരണയായി ഈ മുദ്ര കാണിക്കുന്നു.

96. ഗുരോർലംബമനുർമന്ത്രീ ചതുർദശ്യാമുപോഷിതഃ
ജപേത് ഭാനുസഹസ്രാണി ശുദ്ധാചാരോ ജിതേന്ദ്രിയഃ
97.അമാവാസ്യദിനേ വിപ്രാൻ ഭോജയേൻമധുരോത്തരൈഃ
ഭക്ഷ്യഭോജ്യൈർയഥാശക്തി ദധ്യാത്തേഭ്യോഥദക്ഷിണാം
98.ഭുക്ത്വാ(ഇഷ്ട്വാ)സ്വയംസമാനീയഹോമദ്രവ്യാണി ശോധയേത്
അപരം ദിനമാരഭ്യഹോമം കുര്യാദതന്ദ്രിതഃ

സംസ്കൃതം ഭാഷ്യം

ഗുരോർലംബനമനുർമന്ത്രീചതുർദശ്യാമുപോഷിതോ ജപേദിത്യന്വയഃ
ചതുർദ്ദശ്യാമിതി ചൈത്രകൃഷ്ണചതുർദ്ദശ്യാം. തദുക്തം-
വത്സരാദേശ്ചതുർദ്ദശ്യാം ദിനാദാവേവ ദീക്ഷിതഃ
മന്ത്രം ദ്വാദശസാഹസ്രം ജപേൻസമ്യഗുപോഷിതഃഇതി.
മധുരോത്തരൈഃശർക്കരാദിമധുരദ്രവ്യാധികൈഃഅപരം ദിനമിതി ശുക്ലപ്രതിപദം. തദുക്തം- പരേഹനിപ്രതിപദ്യേതൈര്ജുഹുയാദർച്ചിതേനയേ ഇതി. നാരായണീയേ ച- അഗ്ന്യാദിഷു ദിഗന്തേഷു തിഥിവൃഷ്ടോത്തരം ശതം ഇതി.

മലയാളം ഭാഷ്യം

ചൈത്രമാസകൃഷ്ണചതുർദ്ദശിക്ക് ഗുരുവിന്റെ ലംബം അനുസരിച്ച് ശുദ്ധാച രണം(സദാചാരം)ജിതേന്ദ്രിയനായി അവലംബിച്ച് 12000 തവണ ജപം ചെയ്യണം.വത്സരാദിയിലെ (ചൈത്രം) ചതുർദ്ദശിയില് ദീക്ഷിതര് ഉപോഷി തരായി സമൃക്കായി 12000 പ്രാവശ്യം അഗ്നിമന്ത്രം ജപിക്കുന്നു. അമാവാസി ക്ക് മധുരത്തോടുകൂടി വിപ്രന്മാർക്ക് ഭോജനം കൊടുക്കുന്നു.യഥാശക്തി ഭക്ഷ ണം, ഭോജ്യം,ദക്ഷിണ ഇവ കൊടുത്ത് ശേഷം സ്വയം ഭക്ഷണം കഴിക്കുന്നു. പിറ്റേന്നാളിലേക്കുള്ള ഹോമദ്രവ്യങ്ങൾ പരിശോധിക്കുന്നു.പിറ്റേന്ന് ദിനം ആരംഭിക്കുമ്പോൾ, ഹോമവും പുനരാരംഭിക്കുന്നു. അപരം ദിനമെന്നാൽ ശുക്ലപക്ഷപ്രതിപദം.(ചതുർദ്ദശി,വാവ്,പ്രതിപദം).

99. ക്രമാദ്വടസമിധ് വ്രീഹി തിലരാജീഹവിർഘൃതൈഃ
പ്രത്യേകമഷ്ടോത്തരശതം ജുഹുയാത് ദിനശഃസുധീ
100. ദശാഹംഏവം നിർവൃത്യവിദാനേന വിധാനവിത്
ദത്വാപൂർണ്ണാഹുതിം സമൃഗേകാദശ്യാം ദ്വിജോത്തമാൻ.
101. സംപൂജ്യതർപ്പയേദ്വിത്തൈര്യഥാ വിഭവമാദരാത്
ഗുരവേദക്ഷിണാം ദധ്യാദരുണാം ഗാം പയസ്വിനീം
102. വാസാംസി ധനധാന്യാനി ദത്വാസംപ്രീണയേത് പുനഃ
സ്വമണ്ഡലാന്തം പ്രയജയേത് പീഠം സനവശക്തികം
103. പീതാശ്വേതാരുണാകൃഷ്ണാഃധൂമ്രാതീവ്രാസ്ഫുലിംഗനീ
രുചിരാജ്വാലിനീപ്രോക്താ കൃശാനോർനവശക്തയഃ

സംസ്കൃതഭാഷ്യം

ക്രമാദ് വടേതി ഷഡ്ദ്രവ്യാണി.നാരായണീയേതു സപ്തദ്രവ്യാസ്യുക്താനി. ന്യഗ്രോധസമിധോവ്രീഹിതിലരാജീഘൃതാന്വിതാ.സപായസഘൃതാ നിത്യം. ഇതി. തഥാ –തൈർദ്രവ്യൈഃസപ്തമിഃപൃഥക് ഇതി. ദശാഹമിതി. ഏവം വിധാനേന ദശാഹം നിർവൃത്യ വിധാനവേദികാദശ്യാം പൂർണ്ണാഹുതീം ഹുത്വാ ദ്വിജോത്തമാൻ സമ്യക് സംപൂജ്യേത്ത്യന്വയഃ തത്ര വിധാനവിധിത്യ നേന മഹാവ്യാഹൃതിഹോമം കൃത്വാ അംഗമൂർത്തിലോകപാലാസ്ത്രാണാ മേകൈകാഹുതിം ദത്വാ പൂർണ്ണാഹുതിരിത്യുക്തം. സമൃഗ് തർപ്പയേദിത്യ

നേന അർഘ്യാദിഭിരുപചാരൈരിത്യുക്തം.സമ്യഗ് തർപ്പയേദിത്യനേന അർഘ്യാദിഭിരുപചാരൈരിത്യുക്തം.സ്വമണ്ഡലാന്തം വഹ്നിമണ്ഡലാന്തം

മലയാളം ഭാഷ്യം

ക്രമമായി വടം,സമിത്ത്, വ്രീഹി,തിലം,രാജി,ഹവിസ്സ് ആയി നെയ്യ് എന്നീ ഷഡ്ദ്രവ്യങ്ങളാൽ പ്രത്യേ കം പ്രത്യേകം അഷ്ടോത്തരശതം ഹോമം. നാരായണീയം സപ്തദ്രവ്യമെന്ന് പറയുന്നു:- ന്യഗ്രോധം,സമിത്ത്,വ്രീഹി, തിലം, രാജി,ഘൃതം, സപായസ ഘൃതം. 10 ദിവസം ഇപ്രകാരം പൂർണ്ണാഹു തിചെയ്ത് ഏകാദശിക്ക് ബ്രാഹ്മണപൂജ,തർപ്പണം,വിഭവസമൃദ്ധമായ സദ്യ യോടെ ഗുരുവിന് ദക്ഷിണ ,പാൽ കറക്കുന്ന ചുവന്ന പശു, വസ്ത്രം,ധനധാന്യ ങ്ങളോട്ടുകൂടി നൽകി ഗുരുവിനെ ആനന്ദിപ്പിക്കണം. സ്വമണ്ഡലാന്തർഗത മായി നവശക്തികളോടെ പീഠത്തെ യജിക്കുന്നു. പീത(മഞ്ഞ,)ശ്വേത (വെ ള്ള) അരുണ(,ചുവപ്പ്), കൃഷ്ണ, ധൂമ്ര,തീവ്ര,സ്ഫുലിംഗിനി,രുചിര,ജ്വാലിനി ഇവരാണ് അഗ്നിയുടെ നവശക്തികൾ. പൂർണ്ണാഹുതിയോടെയുള്ള ഈ ദശാഹപൂജ വിധിപൂർവ്വം അനുഷ്ഠിക്കുന്നതിനെ മഹാവ്യാഹൃതിഹോമമെന്ന് പറയും. അംഗ,മൂർത്തി,ലോകപാല,അസ്ത്രാദികൾക്ക് ഓരോന്നുവീതം ആഹുതി കൊടുത്താണ് പൂർണ്ണാഹുതി .സമ്യഗ് തർപ്പണമെന്നാല് അർഘ്യാദിഉപചാരങ്ങളോടെ തർപ്പണം. സ്വമണ്ഡലാന്തം എന്നാൽ അഗ്നിമണ്ഡലാന്തം.

104.സ്വബീജേനാസനം ദധ്യാൻ മൂർത്തിം മൂലേന കല്പയേത്
തത്ര സംപൂജ്യയേദ് വഹ്നിം വിധിനാ പ്രോക്തലക്ഷണം
105 അംഗപൂജാം പുരാകൃത്വാ മൂർത്തീരഷ്ടൌദലേഷ്വിമാഃ
ജാതവേദാഃസപ്തജിഹ്വോഹവ്യവാഹനസംജ്ഞകഃ
106.അശ്വോദരജസംജ്ഞോന്യഃപുനർവൈശ്വാനരോഹ്വയഃ
കൌമാരതേജാഃസാദിശ്വമുഖോ ദേവമുഖഃപരഃ
107.അർച്ച്യാഃസ്വസ്തികശക്തിഭ്യാം വിരാജിതകരാംബുജാഃ
ലോകേശാനർച്ചയേത് ബാഹ്യേ വജ്രാദ്യായുധസംയുതാന്

സംസ്കൃതഭാഷ്യം

സ്വബീജേനേതി. രം ഇത്യനേന. രം വഹ്നിയോഗപീഠായ നമഃ ഇതി ആസ
നമന്ത്രഃ വിധേനേതി ഷോഡശോപചാരൈഃപ്രോക്തലക്ഷണ മുക്തധ്യാനം
.മൂർത്തിനാം കഥനമന്യമൂർത്തിനിവൃത്ത്യർത്ഥം .പ്രയോഗസാരനാരായ
ണീയയോരന്യാ മൂർത്തയ ഉക്താഃ-
അഗ്നിർവൈശ്വാനരഃപശ്ചാത് പരഃപ്രോക്തോ ഹുതാശനഃ
ഹുതവർമ്മാ ജാതവേദാസ്തതശ്ചാപി ഹുതാവഹഃ
ഭൂയോ ദേവമുഖഃസപ്തജിഹ്വശ്ചേത്യഗ്നിമൂർത്തയഃഇതി
ഏതാ വ്യാഹൃതിത്രയരഹിതേ മന്ത്രേ ജ്ഞേയാഃ

മലയാളം ഭാഷ്യം

അഗ്നിബീജത്താൽ ആസനം നൽകി, മൂലമന്ത്രത്താൽ മൂർത്തികല്പനം ചെയ്ത് അഗ്നിയെ പൂജിക്കുന്നു.അഗ്നിപൂജക്കുശേഷം അഷ്ടദലത്തില് അഷ്ടമൂർത്തികല്പന. അഷ്ടമൂർത്തികൾഃ-ജാതവേദൻ,സപ്തജിഹ്വൻ, ഹവ്യവാഹനൻ,അശ്വോദരജൻ,വൈശ്വാനരൻ,കൌമാരതേജൻ,വിശ്വമുഖൻ,ദേവമുഖൻ. സ്വസ്തികം, ശക്തി ഇവ ധരിച്ചവരാണ്.പുറത്ത് ലോകപാലകർ, അതി നു പുറത്ത് അവരുടെ വജ്രാദി ആയുധങ്ങൾ. സ്വബീജം അഗ്നിബീജം രം. രം വഹ്നിയോഗപീഠായ നമഃ എന്ന് ആസനമന്ത്രം. ഷോഡശോപചാരത്തോടെ ധ്യാനം. പ്രയോഗസാര,നാരായണീയങ്ങളിൽ പറയപ്പെട്ട അഷ്ടമൂർത്തികൾഃ-അഗ്നി,വൈശ്വാനരൻ,ഹുതാശനൻ, ഹുതവർമ്മാ,ജാതവേദ, ഹുതാവഹ,ദേവമുഖ,സപ്തജിഹ്വ. ഇവരെ വ്യാഹൃതിത്രയരഹിതമായ മന്ത്രത്താൽ ധ്യാനിക്കുന്നു.

108.ഇതിസംപൂജയേന്നിത്യം ജപേത് സാഗ്രം സഹസ്രകം
ജായതേവത്സരാദർവ്വാഗ്ധനധാന്യസമൃദ്ധിമാൻ.
109. സാജ്യമന്നം പ്രജുഹുയാദ്വത്സരാല്ലഭതേ ശ്രിയം
കുസുമൈർബ്രഹ്മവൃക്ഷസ്യ ദധിക്ഷൌദ്രഘൃതപ്ലുതൈഃ
110. കരവീരപ്രസൂനൈർവ്വാ മണ്ഡലാത് സ്യാത്മമൃദ്ധിമാൻ
ഷണ്മാസംകപിലാജ്യേന ജുഹുയാദ്വത്സരാന്തരേ
111. തസ്യ സംജായതേലക്ഷ്മീഃകീർത്തിസ്ത്രൈലോക്യവന്ദിതാ
ശാലിഭിർജുഹുയാന്നിത്യം വിധിനാഷ്ടോത്തരം ശതം

112.വ്രീഹിഗോമഹിഷാന്നാദ്യൈർഭവനം തസ്യ പൂര്യതേ
തിലഹോമേന മഹതീം ലക്ഷ്മീമാപ്നോതി മാനവഃ
113. പലാശബില്വഖദിരശമീദുഗ്ദ്ധമഹീരുഹാം
വികങ്കതാരഗ്വധയോഃസമിദ്ഭിഃകരവീരജൈഃ
114. പ്രസൂനൈഃകുമുദൈഃപദ്മൈഃകൽഹാരൈരരുണോല്പലൈഃ
ജാതീപ്രസൂനൈർദൂർവ്വാഭിർനിത്യമഷ്ടോത്തരം ശതം
115. ഏകേന ജുഹുയാൻമന്ത്രീ പ്രതിപത് സ്യഥവാ സുധീഃ
സാധയേദഖിയാൻകാമാന് ഷണ്മാസാന്നാത്ര സംശയഃ

സംസ്കൃതഭാഷ്യം

ജപേത് സാഗ്രം സഹസ്രകമിതി നിത്യജപസംഖ്യോക്താ.ഇയം സർവ്വ ത്രാപി ജ്ഞേയാ. ജുഹുയാദിതി ഷണ്മാസം.വിധിനാഷ്ടോത്തരം ശതമിതി. വിധിനേതി പ്രതി പ്രതിപദം ചേത്യുക്തം. നിത്യം ജുഹുയാത് പ്രതിപ്രതിപദം ചേതിവികല്പഃ ഏകേന നിത്യമഷ്ടോത്തരം ശതമിതി. ദുഗ്ദ്ധമഹീരുഹ ഏകസ്യ യസ്യ കസ്യ ചിദ്ഗ്രഹണാത്. അരുണോല്പലൈഃ രക്തകമലൈഃ രക്തകുവലയൈരിത്യപി. യത് കോശശ്ച- രക്തോല്പലം കോകനദം രക്താബ്ജേ രക്തസന്ധ്യകേ ഇതി. അതഃസപ്തസമിധഃ സപ്തപുഷ്പാണി ഏകാദൂർവ്വേതി പഞ്ചദശദ്രവ്യാണി.തത്ര പ്രതിപദാദി പർവ്വപര്യന്തം പ്രത്യഹമേകൈകേനോക്തസംഖ്യയാ ജുഹുയാത്. ഏവം പ്രതിപക്ഷം യാവത് ഷണ്മാസപൂർത്തിഃ അഥവാ പ്രതിപത് സ്ഥിതിപക്ഷേ ഏകേന ഏകൈകേന തേന തസ്മിൻ ദിവസേ പഞ്ചദശഭിദ്രവ്യൈഃ പ്രത്യേകമഷ്ടോ ത്തരശതസംഖ്യയാ ജുഹുയാത്.

മലയാളം ഭാഷ്യം

നിത്യം ഇപ്രകാരം പൂജിച്ച് ജപിച്ചാൽ ഒരു കൊല്ലം കൊണ്ട് ധനധാന്യസമൃ ദ്ധി. ആജ്യവും അന്നവും കൊണ്ട് ഒരു വർഷത്തിനകം ശ്രീലാഭം. ബ്രഹ്മ വൃക്ഷപുഷ്പം,തൈര്,നെയ്യ്,കരവീരപുഷ്പം ഇവ കൊണ്ട് ഒരു മണ്ഡലകാല ത്തിൽതന്നെ ആത്മശുദ്ധിമാനാവും.6 മാസം കപിലാജ്യം ഹോമിച്ചാല് ഒരു വത്സരം കഴിഞ്ഞാൽ ത്രൈലോക്യവന്ദിതമായ ലക്ഷ്മിയും കീർത്തിയും ലഭിക്കും. ശാലികൊണ്ട് അഷ്ടോത്തരശതം ഹോമിച്ചാല് വ്രീഹി,പശുക്കൾ,

പോത്ത് ഇവകളാൽ ഗൃഹം സമൃദ്ധമാവും. തിലഹോമം കൊണ്ട്
മഹത്തായ
ലക്ഷ്മിപ്രാപിക്കും.പലാശം,ബില്വം,ഖദിരം,ശമി,പാൽവൃക്ഷങ്ങൾ,വികങ്കതം.ആരഗ്വധം,കരവീരപുഷ്പം,കുമുദം,പത്മം കൽഹാരം ,അരുണോല്പലം,ജാതിപുഷ്പം,ദൂർവ്വ ഇവകൊ ണ്ട് നിത്യം അഷ്ടോത്തരശതം (ഓരോന്നിനും)ജപിച്ച് ഹോമിച്ചാൽ ആറുമാസം കൊണ്ടുതന്നെ സർവ്വകാമപ്രാപ്തി ഉണ്ടാവുമെന്നതിന് സംശയമില്ല.6 മാസം അഷ്ടോത്തരശതം പ്രതിപ്രതിപദം തുടങ്ങി ഇപ്രകാരം നിത്യഹോമം(കൃഷ്ണ,ശുക്ലപ്രതിപദംതൊട്ട്)ചെയ്യുന്നുവെന്നതിൽ,വികല്പമുണ്ടോ

ഒന്നുകൊണ്ട് നിത്യം അഷ്ടോത്തരശതം . പാൽമരം ഓരോന്നോരോന്നായി നാലെണ്ണം നാലുദിനം. അതുപോലെ പുഷ്പങ്ങൾ ഓരോന്നുകൊണ്ട് നിത്യം അഷ്ടോത്ത രശതം ഇപ്രകാരം നിത്യഹോമം. .7 സമിത്ത്, 7 പുഷ്പം,ഏകദൂർവ്വാ –ഇപ്രകാരം പഞ്ചദശദ്രവ്യം (15).15 ദ്രവ്യം കൊണ്ട് പ്രതിപദാദി പർവ്വപര്യന്തം പ്രതിദിനം ഏകൈകം ഉക്തസംഖ്യയാൽ ഹോമിക്കുന്ന പക്ഷം ഓരോ പക്ഷം കൊണ്ടുതന്നെ ഷണ്മാസപൂർത്തി ലഭിക്കുന്നു. പ്രതിപദത്തിൽ 15 ദ്രവ്യം ഓരോന്നിനും പ്രത്യേകം അഷ്ടോത്തരശതസംഖ്യ വീതം പ്രത്യേക പൂജാഹോമം.ഇപ്രകാരം നിത്യഹോമവിധി,പ്രത്യേകഹോമവിധി ഇവ തമ്മിൽ വികല്പമില്ല.

116.ഉത്തിഷ്ഠപുരുഷബ്രൂയാദ്വരിപിംഗലതത് പരം
ലോഹിതാക്ഷപദം ദേഹി മേ ദദാപയ ഠദ്വയം
117 ചതുർവ്വിംശത്യക്ഷരാത്മാ സമൃദ്ധിമനുരീരിതഃ
വിദധീതഷഡംഗാനി ജാതിയുക്താനി മന്ത്രവിത്
119.സ്വർണ്ണാശ്വത്ഥവിനിർഗ്ഗതം ഹുതവഹം സിന്ദൂരപുഞ്ജപ്രഭം
ജ്വാലാഭിർനിചിതാംഗരോമനിചയം കാന്ത്യാ ജഗന്മോഹനം
അശ്വാകാരമനർഘരത്നവിലസദ് ഭൂഷാലസദ്കന്ധരം
രത്നൈരിന്ദ്രിയനിർഗ്ഗതൈർവസുമതീമാഛാദയന്തം സ്മരേത്.

സംസ്കൃതഭാഷ്യം

ഉരഗാഗ്നിമന്ത്രമാഹ ഉത്തിഷ്ഠതി.ഠദ്വയം സ്വാഹാ. സമൃദ്ധിമനുരിത്യനേന

വിനിയോഗോക്തിഃ മന്ത്രസ്ഥവിലോബീജാനിസ്വരാഃശക്തയഃ പ്രണവോ ബീജം സ്വാഹാ ശക്തിരിതി പത്മാദ്യ പാദാചാര്യഃ പ്രണവാദ്യ ഇതികേചിത്. നൃസിംഹബീജാദ്യഇതി അന്യേ. ലക്ഷ്മീബീജാദ്യ ഇത്യപരേ. മൃത്യുഞ്ജയാദ്യ ഇത്യപി കേചന. പ്രയോഗേ ദേഹി മേ ഏതത് പൂർവ്വം സാദ്ധ്യയോഗോപി ജ്ഞേയഃഭൃതൈരിതി പഞ്ചഭിഃ കരണൈർശ്ചതുർഭിഃ പ്രയോഗസാര നാരായണീയയോഃ ലോഹിതാക്ഷമേപദദ്വയാതിരിക്തഃപ്രണവാദിർവിംശത്യക്ഷര ഏവോദ്ധൃതഃ തദുക്തം- ഉത്തിഷ്ഠപുരുഷേത്യുക്ത്വാ ഹരിപിംഗലദേഹ്യഥ ദദാപയേതി താരാദിഃസ്വാഹാന്തോ മന്ത്ര ഈരിതഃ ഇതി. ചതുസ്ത്രീഷഡ്ഭി യുഗൈർവർണ്ണൈശ്ചാംഗം പുരോദിതം ഇതി. തുരഗാഗ്നിധ്യാനമാഹ സ്വർണ്ണേതി.

മലയാളം ഭാഷ്യം

തുരഗാഗ്നിമന്ത്രം

ഉത്തിഷ്ഠ പുരുഷ എന്ന് സംബോധന ചെയ്ത് , ഉത്തിഷ്ഠ പുരുഷ ഹരിപിംഗല ലോഹിതാക്ഷ, ദേഹി മേ ദദാപയ സ്വാഹാ എന്ന് ധ്യാനിക്കുക.24 അക്ഷരമുള്ള ഈ മന്ത്രം സമൃദ്ധി ഉണ്ടാക്കുന്നു ഋഷ്യാദി മുമ്പുപറഞ്ഞു. ഷഡ്ഭൃതം, ത്രികരണം, നാലു യുഗളം,വർണ്ണമൂലമന്ത്രസമുദ്ഭവമായി ഷഡംഗങ്ങളില് ന്യാസം. വിനിയോഗോക്തി സമൃദ്ധി.

ധ്യാനം- സ്വർണ്ണാശ്വത്ഥത്തിൽനിന്ന് വിനിർഗ്ഗമിച്ചതും ഹുതവഹവും സിന്ദൂരപുഞ്ജപ്രഭവും ജ്വാലകളാകുന്ന രോമങ്ങളാൽ അംഗം മൂടി കാന്തിയാല് ജഗന്മോഹനവും അശ്വരൂപവും അനർഘരത്ന വിലസത്ഭൂഷണങ്ങള് കഴുത്തിലണിഞ്ഞതും ഇന്ദ്രിയങ്ങളിൽനിന്ന് നിർഗ്ഗതമായ അനർഘരത്നങ്ങളാൽ വസുമതിയ(ഭൂമി) ആഛാദനം ചെയ്തതുമായി സൂര്യരൂപധ്യാനം. പ്രണവം ബീജം.സ്വാഹാ ശക്തി എന്ന് പത്മപാദാചാര്യർ. നൃസിംഹബീജാദ്യം എന്ന് ചിലരും ലക്ഷ്മീബീജമെന്ന് ചിലരും മൃത്യുഞ്ജയമെന്ന് മറ്റു ചിലരും അഭിപ്രായപ്പെടുന്നതിനാൽ പ്രയോഗഭേദം കാണാം. ദേഹി എന്നുള്ളതിനാൽ സാദ്ധ്യയോഗത്തിനുള്ള പ്രാർത്ഥനയുണ്ട്. സൂര്യന്റെ നാലുവശവും നാലു സ്ത്രീകളുടെ രൂപത്തിൽ നാലു സുവർണ്ണസമുദ്രം. ആ സമുദ്രത്തിൽനിന്ന്

ഹരിപിംഗലദേഹത്തോടെ ഉയർന്ന് വരുന്ന അശ്വം അഥവാ മൺസൂ
ൺകാറ്റിന്റെ ശക്തിയായിട്ടാണ് സൂര്യന്റെ തുരഗാഗ്നിധ്യാനം.
120.ലക്ഷം മനും ജപേധ്യാനം പയോന്നേന സമർപ്പിഷാ
ദശാംശം ജുഹുയാദന്നൌ തുരഗാഗ്നിമനുംസ്മരൻ.
121. പീഠേ പ്രാഗീരിതേഭ്യർച്ചേത്തദംഗൈർമൂർത്തിഭിഃസഹ
ആശാപാലൈസ്തദീയാസ്ത്രൈരർച്ചയേദ്വയവാഹനം
122. പ്രാതഃസ്നാനരതോ മന്ത്രീസഹസ്രം യോ ജപേന്മനും
ജിത്വാ രോഗാൻ സുകം ജീവേത് ശ്രിയാ വർഷശതം നരാഃ
123.ഹ്വത് പ്രമാണേ ജലേസ്ഥിത്വാ ഭാനുമാലോക്യസംയതഃ
ചതുഃസഹസ്രം പ്രജപേന്നിത്യം സംവത്സരാവധി
124. അപമൃത്യുഭയം രോഗകൃത്യാദാരിദ്ര്യസംഭവാന്
ക്ലേശാണിർജ്ജിത്യതേജസ്വീ ജീവേദ്വർഷശതം സുധീഃ
125.കൃതികായാം പ്രതിപദി ശാലിഹോമോധനപ്രദഃ
ദധ്ന ശമീസമിദ്ഭിർവ്വാ പ്രതിപത് സുഭവേദ്വനം
126.ഇഷ്ടാവാപ്തിർഭവേദാജ്യൈഃപത്മൈഃഗ്രാമമവാപ്നുയാത്
തൈ(തി)ലൈർജ്യോതിഷ്മതീഭൂതൈഃരിപുരാജ്യം ജയേന്നൃപഃ
127.അശ്വത്ഥസമിധോമേഷീഘൃതാക്താ ജുഹുയാന്നരഃ
കന്യാമിഷ്ടാമവാപ്നോതി സാപിതംപ്രാപ്നുയാത് പതിം.
128. ശുദ്ധാജ്യേന കൃതോ ഹോമോ ജ്വരനാശകരഃസ്മൃതഃ
സപ്താഹം ജുഹുയാൻ മന്ത്രീ ബന്ധൂകകുസുമൈഃശുഭൈഃ
129. സാഗ്രം സഹസ്രമചിരാൻ മഹതീം ശ്രിയമശ്നുതേ
മാസം ക്ഷീരേണ ഗവ്യേന ക്ഷീരാഹാരോ ജിതേന്ദ്രിയഃ
130.സഹസ്രം ജുഹുയാൻ മന്ത്രീ സമ്പദാമധിപോ ഭവേത്
ആജ്യാക്തദൂർവ്വാഹോമേന ജീവേദ്വർഷശതം നരഃ
131. അഷ്ടോത്തരശതം നിത്യം ഹവിഷാ മൃഗമുദ്രയാ
ജുഹ്വതോ ജായതേ ലക്ഷ്മീർധനധാന്യസമൃദ്ധിദാ
132. പ്രതിമാസം പ്രതിപദി ജുഹുയാദന്വഹം സുധീഃ
ശ്രീർഭവേന്മഹതീ തസ്യ ഷണ്മാസാദനപായിനി.

133.അരുണൈരുത്പലൈഃഫുല്ലൈർ മധുരത്രയസംയുതൈഃ
ജുഹുയാദ് വത്സരാർദ്ധം യഃ സ ഭവേദിന്ദിരാപതിഃ
134. അരുണാജ്യൈസ്തിമധ്വർക്കൈർജ്ജുഹുയാദന്വഹം സുധീഃ
സഹസ്രം വത്സരാർദ്ധേന ഭവേദ് ഭൂമിപുരന്ദരഃ

സംസ്കൃതം ഭാഷ്യം

ലക്ഷം മന്ത്രം ജപേദിതി. തത്ര പ്രകാരോപേക്ഷിതാർത്ഥദ്യോതനികായാം .കൃത്തികാവിശാഖയോർമദ്ധ്യേ അഷ്ടമീചതുർദ്ദശീ വാ യദി ഭവതി തദാത്ര അഭിജിത്കാലേ പുരശ്ചരണമാരഭ്യ ശമീരക്തചന്ദനകരവീരകാണാം അന്യതമേനാഗ്നിപ്രതിമാം ആപാദ്യമൂലേനാവാഹനാദി വിസർഗ്ഗാന്തം കർമ്മകുർവ്വന് ത്രിഷവണസ്നായീ ത്രിസഹസ്രം ത്രിശതം ചതുസ്ത്രിംശദധികം നിത്യം ജപ്ത്വാ ഘൃതാഭിധാരിതശമീസമിദ്ഭിഃ താദൃക്പായസേന വാ തദർദ്ധം ജുഹുയാന് മാസം ഗുരോശ്ച ഗാമപി ദധ്യാത് സിദ്ധോഭവതി. ഉഭയോഃസന്ധയോർമദ്ധ്യാഹ്നേ വാ കരവീരപുഷ്പൈരർച്ചയേദിതി. പ്രാഗീരിതി ഇത്യവ്യവഹിതേ. തത്ര കല്പതരുസ്ഥാനേ സ്വർണ്ണാശ്വത്ഥഃ പൂജനീയഃ ധ്യാനേ തദോക്തേ. മൃഗമുദ്രയേതി. മൃഗമുദ്രാലക്ഷണം തു-മിലിത്വാനാമികാംഗുഷ്ഠമദ്ധ്യമാഗ്രാണി യോജയേത്
ശിഷ്ടാംഗുല്യുഛൃതേ കുര്യാൻ മൃഗമുദ്രേയമീരിതാ ഇതി.

മലയാളം ഭാഷ്യം

ലക്ഷം ജപം പാലും അന്നവും സമർപ്പിച്ച് ദശാംശം ആഹുതി ,പീഠം,അംഗം, മൂർത്തി,ദിക്പാലർ,ആയുധങ്ങൾ ഇവയുടെ പൂജ മുമ്പ് പറഞ്ഞപോലെ . ലോകപാലരുടെ ദ്വയവാഹനം ആയി രണ്ട് അശ്വികളെ അർച്ചിക്കുന്നു. (രണ്ട് കാലവർഷക്കാറ്റുകളെന്ന അശ്വിനികളെ). രാവിലെ കുളിച്ച് നിത്യവും സഹസ്രജപം ചെയ്താൽ രോഗങ്ങളെ ജയിച്ച് സുഖമായി ശ്രീയോടുകൂടി 100 വർഷം ജീവിക്കും. ഹൃദയംവരെ നദീജലത്തിൽ മുങ്ങിക്കിടന്ന് , ഉദിക്കുന്ന സൂര്യനെ നോക്കി, സംയതചിത്തനായി 4000 പ്രാവശ്യം ഒരു വർഷകാലം ജപിച്ചാൽ അപമൃത്യുഭയം,രോഗം,കൃത്യ,ദാരിദ്ര്യം,ക്ലേശം ഇവ നശിച്ച് തേജസ്വിയായി ശതായുസ്സായി ജീവിക്കും. കൃത്തികക്ക് പ്രതിപദത്തിൽ ശാലി ഹോമം ധനപ്രദം. ശമീസമിത്തിൽ അധ്വനം പ്രതിപദത്തില് ചെയ്താല്

ഇഷ്ടാപ്തി. ആജ്യവും പത്മവും കൊണ്ട് ചെയ്താൽ ഗ്രാമം കിട്ടും.തിലം കൊണ്ട് നൃപന്മാർക്ക് രിപുരാജ്യജയം ഫലം. അശ്വത്ഥസമിത്തിൽ ആട്ടിൻപാലിൽനിന്നെടുത്ത നെയ്യ് ഹോമിച്ചാല് ഇഷ്ടകന്യകാലബ്ധി,ഇഷ്ടപതിപ്രാപ്തി. ശുദ്ധമായ ആജ്യം ഹോമിച്ചാൽ ജ്വരനാശം. 7 ദിവസം ചെമ്പരത്തിപ്പൂ ഹോമിച്ചാൽ (അഗ്രത്തോട്ടു കൂടിയ 1000 എണ്ണം)മഹത്തായ ശ്രീ. ഒരുമാസം ക്ഷീരാഹാരം മാത്രം കഴിച്ച് ജിതേന്ദ്രിയനായി ക്ഷീരവും ഗവ്യവും ഹോമിച്ച് (1000)സർവ്വസമ്പദാധിപത്യം.ആജ്യം ദൂർവ്വയോട്ടുകൂടി , 100 വർഷം ആയുസ്സ്. ഹവിസ്സ് മൃഗമുദ്രയോട്ടുകൂടി അഷ്ടോത്തരശതം ഹോമിച്ച് ധനധാന്യസമൃദ്ധിദമായ ലക്ഷ്മി ലഭിക്കുന്നു.പ്രതിമാസം പ്രതിപദം അയുതം നെയ്യ് മഹത്തായ ശ്രീ ലഭിക്കാനായി ഹോമിക്കുന്നു. ആറുമാസം ഇങ്ങനെ ചെയ്താൽ ആ മഹത്തായ ശ്രീ അനപായിനിയായി ശാശ്വതമായി നിലനിൽക്കും. ചുവന്നതും വിടർന്നതുമായ ഉല്പലവും ത്രിമധുരവും 6 മാസം ഹോമിച്ചാല് ഇന്ദിരാപതിയാവും. അരുണമായ ആജ്യം ,ത്രിമധുരം,സഹസ്രഹോമെ ഇവ 6 മാസം ചെയ്താല് ഭൂമിയിലെ ഇന്ദ്രനാവും. ലക്ഷജപത്തിന് അപേക്ഷിതാർത്ഥദ്യോതനികയില് പറയുന്ന പ്രകാരം- കാർത്തികക്കും വിശാഖത്തിനും ഇടയിൽ വരുന്ന അഷ്ടമി,ചതുർദ്ദശികളില് അഭിജിത് മുഹൂർത്തകാലത്ത് പുരശ്ചരണം ആരംഭിക്കുക. ശമി,രക്തചന്ദനം,കരവീരം മുതലായവയാൽ അഗ്നിപ്രതിമ ഉണ്ടാക്കി ആപാദ്യമൂലമന്ത്രാദികളാല് ആവാഹനാദിവിസർഗ്ഗാന്തം കർമ്മങ്ങള് ചെയ്യണം. ത്രിസവനം കുളിച്ച് ത്രിസഹസ്രം ത്രിശതം , ചതുസ്ത്രിംശദധികമെന്ന് നിത്യം ജപിച്ച് നെയ്യ് ശമീസമിത്തിൽ ഹോമിക്കണം. അതിന്റെ പകുതി പായസം ഹോമം ചെയ്ത് ഗുരുവിനെ സന്തുഷ്ടനാക്കിയാൽ സിദ്ധനാവും. ഉഭയങ്ങളുടെ സന്ധിയായ മദ്ധ്യാഹ്നത്തിലും (മറ്റു രണ്ടു സന്ധ്യകൾക്കു പുറമേ)കരവീരപുഷ്പാർച്ചന ചെയ്യണം. കല്പതരുവിന്റെ സ്ഥാനത്ത് ഇവിടെ സ്വർണ്ണാശ്വത്ഥമാണ് പൂജിക്കപ്പെടുന്നത്.
മൃഗമുദ്രാലക്ഷണം-മോതിരവിരൽ,തള്ളവിരൽ,നടുവിരൽ അറ്റം കൂട്ടിപ്പിടിക്കുക. മറ്റു രണ്ടു വിരലും ഉയർത്തിപ്പിടിക്കുക.

135..വത്സരംജുഹ്വതസ്തസ്യ ലക്ഷ്മീരിന്ദ്രേണ വാഞ്ഛിതാ
ജുഹ്വയാദമൃതാഖണ്ഡൈഃപ്രയോക്തൈഃസപ്തവാസരം

136.ത്രിസഹസ്രം പ്രതിദിനം മന്ത്രവിദ് വിജിതേന്ദ്രിയഃ
കൃത്യാദ്രോഹജ്വരോന്മാദരോഗാൻജിത്വാ നിരന്തരം
137.ജൈവേദ്വർഷശതം ഭൂത്വാ തേജസാ ഭാസ്കരപ്രഭഃ
കരവീരജവാബില്വപലാശനൃപഭൃരുഹാം
138.പ്രസൂനൈഃകുമുദൈഃഫുല്ലൈഃകുരണ്ടൈർജാതിസംഭവൈഃ
പുഷ്പൈർഹുത്വാ ത്രിമധ്വക്തൈർമന്ത്രീ പ്രതിപദം പ്രതി
139. പ്രാപ്നുയാൻ മഹതീം ലക്ഷ്മീം വത്സരാദ്വാഞ്ഛിതാധികാം
ആദായ തണ്ഡുലപ്രസ്ഥം നിർമ്മലം സാധുശോധിതം
140 ഗോദുഗ്ദ്ധേന ഹവിഃകൃത്വാ കവലം തേന കല്പയേത്
ആജ്യാക്തം തത് സമാദായ പൂജിതേ ഹവ്യവാഹനേ

സംസ്കൃതഭാഷ്യം

അമൃതാ ഗുഡൂചീ. നൃപഭൃരുട് രാജവൃക്ഷഃ. ഹുത്വേതി പ്രത്യേകം .ഏകൈകശഃശതമിതി ആചാര്യോക്തേഃ ഗോദുഗ്ദ്ധേനേതി രക്തവർണ്ണഗോദുഗ്ദ്ധേന.തദുക്തം പ്രയോഗസാരേ-
ശാലേയൈസ്തന്ദുലൈഃപ്രസ്ഥൈഃശോണഗോക്ഷീരസാധികം ഹവിഃപിഷ്ടം ഘൃതാക്തം തു ജുഹുയാദാജ്യമിശ്രിതം ഇതി.

മലയാളം ഭാഷ്യം

ഒരു വർഷകാലം ഹോമിച്ചവന്റെ ലക്ഷ്മിയെ ഇന്ദ്രനും കൂടി മോഹിക്കും. അമൃതവണ്ഡം 3000 കൊണ്ട് പ്രതിദിനം 7 ദിനം ഹോമിച്ചാല് കൃത്യാദ്രോഹം, ജ്വരം,രോഗം ,ഉന്മാദം ഇവയെ നിരന്തരമായി ജയിച്ച് 100 വർഷം തേജസ്വിയായി സൂര്യപ്രഭയോടെ ജീവിക്കും. കരവീരം,ചെമ്പരത്തി,ബില്വം, പലാശം,രാജവൃക്ഷം,ഇവയുടെ പൂക്കൾ, വിടർന്ന കുമുദം,കുരണ്ഡം,ജാതി ഇവ ത്രിമധുരത്തോടെ പ്രതിപദം തോറും ഹോമിച്ചാൽ മഹതിയായ ലക്ഷ്മിയെ പ്രാപിക്കും.തണ്ഡൂലം ഒരുപറ ശുദ്ധമായ പശുവിൻപാലില് ഹവിസ്സായി പചിച്ച് , അതിന്റെ കബലം(ഉരുള)കൊണ്ട് ഒരു വർഷം ഹോമിച്ചാല് ആഗ്രഹിച്ചതിലും അധികം മഹതിയായ ലക്ഷ്മീപ്രാപ്തി. അമൃതവണ്ഡം എന്നാൽ ഗുഡൂചിക്കണ്ഡം.ആചാര്യൻ ചുവന്ന പശുവിന്റെ ശുദ്ധമായ

പാലിലെന്ന് ഒരു വിശേഷണം പറഞ്ഞിട്ടുണ്ട്. പ്രയോഗസാര ത്തിൽ ശോണഗോക്ഷീരമെന്ന് കാണുക.

141. ഗന്ധപുഷ്പാദിഭിഃസമ്യഗ് ജപിത്വാഷ്ടോത്തരം ശതം
ജുഹുയാത് പ്രതിപദ്യഗ്നിം ധ്യാത്വാ തുരഗവിഗ്രഹം

142. ജായതേ വത്സരാദർവ്വാഗ്ലക്ഷ്മീസ്ത്രൈലോക്യമോഹിനീ
മന്ത്രേണാനേന സഞ്ജപ്താം വചാം സ്വാദേദ്ദിനാഗമേ

143 ഭാരതീ നിവസേത്തസ്യ മുഖാംബോജേ വിനിശ്ചലാ
അഷ്ടോത്തരശതം ജപ്തം പ്രാതഃപിബേന്നരഃ

സംസ്കൃതഭാഷ്യം

സമ്യക് ജപിത്വേതി ലക്ഷ്മീബീജാദ്യമിത്ുക്തം.
കവലഹോമാനന്തരമഷ്ടോത്തരം സഹസ്രം വാ ശതം വാ ഘൃതേന ജുഹുയാദിതി അപേക്ഷിതാർത്ഥജ്യോതനികാകാര ആഹ സ്മ.

മലയാളം ഭാഷ്യം

ഗന്ധപുഷ്പാദി സമ്യക്കായി അഷ്ടോത്തരശതം ജപിച്ച് തുരഗവിഗ്രഹം ധ്യാനിച്ച് പ്രതിപദത്തിൽ അഗ്നിയില് ഹോമിക്കുക. ഒരു വത്സരം കൊണ്ട് ത്രൈലോക്യമോഹിനിയായ ലക്ഷ്മി ജനിക്കും. പ്രബാതത്തിൽ,അപ്രകാരം ജപിക്കുന്നവന്റെ മുഖത്ത് ഭാരതീദേവി നിത്യവാസം ചെയ്യും. അഷ്ടോത്തര ശതം ജപിച്ച ജലം നിത്യവും പ്രഭാതത്തിൽ പാനം ചെയ്ത് ലക്ഷ്മീബീജത്തോടെ സമ്യക്കായി ജപിച്ച് മുമ്പ് പറഞ്ഞ കവലഹോമം(തണ്ഡൂലം ചുവന്ന പശുവിൻപാലില് പചിച്ച ഉരുള) ചെയ്ത് അഷ്ടോത്തരസഹസ്രമോ ശതമോ ഘൃതം ഹോമിച്ചാൽ ലക്ഷ്മി മാത്രമല്ല, ഭാരതിയും അചഞ്ചലയായി സാധകരിൽ കുടികൊള്ളും.

144 കൃത്വാ നവപദാത്മാനം മണ്ഡലം പ്രാഗുദീരിതം
കലശാന്നവകല്യാണാൻ സ്ഥാപയേത് പ്രോക്തവർമ്മനാ

145.ക്ഷീരവൃക്ഷത്വഗുദ്ഭൂതൈഃക്വാഥൈസ്ഥാന് പൂരയേത് ക്രമാത്
വസ്ത്രാദിഭിരലംകൃത്യ നവരത്നാനി നിക്,ിപേത്

146 മദ്ധ്യേ സംപൂജ്യയേദഗ്നിം മൂർത്തിരഷ്ടൌ ദിസാംക്രമാത്
കുംഭേഷു ഗന്ധപുഷ്പാദ്യൈർധൂപദീപൈർമനോഹരൈഃ

147. സ്പൃഷ്ട്വാ ജപേത്തതഃകുംഭാൻ മന്ത്രമഷ്ടോത്തരം ശതം
അഭിഷിഞ്ചേത്തതഃസാദ്ധ്യം വിനീതം ദത്തദക്ഷിണം
148. ജ്വരഗ്രഹമഹാരോഗദാരിദ്ര്യാദീൻ വിജിത്യ സഃ
ജീവേദ്വർഷശതം സമ്യഗഭിഷിക്തഃശ്രിയാ സഹഃ
ഇതി ശ്രീശാരദാതിലകേ ചതുർദ്ദശഃപടലഃ

സംസ്കൃതഭാഷ്യം

നവപദാത്മാനം നവനാഭം. പ്രാഗിതി തൃതീയേ. പ്രോക്തവർത്മനാ ഷഷ്ഠപട ലോക്തരീത്യാ. ഇതി ശ്രീശാരദാതിലകടീകായാം സത്സമ്പ്രദായകൃത വ്യാഖ്യായാം പദാർത്ഥാദർശാഭിഖ്യായാം ചതുർദ്ദശപടലഃ

മലയാളം ഭാഷ്യം

നവപദത്തോടുകൂടി മുമ്പുപറഞ്ഞ പോലെ മണ്ഡലം രചിക്കുക .പുതിയതും മംഗളകരവുമായ കലശം 9 എണ്ണം കവചത്തോടെ സ്ഥാപിക്കുക. നാല്പാമ രവെള്ളം നിറക്കുക. വസ്ത്രാദികളാൽ അലങ്കരിച്ച് നവരത്നം നിക്ഷേപിക്കുക. നടുവിൽ അഗ്നി, അഷ്ടദിശകളിൽ ക്രമത്തിൽ അഷ്ടമൂർത്തികൾ, പൂജിക്കപ്പെ ടണം. ഗന്ധപുഷ്പധൂപദീപാദികൾ കുംഭത്തില് സമർപ്പിച്ച്, തൊട്ടിരുന്നു അഷ്ടോത്തരശതം മന്ത്രം ജപിച്ച് ആ ജലത്താൽ അഭിഷേകം ചെയ്യുക. ഗുരുവിന് ദക്ഷിണ നൽകുക. ആ ജലം കൊണ്ട് അഭിഷേകം ചെയ്യപ്പെട്ട വന്റെ ജ്വരഗ്രഹമഹാരോഗാദികൾ ,ദാരിദ്ര്യം, ഇവയെല്ലാം നീങ്ങുന്നു. അഭിഷിക്തന് ശ്രീയോടും ആരോഗ്യത്തോടും കൂടി നൂറുവർഷം ജീവിച്ചിരി ക്കുന്നു.

Filename:	സൌരം.docx
Directory:	C:\Users\user\Documents
Template:	C:\Users\user\AppData\Roaming\Microsoft\Templates\Normal.dotm
Title:	
Subject:	
Author:	SRI
Keywords:	
Comments:	
Creation Date:	8/22/2018 12:19:00 PM
Change Number:	46
Last Saved On:	5/12/2020 8:21:00 AM
Last Saved By:	user
Total Editing Time:	1,241 Minutes
Last Printed On:	5/12/2020 8:21:00 AM
As of Last Complete Printing	
Number of Pages:	66
Number of Words:	13,658 (approx.)
Number of Characters:	77,851 (approx.)